Phone No. 2972

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | ഒക്ടോബർ 1953 | ലക്കം 10

## വിഷയവിവരം

*

പുറം

1. പത്രാധിപവീഥി 1
   ഒറിയൻറൽ കോൺഫറൻസ് ....
   ഒന്നാം പഞ്ചവത്സരപദ്ധതി ....
2. വള്ളത്തോൾ നാരായണമേനോൻ .... 5
   എം. ആർ. ബാലകൃഷ്ണവാരിയർ
3. കൊല്ലവർഷാരംഭത്തിലെ ഭാഷ .... 12
   ഇളങ്കുളം പി. എൻ. കുഞ്ഞൻപിള്ള
4. ഗ്രന്ഥകാരൻ വിപ്ലവം സൃഷ്ടിക്കുന്നു! ... 21
   പി. കെ. ഗോവിന്ദൻകുട്ടി
5. ബാലസാഹിത്യ രചന .... .... 24
   മാത്യൂ. എം. കുഴിവേലി
6. ആ വിശേഷാത്തരനായ കഥാകാരൻ .... 27
   മാടശ്ശേരി മാധവവാരിയർ
7. ഇംഗ്ലീഷ് വാർഷികഗ്രന്ഥങ്ങൾ .... 30
   എം. തോമസ്സ്
8. ഗ്രന്ഥനിരീക്ഷണം .... .... 34
   i വ്യക്തിയിൽനിന്ന പൗരനിലേക്ക് ii മുന്തിരിക്കുല
   iii എക്സ്റേ iv ചൂഷണം v ആത്മാരാമം
   ബി. പത്മനാഭപിള്ള
9. പത്രാധിപർക്ക് ഒരു കത്ത് .... 39
   പി. ആർ. ദാസ് & എസ്. പരമേശ്വരൻ
10. തിരു-കൊച്ചി ഗ്രന്ഥശാലാസംഘം .... 41
11. ഗ്രന്ഥശാലാവാർത്തകൾ .... .... 43



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒരുപ്രതി അണ 8.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.
ടി 2. ശ്രീ. ഏ. അച്യുതൻ ബി. ഏ. ബി. എൽ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)

,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്‌സി. (ട്രഷറർ)

,, സി. ശങ്കർ

,, കെ. ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)

,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.

,, ഡി. കൃഷ്ണൻപോററി ബി. ഏ.

,, കെ. ജനാർദ്ദനക്കുറുപ്പ്

,, സി. കെ. മാണി ബി. ഏ., ബി. എൽ.

,, എൻ. പി. വർഗ്ഗീസ്
ബി. ഏ., ബി. എൽ., (പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)

,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)

,, സി. ഈ. സൈമൺ ബി. ഏ.

,, പി. വി. കൃഷ്ണൻനായർ എം. ഏ.

,, വി ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ.,

,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.

,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.

,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.

,, എസ്. ഗുപ്തൻനായർ എം. ഏ.


---


# ഗ്രന്ഥാലോകം വാർഷികപ്പതിപ്പ്

1954 ജനുവരി 26-ാംനു- പ്രസിദ്ധം ചെയ്യുന്നു.

പരസ്യങ്ങൾക്ക് ഉത്തമമായ രംഗം!

നിരക്കുകൾക്കും മററു വിവരങ്ങൾക്കും ഉടൻ എഴുതുക.

## 1953 നവംബർ 20-ാംനു-ക്കു മുമ്പ് ഞങ്ങൾക്കു കിട്ടുന്ന പരസ്യങ്ങൾക്ക് പ്രത്യേകം കുറവുചെയ്ത നിരക്ക്

വിശേഷാൽ പതിപ്പിന് ലേഖനങ്ങൾ, കഥകൾ, കവിതകൾ
മുതലായവ അയക്കുന്നവർ അവ നവംബർ 30-ാംനു- ക്കു
മുമ്പ് ഇവിടെ കിട്ടത്തക്കവിധം അയച്ചിരിക്കണം.

നല്ല ലേഖനങ്ങൾ കഥകൾ മുതലായവയ്ക്കു പ്രതിഫലം കൊടുക്കുന്നതാണ്.

പത്രാധിപർ—ഗ്രന്ഥാലോകം—തിരുവനന്തപുരം 4.

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിററർ: പി. ശ്രീധരൻപിള്ള.

| വാല്യം 5 | അക്ടോബർ 1953 | ലക്കം 10 |
|---|---|---|

# പത്രാധിപവീഥി

## ഓറിയൻറൽ കോൺഫറൻസ്

അഖിലേന്ത്യാ ഓറിയൻറൽ കോൺഫറൻസിൻെറ പതിനേഴാമതുയോഗം ഈ ഒക്ടോബർ 30 ാംനു- അഹമ്മദാബാദിൽ സമ്മേളിച്ചിരിക്കുന്നു. പടിഞ്ഞാറേ ബംഗാൾ കൗൺസിൽ ചെയർമാൻ ഡാക്ടർ സുനീതികുമാർ ചാറററ്ജിയാണ് സമ്മേളനാദ്ധ്യക്ഷൻ. ആദ്യദിവസത്തെ പരിപാടികൾ ഉദ്ഘാടനം ചെയ്തതു് ഇൻഡ്യൻപാർല്യമെൻറ് സ്പീക്കർ ശ്രീ. ജീ. വി. മവ്ലങ്കരായിരുന്നു. അദ്ദേഹം ആസേതുഹിമാചലപര്യന്തം ഇന്ത്യയിൽ കണ്ടുമുട്ടാവുന്ന വൈവിദ്ധ്യങ്ങളുടെ മദ്ധ്യത്തൽ നമുക്ക് മൗലികമായ ഒരു ഒരുമയുണ്ടെന്നും നമുക്കു പൊതുവായുള്ള സംസ്കാരവും വിജ്ഞാനവുമാണതെന്നും ചൂണ്ടിക്കാണിച്ചു. ഈ സംസ്കാരവിജ്ഞാനങ്ങളെ പ്രാദേശിക ഭാഷകൾ മുഖാന്തിരം സാമാന്യ ജനങ്ങൾക്കു പ്രാപ്യമാക്കുകയത്രേ പണ്ഡിതന്മാർ ചെയ്യേണ്ടതെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇൻഡ്യയുടെ മൗലികമായ ഏകത്വം അന്യോന്യ ഭിന്നങ്ങളായ പ്രാദേശിക ഭാഷകൾ വഴിയായി ബഹുജനത്തിന്നു വിശദമാക്കിക്കൊടുക്കണമെന്നുണ്ടെങ്കിൽ അക്കാര്യത്തിന്നു സംസ്കൃത ഭാഷയെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഓറിയൻറൽ കോൺഫറൻസ് പോലെയുള്ള സമ്മേളനങ്ങളുടെ പ്രസക്തിയും പ്രയോജനവും ഇപ്രകാരമുള്ള ഏകീകരണ യത്നങ്ങളിൽ അധിഷ്ഠിതമാണെന്നും സ്പഷ്ടമാണല്ലോ.

1919ൽ ബ്രിട്ടീഷുഭരണകാലത്താണ് ആദ്യമായി ഈ കോൺഫറൻസ് സംഘടിപ്പിക്കപ്പെട്ടതു്. പ്രാചീനഭാരതചരിത്രം സംസ്കാരം, ഇവയേയും സംസ്കൃതജന്യങ്ങളായ വിജ്ഞാനശാഖകളേയും നിഷ്കർഷയോടെ പഠിപ്പാനും അവയിൽ ഗവേഷണങ്ങൾ നടത്തുവാനുമുള്ള ഉദ്ദേശത്തോടെയായിരുന്നു ഇതിൻെറ ആവിർഭാവം. തുടക്കം മുതൽക്കുതന്നെ ഭരണാധികാരികൾ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചിരുന്നു എങ്കിലും, ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചശേഷം കോൺഫറൻസിൻെറ നിലയും വിലയും വളരെ സംപുഷ്ടമായിത്തീർന്നിട്ടുണ്ടു് എന്നു നിർവിവാദമാണ്. യൂണിയനിലെ എല്ലാ സ്റ്റേററുകളിൽനിന്നും, പുറം രാജ്യങ്ങളിൽനിന്നും 400ൽ പരം പ്രതിനിധികൾ ഇത്തവണത്തെ കോൺഫറൻസിൽ സംബന്ധിച്ചിരുന്നതായി കാണുന്നു. (നമ്മുടെ പ്രതിനിധികളായി, തിരുവിതാംകൂർ സർവ്വകലാശാല നിയമിച്ചയച്ചിട്ടുള്ളതു് ശ്രീ. എൻ. ഗോപാലപിള്ള ശ്രീ ഇളങ്കുളം കുഞ്ഞൻപിള്ള എന്നിവരെയാണെന്നും ഇവിടെ പ്രസ്താവ്യമാണ്.) മൂന്നുദിവസം നീണ്ടുനില്ക്കുന്ന സമ്മേളനത്തിലെ ചർച്ചാവിഷയങ്ങൾ പതിനഞ്ചു പ്രത്യേക വകുപ്പുകളിൽ ഒതുങ്ങുന്നു. അവ, 1. വൈദികസാഹിത്യം 2. ഇറേനിയൻ സാഹിത്യം 3. ക്ലാസിക്കൽ സംസ്കൃതം 4. ഇസ്ലാമിക സംസ്കാരം 5. അറബിയും പേർഷ്യനും 6. പാലിയും

ബുദ്ധധർമ്മവും 7. പ്രാകൃതവും ജൈനമതവും, 8. ചരിത്രം 9. പുരാണവസ്തുഗവേഷണം 10. ഭാരതഭാഷാവിജ്ഞാനീയം 11. ദ്രാവിഡസംസ്കാരം 12. തത്ത്വശാസ്ത്രവും മതവും 13. ലളിതകലകളും സാങ്കേതിക ശാസ്ത്രങ്ങളും 14. രാജസ്ഥാനചരിത്രവും സംസ്കാരവും 15. ഗുജറാത്തി ചരിത്രവും സംസ്കാരവും - എന്നിങ്ങനെയാകുന്നു. ഇവയിൽ ഓരോ വകുപ്പിലും പ്രത്യേകം പ്രാവീണ്യം സിദ്ധിച്ച പണ്ഡിതന്മാർ ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തുന്നതിനു പുറമേ എല്ലാവർക്കും പൊതുവായി പല പ്രസംഗങ്ങളും, കലാപ്രകടനങ്ങളും ഉണ്ടായിരിക്കുന്നതുമാണു്.

ഇത്തവണത്തെ സമ്മേളനത്തിൽ ഗ്രന്ഥപ്രേമികളുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കത്തക്ക ഒരു സംഗതി കൂടിയുണ്ടു്. ഇതോടൊന്നിച്ചു് പുരാതന ഗ്രന്ഥങ്ങളുടെ ഒരു പ്രദർശനവും സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണതു്. ഇൻഡ്യയിലെ വ്യവസായ പ്രമുഖന്മാരിൽ പ്രസിദ്ധനായ ശ്രീ. കസ്തൂർബായ് ലാലുബായ് ആയിരുന്നു ഈ അപൂർവ്വ ഗ്രന്ഥപ്രദർശനത്തിന്റെ ഉദ്ഘാടകൻ. ഗുജറാത്തു്, സൗരാഷ്ട്രം, രാജസ്ഥാൻ എന്നീപ്രദേശങ്ങളിൽനിന്നു് ഇദംപ്രഥമമായി ശേഖരിക്കപ്പെട്ട ഈ ഗ്രന്ഥങ്ങളിൽ ഏറിയക്രമം ഭൂർജ്ജപത്രത്തിൽ എഴുതപ്പെട്ടിട്ടുള്ളവയാണു്. അവ ഇൻഡ്യൻഭാഷകളുടെ അക്ഷരങ്ങളുടെ വളർച്ചയും വികാസവും, പ്രാക്തനകാലം മുതല്ക്കുള്ള രൂപഭേദങ്ങളും മററും എടുത്തു കാട്ടുവാൻ പര്യാപ്തങ്ങളായിരിക്കുന്നു. കടലാസ്സിലും, തുണിയിലും, സ്വർണ്ണം വെള്ളി മുതലായ ലോഹങ്ങളുടെ തകിടുകളിൽപ്പോലും എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും ഈ ശേഖരത്തിൽ ഉൾപ്പെടുന്നുണ്ടത്രേ. ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യ വിഷയങ്ങൾ സാഹിത്യം, കല, തത്ത്വശാസ്ത്രം, ധർമ്മശാസ്ത്രം, ജ്യൗതിഷം, വാസ്തുവിദ്യ, ഭൈഷജ്യം തർക്കം, ചരിത്രം രാജ്യമീമാംസ മുതലായവയാണെന്നും കാണുന്നു. ക്രി. പി. 1060-ാമാണ്ടിൽ പകർത്തെഴുതപ്പെട്ടതും, ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്തതുമായ ഒരു ബൌദ്ധതർക്കശാസ്ത്രമാണു് ഇതിൽ ഏററവും പ്രാചീനവും അപൂർവ്വവുമായ ഗ്രന്ഥം. ഇതു മുഴുവനും തുണിയിലാണു് എഴുതപ്പെട്ടിരിക്കുന്നതു്. പശ്ചിമ ഇന്ത്യയിലെ പ്രശസ്ത പൗരാണിക ഗ്രന്ഥ പണ്ഡിതനായ പുണ്യവിജയ മുനിയാണത്രേ, ഈ പ്രദർശനത്തിന്റെ സംയോജകൻ.

സമ്മേളനത്തിന്റെ അദ്ധ്യക്ഷനായ ഡാക്ടർ സുനീതികുമാർ ചാററർജി ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ താരതമ്യപഠനം സുകരമാക്കുന്ന പുതിയ വ്യാകരണങ്ങൾ എല്ലാ ഭാരതീയ ഭാഷകളിലും ഉണ്ടാകേണ്ടതിന്റെ സ്പൃഹണീയതയേയും, നവീനവും ശാസ്ത്രീയവുമായ രീതിയിൽ രാജ്യവ്യാപകമായി ഒരു ഭാഷാശാസ്ത്രസർവ്വേ ആരംഭിക്കേണ്ടതിന്റെ അത്യാവശ്യകതയേയും കുറിച്ചു് ശക്തിപൂർവ്വം പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇൻഡ്യയെപ്പോലെ സാർവ്വലൗകിക വീക്ഷണം സാദ്ധ്യമായിട്ടുള്ള ഒരു ജനത ഈ ഭൂമുഖത്തിലില്ല. എന്തെന്നാൽ വർഗ്ഗങ്ങൾ തമ്മിലുള്ള സങ്കരം ഇത്ര ദീർഘമായ കാലഅളവിലും, എല്ലാ ഭിന്ന ഘടകങ്ങൾ തമ്മിലും സംഭവിച്ചിട്ടുള്ള പ്രദേശം വേറെ ഇല്ല. ഇങ്ങനെ നോക്കുമ്പോൾ 'വർഗ്ഗ സമരം' എന്ന സങ്കുചിതമായ അടിസ്ഥാനത്തിലല്ലാതെ 'സാർവ്വലൗകിക സാഹോദര്യം' എന്ന വിശാലമായ അടിസ്ഥാനത്തിൽ, ലോകത്തിലെ വർഗ്ഗങ്ങൾ തമ്മിൽ സഹകരിക്കുന്നതിനും അങ്ങനെ ശാശ്വത സമാധാനം കൈവരുത്തുന്നതിനും മുൻകൈ എടുക്കുവാൻ നൈസർഗ്ഗികമായിത്തന്നെ ഇൻഡ്യയ്ക്കു് കെല്പും, അഭിരുചിയുമുണ്ടെന്നു തെളിയുന്നു. ഈ നിഗമനം ശരിയെങ്കിൽ അതിന്നായുള്ള ഇൻഡ്യയുടെ യത്നങ്ങൾ പാഴിലാവില്ലെന്നു പ്രവചിക്കുവാനും സാദ്ധ്യതയുണ്ടല്ലോ.

രാഷ്ട്രത്തിന്റെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും, ശ്രീ മവ്ലങ്കർ നിർദ്ദേശിച്ച മാതിരിയുള്ള മൗലികമായ ഐക്യം കൂടുതൽ സാന്ദ്രവും സുദൃഢവുമാക്കുന്നതിനും, ഇതുമാതിരിയുള്ള സമ്മേളനങ്ങളും ചർച്ചകളും വളരെ ഉപകരിക്കുന്നതാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

എന്നാൽ സാംസ്കാരികമായ ഐക്യത്തെക്കാൾ വൈകാരികമായ ഐക്യമാണ് ഒരു രാഷ്ട്രത്തെ ഭദ്രമായും സുപ്രതിഷ്ഠിതമായും നിലനിർത്തുവാൻ പററുന്നതെന്നുള്ള വസ്തുത നാം വിസ്മരിച്ചുകൂടാ. ഇങ്ങനെ വൈകാരികമായ ഐക്യം സാധിച്ചു കിട്ടുവാൻ ഉപയോഗപ്പെടുത്താവുന്ന ഉപാധികളിൽ ഒന്ന്— പ്രധാനമായ ഒന്ന്—ആവാം ഈ സാംസ്കാരിക ഐക്യം. എന്നാൽ അതിനെ വൈകാരിക പരിധിയിൽ എത്തിക്കുന്നതിന്ന് പ്രഗല്ഭവും നിരന്തരവുമായ പ്രചരണം ആവശ്യമായിരിക്കുന്നു. അതിന്ന് നമ്മുടെ ഭരണമേധാവികളും, വിദ്യാഭ്യാസ ധുരന്ധരന്മാരും, രാഷ്ട്രീയ നേതാക്കളും ഒരുക്കമുണ്ടോ എന്നതാണ് സംഗതമായ പ്രശ്നം.

## 2 ഒന്നാം പഞ്ചവത്സരപദ്ധതി

ഇന്ത്യയുടെ ആദ്യത്തെ പഞ്ചവത്സരപദ്ധതി കേന്ദ്രഗവണ്മെന്റ് അംഗീകരിച്ചിട്ട് ഒരു വർഷം തികഞ്ഞു. ആ പദ്ധതിമുഴുവനുംതന്നെ ഇംഗ്ലീഷിൽ പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തതു് ഇക്കൊല്ലം ജാനുവരി മാസത്തിലുമായിരുന്നു. ഈ രാജ്യവാസികളുടെ ഭാവി ഭൂതിപരിപൂർണ്ണമാക്കാൻ രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള അതിപ്രധാനമായ ഒരു കർമ്മപരിപാടിയായി വേണം ഈ പദ്ധതിയെ നാം കരുതുവാൻ. എന്നാൽ മലയാളം മാത്രമറിയാവുന്ന ഈ സ്റ്റേററിലെ ബഹുഭൂരിപക്ഷം ജനങ്ങളെസ്സംബന്ധിച്ചേടത്തോളം ഇന്നും ഈ പദ്ധതിയുടെ ഏകദേശരൂപമെങ്കിലും അജ്ഞാതമോ അവ്യക്തമോ ആയിട്ടാണിരിക്കുന്നതു്. സ്റ്റേററുഗവണ്മെന്റ് പദ്ധതിയുടെ രത്നച്ചുരുക്കം ഒരു ലഘുപുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്നില്ല. എന്നാലതിന്റെ ആഭ്യന്തരവും ബാഹ്യവുമായ അനാകർഷകത്വവും അപര്യാപ്തതയും നിമിത്തം പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമാകാതെയും, പത്രനിരൂപണങ്ങൾക്കു വിധേയമാകാതെയും അതു് അപ്രസിദ്ധിയിൽ ലയിക്കുകയായിരുന്നു ഫലം.

സുപ്രധാനമായ ഈ പദ്ധതിയെ പ്രമാണമാക്കി നമ്മുടെ പത്രങ്ങളും പത്രഗ്രന്ഥങ്ങളും പേരിനുമാത്രമായുള്ള ചർച്ചകളും വിശദീകരണങ്ങളും നടത്തിയിട്ടുള്ളതേ ഉള്ളു എന്നും കാണുന്നു. എന്നാൽ ഇപ്പോൾ നാട്ടിന്റെ ചില ഭാഗങ്ങളിൽ സംഘടിക്കപ്പെട്ടുവരുന്ന കമ്മ്യൂണിററി പ്രോജക്ടുകൾ, നാഷണൽ എക്സ്റ്റൻഷൻ സർവീസസ് തുടങ്ങിയ സാമൂഹ്യവികസന സമ്പ്രദായങ്ങളുടെ പ്രവർത്തനഫലമായും മററും പൊതുജനങ്ങൾക്കു് സർവ്വപ്രധാനമായ ഈ പദ്ധതിയെപ്പററി കൂടുതൽ അറിയുന്നതിനുള്ള ആകാംക്ഷ ഉണ്ടായിത്തീർന്നിരിക്കയാണ്. ഗവർണ്മെന്റും, പ്രസംഗങ്ങൾ വഴിയും, സെമിനാർ മാതൃകയിലുള്ള പ്രഭാഷണങ്ങൾ സംഘടിപ്പിച്ചും ഈയിടെയായി ഇതിനെ സംബന്ധിച്ചുള്ള വിശദീകരണങ്ങളും പാഠങ്ങളും നല്കാൻ തുടങ്ങിയിട്ടുണ്ടു്.

അങ്ങിനെയിരിക്കെ, ഗ്രന്ഥാലോകം മുഖേന മഹത്തായ ഈ പദ്ധതിയുടെ സ്ഥൂലമായുള്ള ഒരു സ്വരൂപജ്ഞാനവും പ്രവർത്തനവിധങ്ങളും അതിന്റെ പരിധിയും വൈപുല്യവും എടുത്തു കാട്ടാൻ വേണ്ടിമാത്രമുള്ള കണക്കുകൾ സഹിതം മലയാളം വായനക്കാർക്കു സുഗ്രഹമാകത്തക്കവിധത്തിൽ പ്രതിപാദിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. പദ്ധതിയുടെ വിവിധവശങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം ജനസാമാന്യത്തിന്റെ അറിവിനായി ഇൻഡ്യാഗവർണ്മെന്റ് ഇംഗ്ലീഷിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഡെമി 8 ൽ 260 ൽപരം പേജുകളും പല പട്ടികകളും ഉൾപ്പെട്ടതാണീ പ്രസിദ്ധീകരണം. അതുപോലൊരു പുസ്തകം മലയാളത്തിലുണ്ടാവണമെങ്കിൽ അതി

നം ഗവർമ്മെൻറുതന്നെ മുൻകൈ എടുത്തു പ്രവർത്തിച്ചാലേ പററൂ. ഞങ്ങൾ ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു് അടുത്തമാസം (നവംബർ) മുതലുള്ള ഗ്രന്ഥാലോകം ഓരോലക്കത്തിലും പഞ്ചവത്സരപദ്ധതിയുടെ പ്രധാനഘടകങ്ങളെ ആസ്പദമാക്കിയുള്ള ഓരോ ലേഖനംവീതം പ്രസിദ്ധപ്പെടുത്തുക എന്നതാണു്. ഈ പദ്ധതി ഉദയംചെയ്തതു് 1952 നവംബറിലായിരുന്നു എന്നുള്ളതിനാൽ തികച്ചു് ഒരുവർഷം കഴിഞ്ഞതാണെങ്കിലും ഇതു സംബന്ധിച്ചുള്ള ഞങ്ങളുടെ എളിയ പരിശ്രമങ്ങൾ മലയാളം വായനക്കാൎക്കു് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും നല്കുവാൻ ഏറക്കുറെ പ്രയോജകീഭവിക്കുമെന്നും അത്യാവശ്യമായ ഒരു വിടവു നികത്തുവാൻ ഉതകുമെന്നും പ്രത്യാശിക്കുന്നു.

## ജോസഫ് മുണ്ടശ്ശേരി

### "കൊന്തയിൽനിന്നു് കുരിശിലേക്കു്"

മുന്നൂറിൽപരം പേജുള്ള ഒരു പുതിയ നോവൽ

ഒന്നാംലോകമഹായുദ്ധംതൊട്ടു് കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുവരെ ഉള്ള കാലഘട്ടത്തിൽ മദ്ധ്യകേരളത്തിൻെറ പടിഞ്ഞാറൻ കരയിൽ വന്നിട്ടുള്ള സാമൂഹ്യവും സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ പരിവൎത്തനത്തെ ചിത്രീകരിക്കുന്നതാണു് ഈ കൃതി. മതാതീത രാഷ്ട്രത്തിലെ ദൈവരാഷ്ട്രീയം ഈ നോവലിൽ വ്യക്തമായി കാണാം.

വില 2½ ഉറുപ്പിക.

തൃശ്ശൂർ മംഗളോദയം ബുക്കുസ്റ്റാളിലും, കോട്ടയം നാഷനൽബുക്കുസ്റ്റാളിലും കിട്ടുന്നതാണു്.

## ഗ്രന്ഥശാലകൾക്കുള്ള റിക്കാർഡുകൾ

തരു-കൊച്ചി ഗ്രന്ഥശാലാസംഘം അംഗീകരിച്ച മാതൃകയിലും സംഘത്തിൻെറ നിൎദ്ദേശമനുസരിച്ചും തയാറാക്കിയ എല്ലാത്തരം രജിസ്റ്ററുകളും ഫാറങ്ങളും വില്പനയ്ക്കു തയ്യാറുണ്ടു്. നല്ല കടലാസും ഉറപ്പായ ബൈൻറും—വിലയോ വളരെ മിതവും.

A അംഗരജിസ്റ്റർ, C പുസ്തകസ്റ്റോക്കുരജിസ്റ്റർ, G നാൾവഴി, E ഗ്രന്ഥവിതരണ രജിസ്റ്റർ, H പേരേട്ടു്, I ഇൻവേഡു്, J ഔട്ടുവേഡു്, എന്നിവ 1 ക്വയർബുക്കു് 1 ക 12 ണ. 2 ക്വ. 3 ക 8 ണ. 3 ക്വ. 5 ക. 4 ക്വ. (തുകൽബൈൻറു്) 7 ക. D വായനക്കാരുടെ രജിസ്റ്റർ, O ഗ്രന്ഥവിതരണരജിസ്റ്റർ-പേരേട്ടു്-ഇവ 1 ക്വയർ 1 ക 8 ണ. 2 ക്വ. 3 ക. 3 ക്വ. 4 ക 8 ണ. 4 ക്വ. തുകൽബൈൻറു് 6 ക. L അക്വിററൻസ്റോൾ, R ഇൻസ്പെക്ഷൻ ഡയറി ഇവ രണ്ടും 1 ക്വയർ 2 ക. ½ ക്വയർ 1 ക. F മാസവരി രജിസ്റ്റർ 2 ക. P പത്രമാസികാ രജിസ്റ്റർ 1 ക. M ഉപകരണസ്റ്റോക്കു രജിസ്റ്റർ 6 ണ. K രസീതുബുക്കു് 100 രസീതു് 10 ണ. B അംഗമായി ചേരാനുള്ള അപേക്ഷ 100 നു് 1 ക 8 ണ. N മാസാന്ത്യസ്റ്റേറുമെൻറു് 100 നു് 2 ക 8 ണ. മാസാന്ത്യബുക്കു്-രണ്ടുകൊല്ലത്തേക്കു് 12 അണ. Q ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസനു് 6ണ

വേണ്ടവയ്ക്കു് ഉടനേഎഴുതുക:- ആർ. മാധവപ്പൈ, തുറവൂർ, T.C.S.

# വള്ളത്തോൾ നാരായണമേനവൻ

എം. ആർ. ബാലകൃഷ്ണവാരിയർ എം. ഏ.

## വളർച്ചയും സാഹചര്യങ്ങളും

കേരളകവികളിൽ വിശ്വവിഖ്യാതി സമ്പാദിച്ചവർ ആദിശങ്കരനും വള്ളത്തോളും മാത്രമാണ്. കവിതകൊണ്ടു മാത്രമല്ല വള്ളത്തോളിന്റെ ലോകപ്രശസ്തി. കലകളുടെ ഉദ്ധാരകനായിട്ടാണ് കേരളത്തിനു വെളിയിലുള്ളവർ അദ്ദേഹത്തെ കൂടുതൽ അറിയുന്നതു്. കവിതയും കലാപ്രേമവും വ്യക്തിവൈഭവവുമെല്ലാം ചേർന്നാണ് അദ്ദേഹത്തെ കേരളീയരുടെ ആരാധ്യപുരുഷനാക്കിത്തീർത്തിട്ടുള്ളതു്. ആധുനിക മലയാളകവിതയുടേയും കഥകളിയുടേയും സാക്ഷാൽകാരം എന്നത്രേ മറുനാട്ടുകാർ മഹാകവിയെ കരുതുന്നതു്. കളങ്കമില്ലാത്ത കീർത്തിധാവള്യം ഒരു സാഹിത്യകാരനായും കലാപ്രേമിയായും മറെറാരു കേരളീയനും ഇതുവരെ സമാർജ്ജിക്കുവാൻ വള്ളത്തോളിനെപ്പോലെ കഴിഞ്ഞിട്ടില്ല.

വള്ളത്തോളിന്റെ ജീവിതസാഹചര്യങ്ങളും, ഈ അത്യുന്നതനില കരസ്ഥമാക്കാൻ അനുകൂലമായിരുന്നു. ജനനംതന്നെ, എഴുത്തച്ഛൻ, മേല്പുത്തൂർ മുതലായവരുടെ ജന്മദേശമായ വെട്ടത്തുനാട്ടിൽ. വെട്ടത്തുരാജാവിന്റെ മന്ത്രിയായിരുന്ന കോന്തിമേനവന്റെ പരാക്രമംകൊണ്ടു് പുകഴേറിയ വള്ളത്തോൾ തറവാട്ടിലെ കുലീനപാരമ്പര്യവും, ഫലിതപ്രിയനും കലാരസികനുമായ പിതാവിന്റെയും സംസ്കാരസമ്പന്നയായ മാതാവിന്റേയും സ്നേഹമയമായ മേൽനോട്ടവും കേളികേട്ട പണ്ഡിതന്മാരായ രാമുണ്ണിമേനവന്റേയും കൈക്കുളങ്ങര രാമവാര്യരുടേയും അന്തേവാസിത്വവും ജന്മസിദ്ധമായ കവിതാവാസനയും മററും മഹാകവിത്വസ്ഥാനത്തിനുവേണ്ട അടിസ്ഥാനം പടുത്തുകെട്ടി. വള്ളത്തോളിന്റെ വളർച്ചയ്ക്കും വികാസത്തിനും വേണ്ട സാഹചര്യങ്ങളെല്ലാം ഇങ്ങനെ ലബ്ധമായി.

പന്ത്രണ്ടു വയസ്സായപ്പോൾ മുതൽ കവനവ്യവസായം അറുപതുകൊല്ലത്തിനു മേലായി അനുസ്യൂതം നടത്തിവരുന്ന മഹാകവി കൈവയ്ക്കാത്ത സാഹിത്യപ്രസ്ഥാനമില്ല. ഒരു അതിവിപുലമായ സാമ്രാജ്യംതന്നെ അദ്ദേഹം ജയിച്ചടക്കിയിട്ടുള്ളതിൽ കണ്ണോടിക്കുന്നവർക്കു് കാണാം ആ ജീവിതത്തിന്റേയും കലയുടേയും ക്രമാനുഗതമായ വളർച്ചയും വികാസവും. വെറും പന്ത്രണ്ടുവയസ്സായ ഒരു ബാലന്റെ കവിത അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു്–അതും ഒരാരാധകന്റെ ചിലവിന്മേൽ–അന്നത്തെ നിലയ്ക്കു് ഒരു മഹാത്ഭുതം തന്നെയാണു്; 'കിരാതശതകം' 'വ്യാസാവതാരം' എന്നീ കൃതികളുടെ പ്രസിദ്ധീകരണം കൊണ്ടാണു് ഈ അമൂല്യമായ സാഹിത്യ ജീവിതത്തിന്റെ തുടക്കം.

വള്ളത്തോളിന്റെ ആദ്യകാലകൃതികൾ വെണ്മണി പ്രസ്ഥാനത്തെ അനുസരിച്ചു് രചിച്ചിട്ടുള്ളവയത്രേ. വെണ്മണി നമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എന്നിവരായിരുന്നു ആ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചിരുന്നവർ. അവരുടെ കാലടിപ്പാടുകളിൽ കാവ്യസഞ്ചാരം ചെയ്യുന്നതിനാണു് ആദ്യമായി ഒരുമ്പെട്ടുകാണുന്നതും. വെണ്മണിയുടെ ഭാഷാശുദ്ധിയും, രചനാ സൌഷ്ഠവവും ശബ്ദഭംഗിയും മററും

'കടൽക്കന്യയാൾ തന്റെകാന്തൻ കനിഞ്ഞാ–
ക്കടക്കണ്ണുകൊണ്ടന്നു കൊണ്ടാടുമന്നാൾ
കടക്കാം മഹാരാജമന്ദാരവൃക്ഷ
ക്കടക്കൽക്കലമ്പാതെ കൈക്കുപ്പിനില്ക്കാം'

'ശീട്ടാട്ടം ശിങ്കമാനക്കുഴൽവിളി ചതുരം
ഗങ്ങൾ ചാർവ്വാംഗിമാർതൻ
പാട്ടായം പൂണ്ട തായമ്പക, വകതിരിവു
ള്ളക്ഷരശ്ലോകപാഠം
കൂട്ടാളിക്കൂട്ടരൊത്തുള്ളൊരു സരസജന
ത്തിന്റെ സല്ലാപഘോഷം
കേട്ടാൽതീരില്ലിവണ്ണം പലതുമവിടെയാ
രാവിലാവിർഭവിച്ചു'.

എന്നു തുടങ്ങിയുള്ള ശ്ലോകങ്ങളിൽ പ്രതിഫലിച്ചു കാണാം. എന്നാൽ ഈ അനുകരണദശ അധികം നീണ്ടുനിന്നില്ല. കവിത ഒരു നേരമ്പോക്കായി കരുതിയിരുന്നവരുടെ പിന്നാലെ തുടർന്നുപോകുവാൻ വള്ളത്തോൾ ആഗ്രഹിച്ചില്ല. വെറും ശബ്ദാലങ്കാര പരീക്ഷകളിലും സമസ്യാപൂരണങ്ങളിലും ഫലിതം നിറഞ്ഞ ഒററശ്ലോകങ്ങളിലും മാത്രം തത്തിക്കളിക്കുവാൻ അല്ലാ അദ്ദേഹം വെമ്പൽകൊണ്ടതു്. വെണ്മണിപ്രസ്ഥാനത്തിൽനിന്നും മേൽപ്പോട്ടുകയറി ഒരു നൂതനസരണി വെട്ടിത്തെളിക്കുവാൻ വളരെയധികം താമസിക്കേണ്ടി വന്നുമില്ല.

ഈ പരിവർത്തനത്തിനു്, ഏതാനും പ്രചോദനങ്ങളും സാഹചര്യങ്ങളും ഉണ്ടാകയും ചെയ്തു. സംസ്കൃതകാവ്യങ്ങളുമായി നിരന്തരപരിചയവും സഹവാസവും ആ പടിയിൽനിന്നു് കയറി ഉയരുവാൻ പ്രേരകമായി. മുന്നോട്ടു നീങ്ങുവാനുള്ള പ്രചോദനം അവയിൽനിന്നു് ലഭിച്ചു. കവിതയുമായി നർമ്മസല്ലാപം ചെയ്തിരുന്നാൽമാത്രം പോരെന്നുള്ള ധാരണ അങ്കുരിച്ചതോടുകൂടി മുമ്പോട്ടുള്ള ഗതിക്കു് ആയം വർദ്ധിച്ചു, ആവേശമുദിച്ചു. കറുത്തപാറനമ്പൂതിരിയുടേയും വാസുണ്ണിമൂസ്സതിന്റേയും പ്രോത്സാഹനവും ഉപദേശവുമാണു് ഈ യുവകവിക്കു് ഉത്തേജകമായിരുന്നതും. കേരളസഞ്ചാരി, മനോരമ, ഭാഷാപോഷിണി, എന്നീ പത്രമാസികകളിൽ കവനങ്ങൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. വാല്മീകിരാമായണതർജ്ജമ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ആശിസ്സോടുകൂടി രണ്ടു കൊല്ലംകൊണ്ടു് ചെയ്തുതീർത്തു. വള്ളത്തോളിന്റെ കവനത്തിനു് അയവും ലാഘവവും വന്നതു് വാത്മീകിയുടെ പുറകേപോയശേഷം മാത്രമാണുതാനും. രാമായണതർജ്ജമ ഭാഷയ്ക്കു് ഒരു വലിയ നേട്ടമാണെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ആദ്യകാലത്തു് തർജ്ജമയെക്കുറിച്ചുണ്ടായ ചില അപശബ്ദങ്ങൾ അടക്കിയൊതുക്കുവാൻ കേരളവർമ്മയുടേയും കുഞ്ഞിക്കുട്ടൻതമ്പുരാന്റേയും പരസ്യമായ അഭിപ്രായപ്രകടനം ആവശ്യമായിത്തീർന്നു. കേരളകല്പദ്രുമം പ്രസ്സിന്റെ മാനേജരായി ജോലിനോക്കിയിരുന്നതിനാൽ വാല്മീകി രാമായണത്തിന്റെ പ്രസിദ്ധീകരണത്തിൽ വലിയ വിഷമം നേരിട്ടില്ല. രാമായണ മഹാർണ്ണവത്തിൽ മുങ്ങിക്കേറിയതിന്റെ ശേഷമേ വള്ളത്തോൾ .വ്യക്തിമാഹാത്മ്യമുള്ള ഒരു കവിയായി തലപൊക്കിയുള്ളു. ചിത്രയോഗം എഴുതിത്തീർക്കുന്നതുവരെയുള്ള കവനവ്യവസായം, മററുള്ളവരിൽനിന്നു് ഭിന്നനായ ഒരു കവിയുടേതാണെന്നുള്ള പ്രതീതി ഉളവാക്കുന്നുമില്ല. പരിതസ്ഥിതികളുടെ സൃഷ്ടിയെന്നല്ലാതെ, അവയെ നിയന്ത്രിക്കുവാനുള്ള കെല്പും കരുത്തും ഉള്ള ആളാണെന്നു് വ്യക്തമാക്കുവാൻ കാലം കുറെക്കൂടി വേണ്ടിവന്നു. സ്വന്തമായൊരു കവിതാപദ്ധതിയും ശൈലിയും ഉണ്ടായതു് അനുകരണദശകഴിഞ്ഞു് ആത്മാനുഭൂതികളേയും യഥാർത്ഥജീവിതത്തേയും ആശ്രയിച്ചു് കവിതകൾ തീർക്കുവാൻ കഴിഞ്ഞപ്പോൾ മാത്രമാണു താനും. 'ചിത്രയോഗം' രചിക്കുന്നതിനു കാരണമായതു് അന്നത്തെ മഹാകാവ്യഭ്രമമാണു്. അക്കാലത്തെ മിക്ക കവികളും ഓരോ മഹാകാവ്യം സംസ്കൃതസങ്കേതങ്ങൾക്കനുസരണമായി രചിച്ചപ്പോൾ വള്ളത്തോളും നാട്ടാചാരത്തിനു വഴങ്ങി. കേരളവർമ്മയുടെ പരിശോധനയ്ക്കും പരിഷ്കൃതിക്കും ശേഷമാണു് അതു പ്രസിദ്ധമായതും. മററു മഹാകാവ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ, വേറെ ചിലതെല്ലാം ഓരോരോ അംശത്തിൽ ഇതിനെ അധഃകരിക്കുന്നുവെന്നു തോന്നും. പന്തളത്തിന്റെ 'രുഗ്മാംഗദചരിത'വും കെ. സിയുടെ 'കേശവീയ'വും കുറെക്കൂടി ഹൃദയംഗമങ്ങളായി സഹൃദയന്മാർ സ്വാഗതം ചെയ്യും. ഒഴുക്കും പ്രസാദവും ശക്തിയും രസികത്വവും ഉള്ള 'ചിത്രയോഗ'ത്തിലെ കാവ്യശൈലി വളർന്നുവരുന്ന വള്ളത്തോളിനെ പ്രദർശിപ്പിക്കുന്നുവെന്നതിനു സംശയമില്ല. വള്ളത്തോളിന്റെ ആത്മചൈതന്യവും അനുഭവവും കലർന്നുണ്ടാകുന്ന ജീവസ്സു് 'ചിത്രയോഗത്തിൽ' പ്രത്യക്ഷപ്പെടുന്നുവെന്നു് കരുതേണ്ടതില്ല. പഴയ ചട്ടക്കൂട്ടിൽ അമർന്നുകിടക്കുന്നതല്ലാതെ സ്വതന്ത്രമായ നൂതനകാവ്യസരണി വെട്ടിത്തുറക്കുവാനുള്ള സംരംഭം അതിൽ കാണാനുമില്ല.

വള്ളത്തോൾ കവിതയുടെ തനിസ്വരൂപം പ്രകടമാക്കുന്നതു് 'ബധിരവിലാപം' എന്ന ഖണ്ഡകൃതിയിലാണു്. ഉള്ളിൽ തട്ടിയെഴുതിയ കവിതയാണതു്. അദ്ദേഹത്തെ ബാധിച്ച ബാധിര്യം മാററുന്നതിനായി ചെയ്ത ചികിത്സകളൊന്നും ഫലിച്ചില്ല.–

ഏതെല്ലാമെണ്ണതേച്ചു, ചെവിയിണയിൽ മരു
ന്നെത്രകൂട്ടം നിറുത്തി
കാതെല്ലാനാളുമേററു പുകയുമിഹ പെരു
ച്ചാഴിയുള്ളോന്നു പോലെ?

അദ്ദേഹത്തിന്നു് ബാധിര്യം വരുത്തിവച്ച ഹതവിധിയുടെ മർക്കടമുഷ്ടിയെക്കുറിച്ചു് തീവ്രവേദനയോടെ വിലപിക്കയാണതിൽ. കവിയുടെ സ്വന്തം വികാരവിചാരങ്ങളുടെ നിർഗ്ഗള പ്രവാഹമാണു് ഇക്കൃതിയെ ആസ്വാദ്യകരമാക്കുന്നതും. സ്വാനുഭൂതിയിൽനിന്നു ഉടലെടുക്കുന്ന കാവ്യത്തിന്റെ മനോജ്ഞത്വം ഒന്നു വേറെ തന്നെ. കവിയും പ്രതിപാദ്യവും തമ്മിൽ അലിഞ്ഞുചേർന്നു് ലയിച്ചാലുണ്ടാകുന്ന കവിതയുടെ ഔന്നത്യം അതിൽ ആർക്കും ദർശിക്കാം. കരുണരസപുഷ്കലമായ ഇതിലെ.–

'പ്രണയികളൊടുകൂടി നർമ്മസംഭാ
ഷണ പരമോത്സവവും സമാപ്തമായ്മേ,
പ്രണവമയി! ജഗൽബഹിഷ്കൃതൻ ദു–
ർഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ'

എന്നു തുടങ്ങിയ വിലാപവചസ്സുകൾ ഏതു് അശ്മഹൃദയത്തേയും ഉരുക്കുവാൻ കെൽപുള്ളതാണു്. സംസ്കൃതത്തിൽനിന്നും ചില അനുകരണങ്ങൾ ആയിടയ്ക്കു് പ്രസിദ്ധപ്പെടുത്തിയവയുടെ കൂട്ടത്തിലത്രേ 'ഋതുവിലാസ'വും 'വിലാസലതിക'യും. അമരുകശതകത്തെപ്പോലെയുള്ള ഒരു മലയാള ശൃംഗാരകാവ്യം രചിക്കണമെന്ന ആഗ്രഹത്തിന്റെ ഫലമത്രേ വിലാസലതിക. അതിനുണ്ടായ പ്രചാരം അത്ഭുതാവഹമാണു്. ചെറുപ്പക്കാർക്കു് ആദ്യം വള്ളത്തോൾ കവിത സ്വാഗതാർഹമായതു് ഈ ശൃംഗാരപ്പച്ച കണ്ടാണു്. അതിലെ ശ്ലോകങ്ങളെ മനഃപ്പാഠം ചെയ്യുവാൻ തയ്യാറായിരുന്ന അന്നത്തെ ചെറുപ്പക്കാർ. വെണ്മണിക്കവിതയുടെ പ്രചാരത്തേക്കാൾ വിപുലമായിരുന്ന വിലാസലതികയുടെ പ്രശസ്തി. കലർപ്പില്ലാത്ത ശൃംഗാരം—മലീമസമായോ അശ്ലീലമായോ ഒന്നുംതന്നെ തൊട്ടു തെറിച്ചിട്ടില്ലാത്ത—മാദകമായ തനിശൃംഗാരം ആദ്യന്തം തുളുമ്പുന്നതാണു് അക്കൃതി. പൂരപ്രബന്ധത്തിന്റെ സംസ്കരിച്ച പതിപ്പെന്നു് പറഞ്ഞാൽ അതിന്റെ ഏകദേശ സ്വഭാവരൂപം ആർക്കുംകിട്ടും.

## ഖണ്ഡകൃതികൾ.

'ബന്ധനസ്ഥനായ അനിരുദ്ധ'ന്റെ ആവിർഭാവത്തോടുകൂടി വള്ളത്തോൾ കവിത ഒരു നൂതനഘട്ടത്തിൽ പ്രവേശിക്കുന്നു: അതിലെ നായികാനായകന്മാർ ഒരു പുതിയ സ്വാതന്ത്ര്യ സന്ദേശത്തിന്റെ പ്രതിരൂപങ്ങളായി. മാമൂൽ വിട്ടു് വള്ളത്തോൾകവിത ഒരു സ്വതന്ത്രസരണി അവലംബിച്ചതായി അതു വെളിപ്പെടുത്തി: ഭാവനിർഭരങ്ങളും രസനിഷ്യന്ദികളുമായ ഖണ്ഡകൃതികളുടെ നാന്ദി അതു് കുറിച്ചു. പുരാണേതിഹാസങ്ങളിൽനിന്നു് ഏതെങ്കിലും ഘട്ടത്തെ പ്രതിപാദ്യമായി സ്വീകരിച്ചു്, ചെറുകഥയിലെ നാടകീയമായ പ്രതിപാദനവും കഥാകഥനവും ഉൾപ്പെട്ട നവീനാന്തരീക്ഷത്തിൽ പ്രദർശിപ്പിക്കുകയാണു് അതിലെ മാർഗ്ഗം. പഴയകഥയിൽ പുതിയ ആശയങ്ങൾ, പഴയകുപ്പിയിൽ പുതിയ മുന്തിരിച്ചാറെന്നപോലെ നിറച്ചു് ആത്മാർത്ഥത തുളുമ്പുന്ന പ്രതിപാദനമാണതിൽ. ഈ രീതിയിൽ വള്ളത്തോൾ ധാരാളം ഖണ്ഡകൃതികൾ രചിച്ചു. 'ശിഷ്യനും മകനും' എന്ന കൃതിയും സരസവും സമുജ്ജ്വലവുമായ ഈ പ്രതിപാദനരീതി പ്രത്യക്ഷപ്പെടുത്തുന്നു. പരശുരാമന്റെ പ്രഹരമേററു് 'കൊമ്പൊന്നുപോയ് ച്ചോരയിലാണ്ടുനില്ക്കും ഗജാസ്യനെക്കണ്ടതി സംഭ്രമത്താൽ' തന്റെ ഓമനപ്പുത്രനെ അങ്കതലത്തിലേററി പരിചരിച്ചശേഷം പാർവ്വതി ഇടത്തു കൈയാലഴിഞ്ഞ വാർപൂങ്കുഴലെന്നൊതുക്കി, ജ്വലിച്ച കൺകൊണ്ടൊരുനോക്കു നോക്കിക്കൊണ്ടു് പരമേശ്വരനോടു് പറകയാണു്—

'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി
യെന്നാലതും നൽകിയനുഗ്രഹിക്കാം',

ഓമനപ്പുത്രനു് വന്ന ആപത്തിൽ സങ്കടവും, ഭർത്താവിന്റെ ഔദാര്യത്താൽ ശിഷ്യനുലഭിച്ച ആയുധംകൊണ്ടുതന്നെ അതു് സംഭവിച്ചതിലുള്ള കോപവുംകൊണ്ടു് അതിവ്യാകുലമായ പാർവ്വതിയുടെ ഹൃദയം, ഭർത്സനത്തിനു് ഒരുമ്പെട്ടുന്നില്ല. ഒരു വാക്കും നോക്കും മതി അതു് പ്രകാശിപ്പിക്കാൻ. ഇങ്ങനെ മർമ്മത്തിൽ കൊള്ളുന്ന പ്രയോഗവും ഔചിത്യബോധവും മനോധർമ്മപ്രസരവുമാണു് വള്ളത്തോളിന്റെ മായാത്ത വ്യക്തിമുദ്രകൾ. പുരാണകഥകളെടുത്തു് അവയെ പുതിയ ഛായം കൊടുത്തു് തന്മയത്വത്തോടു പ്രദർശിപ്പിക്കുന്നതിൽ മഹാകവിക്കുള്ള പാടവം അന്യാദൃശമാണു്. പ്രതിപാദ്യം പഴയതായാലും പ്രതിപാദനരീതിയുടെ നവ്യഭംഗിയും ഔചിത്യത്തികവും ആരെയും ആകർഷിക്കും.

## ദ്രാവിഡവൃത്തസ്വീകാരം

ഈ പ്രതിപാദനത്തിനു് മേന്മ വന്നതു് മഹാകവി ദ്രാവിഡവൃത്തങ്ങളെ താലോലിക്കുവാൻ തുടങ്ങിയതിന്റേയും ഫലമാണു്. ഭാഷാവൃത്തങ്ങളാണു് മലയാളത്തിനു കൂടുതൽ യോജിച്ചതെന്നുള്ള അഭിപ്രായത്തിനു് മഹാകവി വഴങ്ങിയതോടുകൂടി, വിസ്മൃതപ്രായങ്ങളായിരുന്ന ദ്രാവിഡവൃത്തങ്ങളിലായി അദ്ദേഹത്തിന്റെ മിക്ക ഖണ്ഡകൃതികളും. ദ്രാവിഡവൃത്തത്തിൽ എഴുതിയ ആദ്യത്തെ ഖണ്ഡകൃതിയാണു് 'ഒരു ചിത്രം'. ഗാനമാധുര്യം അതിന്റെ ആസ്വാദ്യതയ്ക്കു് എത്രമാത്രം മാററുകൂട്ടുന്നുവെന്നു് പറയേണ്ടതില്ലല്ലോ. മിക്കദ്രാവിഡവൃത്തങ്ങളിലും വള്ളത്തോളിനുള്ള കൃതഹസ്തത അത്ഭുതകരമാണു്. ഭാഷാകവിതയ്ക്കു്, പുരോഗമനോന്മുഖമായ ഈ രീതിയിലേക്കു പിന്നേയും പ്രയാണം ചെയ്യുവാനുള്ള പ്രചോദനം വള്ളത്തോളിൽ നിന്നാണു് പ്രധാനമായി ലഭിച്ചതു. സമുചിത പദങ്ങളുടെ സന്നിവേശംകൊണ്ടു് ദ്രാവിഡവൃത്തങ്ങളിൽ ബന്ധദാർഢ്യവും സംഗീതമാധുരിയും കൈവരുത്തുവാൻ മഹാകവിയെപ്പോലെ പ്രാഗത്ഭ്യമുള്ളവർ ചുരുക്കമാണു്.

## പ്രകൃതിപ്രേമം

സാഹിത്യമഞ്ജരിയിൽ ചേർത്തിട്ടുള്ള പല ഖണ്ഡകൃതികളും വള്ളത്തോളിന്റെ നിരീക്ഷണപാടവവും പ്രകൃതിപ്രേമവും വെളിവാക്കുന്നവയാണു്. പ്രകൃതിയിലെ വിവിധവസ്തുക്കളെ നോക്കിക്കാണുകയും അവയുടെ സൗകുമാര്യം ഒരു സൌന്ദര്യാരാധകന്റെ നിലയിൽ മനസ്സിലാക്കുകയും ചെയ്യുന്നതിനുള്ള സാമർത്ഥ്യം ചില്ലറയല്ല. നിസ്സംഗമായ പ്രകൃതിവീക്ഷണമല്ല; പ്രകൃതിയുടെ മടിത്തട്ടിൽ കിടന്നുകൊണ്ടു് പ്രപഞ്ചസൌകുമാര്യം കണ്ടുപിടിക്കുന്ന വിസ്മാപകദൃക്പാടവം അദ്ദേഹത്തിനുണ്ടു്. സുന്ദരവസ്തുക്കളോടു് വള്ളത്തോളിനുള്ള വേഴ്ചയും അവയെക്കണ്ടാസ്വദിക്കാനുള്ള കെൽപ്പും ആ കറയററ സൌന്ദര്യാവബോധത്തിന്റെ ഫലമത്രേ. അദ്ദേഹത്തിനു് പ്രകൃതിയെ ഹൃദയത്തിനുള്ളിലുള്ള ഹൃദയംകൊണ്ടുതന്നെ സ്നേഹിക്കാനും ആരാധിക്കാനും കഴിഞ്ഞു. അദ്ദേഹം അവളെ നേരിട്ടുകണ്ടു. ഗ്രന്ഥങ്ങളുടെ യവനികയിൽക്കൂടിയല്ലാ പ്രകൃതിനിരീക്ഷണം നിർവ്വഹിച്ചതും. കണ്ണുതുറന്നു് ചുററുംകണ്ട അഴകുള്ള വസ്തുക്കൾ, ആ കവിഹൃദയത്തെ ആന്ദോളിപ്പിച്ചു; കുതൂഹലത്തിൽ ചാഞ്ചാടിപ്പിച്ചു. പ്രകൃതിയെ ഒരു ചൈതന്യനിർഝരിയായും അതിലെ ഒരു ചെറിയ കല്ലോലിനിയായി ആത്മസത്തയേയും കാണാനും അറിയാനും കഴിവുള്ള കവിഹൃദയമാണു് വള്ളത്തോൾകവിതയിൽ പ്രതിഫലിച്ചുകാണുന്നതും. ഗഗനത്തോടും വാരിധിയോടും മററും നർമ്മസല്ലാപം ചെയ്യുന്ന പ്രകൃത്യുപാസകനാണു് വള്ളത്തോൾ. വെറും വർണ്ണനയിൽ തുടക്കമിട്ടു് അതിൽ വളർന്നു് അവിടെത്തന്നെ നിലകൊള്ളുന്നവരാണു് ചില മഹാകവികൾ. വള്ളത്തോളാകട്ടെ, വെളിയിൽ നിന്നുകൊണ്ടു് നിറവും മണവുമുള്ള നറുംപുഷ്പങ്ങൾ വർണ്ണനയ്ക്കും അലങ്കാരത്തിനും മാത്രമായി ശേഖരിക്കമാത്രമല്ല, ആ ദിവ്യക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിൽതന്നെ കയറിച്ചെന്നു് പൂജ നടത്തി ആത്മനിവേദനം ചെയ്കയും ചെയ്യുന്നു. 'വാനമേ ഗഗനമേ' എന്നു തുടങ്ങുന്ന ഗാനം ഈ ആത്മനിവേദന

ത്തിൻെറ വികാരമധുരമായ പ്രതിച്ഛായയാണു്. പ്രകൃത്യുപാസനയുടെ ചൂടും വെളിച്ചവും നൽകുന്ന പല ഖണ്ഡകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ടു്. തിര്യക്കുകൾക്കും മനുഷ്യസഹജമായ വികാരങ്ങളും വിചാരങ്ങളും അദ്ദേഹം സങ്കല്പിക്കുന്നതു് ഒരു അരിപ്രാവിനോടു്

'തവ ഗേഹിനിയെങ്ങു? ലോകനേത്രാ
ത്സവമേ താങ്കൾ തനിച്ചുപോന്നതെന്തേ?
അവൾ കൊച്ചുകിടാങ്ങൾതൻ തുണയ്ക്കായ്
ബ്ഭവനത്തിങ്കൽ വസിക്കയായിരിക്കാം'

എന്നു് ചോദിക്കുന്നതിൽനിന്നും സ്പഷ്ടമാണു്. രാത്രിയായിട്ടും ഇരതേടിപ്പോയ നാഥൻ തിരികെ എത്താൻ വൈകുന്നതുകണ്ടു് കൂട്ടിൽക്കിടക്കുന്ന പെൺപക്ഷി വിചാരാകുലയാകുന്നു. പ്രകൃതി മനുഷ്യമൃഗാദികൾക്കു് വിഹരിക്കുവാനുള്ള ആരാമമാണെന്നു് മഹാകവി വിശ്വസിക്കുന്നു. ഇളകുളിർപ്പുല്ലുകൾ നിറഞ്ഞ പച്ച വില്ലീസ്സു് വിരിച്ച മൈതാനത്തു്,

കന്നാലിമേക്കും പല പിള്ളർതമ്മിൽ
പ്പൊന്തിപ്പിടിച്ചും കരണംമറിഞ്ഞും
ഇടയ്ക്കു കൂട്ടത്തോടു കൂക്കിയാർത്തു
മോടിക്കിതച്ചും കളിയാടിടുന്നു'.

പ്രകൃതിയുടെ ശാശ്വതമൌനവും ശാന്തവൃത്തിയും ക്ഷണഭംഗുരമായ മനുഷ്യജീവിതത്തിൽ ശ്രദ്ധയില്ലാതെ നില്ക്കുന്നതായി തോന്നിപ്പിക്കുകയല്ലാ നേരെമറിച്ചു് ഒരു സജീവഭാവം കയ്ക്കൊണ്ടു് മനുഷ്യവ്യവഹാരങ്ങളിൽ നല്ല പങ്കെടുക്കുന്നതായിട്ടാണു് വള്ളത്തോൾ ദർശിക്കുന്നതു്. പ്രിയസ്പർശസുഖം കൊണ്ടു് പൊന്നാനിപ്പുഴയുടെ ശരീരം മെലിച്ചിൽ വിട്ടു പുളയ്ക്കുന്നതായി കവി വിഭാവനം ചെയ്യുന്നു. രാധയുടെ വൃന്ദാവനത്തിലെ പ്രേമചാപലങ്ങളിൽ കൂട്ടുനില്ക്കുന്നതിനായി അന്തിക്കുളിർതെന്നൽ വെമ്പലോടു് അവിടെ എത്തിച്ചേരുന്നു. തൻെറ ഭൂതകാലത്തിലെ ദുരന്തങ്ങളെക്കുറിച്ചും ഇവരോടാണു് വിലപിക്കാനും രാധയ്ക്കു കഴിയുന്നതു്. യേശുമഹേശൻ അത്താഴത്തിനിരിക്കുമ്പോൾ തേൻകുളിർവല്ലീനികുഞ്ജത്തിൽ നിന്നോലുന്ന പൂങ്കുയിൽ കൂകലുകൾ വാഴ്ത്തിപ്പാടുന്നതിനോടൊപ്പം താഴ്വരച്ചുറ്റും തരുക്കളെല്ലാം തലകുണുക്കിത്താളം പിടിക്കുന്നു. അദ്ദേഹത്തിൻെറ സമക്ഷത്തിലേക്കു പോകുന്ന ആ സർവ്വാംഗസുന്ദരിയെ ഒന്നുനോക്കി ആമോദിക്കുവാൻ താരങ്ങൾപോലും ഔത്സുക്യമിയലുന്നു. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും സ്രഷ്ടാവിൻെറ താളത്തിനൊത്തു് ഒരു കുടുംബാംഗങ്ങൾ പോലെ സമ്മേളിക്കുന്നതായിട്ടാണു് മഹാകവിയുടെ ഭാവനയിൽ കാണുന്നതു്. അരുണകിരണത്തേയും താരിനേയും താരത്തേയും കുളിർകാററിനേയും അരിപ്രാവിനേയും മനുഷ്യനേയും ഒരേ ചിത്രശാലയിൽ കാണുന്ന കവിയുടെ ഏകഭവനത്വമാണു് വള്ളത്തോളിൻെറ പ്രകൃതിദർശനത്തിലെ ആണിക്കല്ലു്.

## ദേശീയഗാനങ്ങൾ

മഹാകവിയുടെ കാവ്യസരണിയിൽ ഒരു മഹാപരിവർത്തനം വന്നുചേരുവാൻ ചില സാഹചര്യങ്ങളും പ്രചോദനങ്ങളും ഉണ്ടായതു് അവിസ്മരണീയമാണു്. ഭാരതത്തിലൊട്ടാകെയുണ്ടായ പ്രബുദ്ധതയുടെ അലകൾ കേരളത്തിലും വീശി. ഭാരതീയസംസ്കാരത്തള്ളലിൽ അടിമപ്പെട്ടും വെറുങ്ങലിച്ചും കിടന്നിരുന്നതിനെ ഒന്നു പുനർജ്ജീവിപ്പിക്കാനും നവോന്മേഷം നൽകാനും പലതരത്തിലുള്ള പരിശ്രമങ്ങൾ നടന്നു. ഈ നവോത്ഥാനത്തിൻെറ പ്രഭാവം സാഹിത്യത്തേയും സ്പർശിച്ചു. പഴയ മാമൂലുകളെ കൈവിട്ടു്, ചില നവീനാദർശങ്ങൾ തലപൊക്കി. മഹാകാവ്യങ്ങളിലേക്കാൾ ഖണ്ഡകൃതികളിൽ അനുവാചന്മാർ ആരമിക്കുവാൻ ആരംഭിച്ചു. കവിത ആത്മാനുഭൂതിയിൽ അധിഷ്ഠിതമായിരിക്കണമെന്നു വന്നു. വള്ളത്തോളും ഈ വിശാലരംഗത്തു് സ്വാതന്ത്ര്യസന്ദേശവുംകൊണ്ടു് പ്രത്യക്ഷപ്പെട്ടു. കേരളത്തിലെ അതിൻെറ പ്രവാചകനായി രൂപാന്തരപ്പെട്ടു. വിപ്ലവാത്മകമായ പരിവർത്തനമാണു് ഈ നൂതന സംരംഭം ഭാഷാകവിതയിൽ ആവിഷ്കരിച്ചതും. മഹാത്മഗാന്ധി ഇളക്കിവിട്ട രാഷ്ട്രീയവിപ്ലവം ഭാരതമൊട്ടുക്കു് പടർന്നുപിടിച്ചതു് വള്ളത്തോളിനെ ഒരു രാഷ്ട്രീയ കവിയായി

മാററി. മഹാത്മജിയുടെ ആദർശങ്ങളെ പ്രചരിപ്പിക്കാനുള്ള കടമ തനിക്കുമുണ്ടെന്നു് മഹാകവിക്കു് ബോദ്ധ്യമായി; മഹാത്മജിയെ അദ്ദേഹത്തിന്റെ ഗുരുനാഥനായി അംഗീകരിച്ചു. 'എന്റെ ഗുരുനാഥൻ' എന്ന കൃതി ഈ ആരാധകന്റെ ഭക്തി പാരവശ്യം പ്രകടമാക്കുന്നു. ഭക്തി അതിന്റെ പടികളെല്ലാം കടന്നു് ആത്മനിവേദനംവരെ എത്തിയിട്ടുണ്ടു്.

'ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ'

എന്ന ചിത്രം എന്നും സജീവമായിരിക്കും.

'ഗീതയ്ക്കമാതാവായ ഭൂമിയേ ദൃഢമിതു
മാതിരിയൊരു കർമ്മയോഗിയേ പ്രസവിക്കൂ
ഹിമവദ്‌വിന്ധ്യാചല മദ്ധ്യദേശത്തേകാന്റെ
ശമമേ ശീലിച്ചതാമിത്തരം സിംഹത്തിനെ
ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിയ്ക്കിത്ര
മംഗളം കായ്ക്കും കല്പപാദമുണ്ടായ്‌വരൂ'.

ഇങ്ങനെ ആർഷസംസ്കാരത്തിൽ മനസ്സിണങ്ങിനില്ക്കുന്ന വള്ളത്തോളിനു് മഹാത്മജിയുടെ സന്ദേശത്തിന്റെ കാതൽ മനസ്സിലാക്കുവാനും അദ്ദേഹത്തെ ഗുരുനാഥനായി വാഴിക്കാനും സാധിച്ചു.

ഭാരതമാണെന്റെ ജന്മഭൂ, പാരമ
ധീരര്യഷി ശ്രേഷ്ഠന്റെ പിതാമഹർ
ബോധാക്കരശ്മികുരങ്ങളുപനിഷൽ
ഗ്ഗീതകളെന്നെന്റെ മെൻകുലവിദ്യകൾ,
വിശ്വത്രയത്തിൽമേ പ്രാപ്യമായുള്ളതോ
നശ്വരമല്ലാത്ത പൂർണ്ണമുക്തിപദം'

എന്നിങ്ങനെ സാഭിമാനം പറയുന്ന മഹാകവി ഭാരതത്തിന്റെ പൌരാണിക മഹിമയിൽ അടിയുറച്ച വിശ്വാസമുള്ളയാളാണു്.

'ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ നെയ്യുനാം
വാസരാന്തത്തിൻ കതിർകളിൽ നിന്നല്ലീ
ഭാസുരമാകു മുഷസ്സിന്റെ യുത്ഭവം'

എന്നാണു് ആ ദേശഭക്തന്റെ പ്രത്യാശ. 'ആ പൊട്ടിച്ചിരി' 'മുറ' 'പാപമോചനം', 'ബാപ്പുജി' മുതലായ വള്ളത്തോൾ കൃതികൾ മഹാത്മജിയുടെ അപദാനങ്ങളെ വർണ്ണിക്കുന്ന വിശിഷ്ടകവനങ്ങളാണു്. ആ യതിവര്യന്റെ അന്ത്യവിശ്രമം മുതൽ അസ്ഥിസഞ്ചയനംവരെയുള്ള മഹാസമാധിയെക്കുറിച്ചു് എഴുതിയിട്ടുള്ള 'ബാപ്പുജി'യാണു് അടുത്ത കാലത്തുണ്ടായ ഗാന്ധികീർത്തനം. വള്ളത്തോളന്റെ ആർഷസംസ്കാരപ്രേമവും ദേശീയ ബോധവും മററു പല ഖണ്ഡകൃതികളിലും കൂടക്കൂടെ വെളിവാകുന്നുണ്ടു്. പതിപ്രേമംകൊണ്ടു് ജീവിതശുദ്ധി വരുത്തണമെന്നു് ദൃഢനിശ്ചയം ചെയ്ത ചമ്പകവല്ലിയെ.–

'അമ്പേ ! മഹിമാവിതാർഷഭൂവേ തവ
വൻപോക്കളത്തിലും നിഷ്കാമകാഹളം,
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി
വേശത്തെരുവിലും ചാരിത്ര സൌരഭം'

എന്നു് അഭിനന്ദിക്കുന്നു. ഉസ്മാൻഖാനു് മാപ്പു് കൊടുക്കുവാൻ ചക്രവർത്തിയോടു അപേക്ഷിച്ച ഹിന്ദുവനിതയുടെ ഔദാര്യത്തെക്കുറിച്ചു്.–

'ഗീരിതര ചന്ദ്ര രോമാഞ്ചമേററി ഹാ!
ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി'

എന്നു് തന്നെത്താനറിയാതെ കവി പറഞ്ഞുപോകുന്നു. അവസരം കിട്ടുമ്പോഴെല്ലാം വള്ളത്തോൾ ഔചിത്യബോധത്തോടുകൂടി ദേശാഭിമാനത്തെ ആവിഷ്കരിക്കാതിരിക്കയില്ല. ഗാന്ധിജിയുടെ ഹിന്ദുമുസ്ലീം മൈത്രി, അധഃകൃതോന്നമനം, ഗ്രാമപുനരുദ്ധാരണം, മദ്യവർജ്ജനം, വിദേശവസ്ത്രബഹിഷ്കരണം മുതലായ വിവിധപരിപാടികൾക്കും വള്ളത്തോൾ കാവ്യസഞ്ചയത്തിന്റെ വിഷയപരമ്പരയിൽ വെവ്വേറെ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ രാഷ്ട്രീയഗാനങ്ങളെല്ലാം ഒരുപോലെ ഉത്തമകവിതയായിത്തീർന്നിട്ടുണ്ടെന്നു് പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കും. അപൂർവം ചില സന്ദർഭങ്ങളിൽ പ്രചാരകന്റെ ഉദ്ദേശം കാവ്യാമൃതത്തിനു് ഹാനികരമായിത്തീർന്നിട്ടുണ്ടു്.

ചക്രത്തിൽ നൂല്ക്കലോ, കുട്ടികളെക്കളി
പ്പിക്കൽപോലുള്ളൊരു വിശ്രമമല്ലയോ'

എന്ന തുടങ്ങിയ ഭാഗങ്ങൾ പദ്യത്തിലാണെന്നേ തോന്നുകയുള്ളൂ.

## കേരളീയത്വം

മഹാത്മാഗാന്ധിയുടെ ആർഷമായ ജീവിതസിദ്ധാന്തങ്ങളെ കലാവിലാസത്തോടു ചിത്രീകരിക്കുന്ന വള്ളത്തോൾ ഒരു തനി കേരളീയനായിത്തന്നെ നിലകൊണ്ടു. കേരളീയത്വമാണ് വള്ളത്തോൾ പ്രതിഭയുടെ പശ്ചാത്തലത്തിലെ പ്രധാന ഘടകവും അസ്ഥിവാരവും. ആ വിശാല പ്രതിഭ അതിൽനിന്നുയന്നു് ലോകത്വം ഉൾക്കൊള്ളാനുള്ള പ്രാഗത്ഭ്യംവരെ പ്രദർശിപ്പിക്കുന്നുണ്ടു്. കേരളജീവിതത്തിൻെറ ആണിക്കല്ലു് സ്ത്രീകൾക്കു് സമുദായത്തിലുള്ള പ്രധാന സ്ഥാനമാണു്. സ്ത്രീകളെസംബന്ധിച്ചു് രചിച്ചിട്ടുള്ള ഖണ്ഡകൃതികളിൽ 'മഗ്ദലനമറിയം', അച്ഛനും മകളും' 'കൊച്ചുസീത' 'സ്ത്രീകൾ', വീരപത്നി, രാധയുടെ കൃതാർത്ഥത, ജാതിപ്രാഭവം, ഒട്ടക്കത്തെക്കുറിപ്പു്, ബഹിഷ്കൃതയായ അന്തർജ്ജനം, മദിരാശിക്കടൽപ്പുറം എന്നിവ മുന്നിട്ടുനില്ക്കുന്നു. യുദ്ധത്തിനായി പുറപ്പെടുന്ന പ്രാചീനകേരളീയഭടനെ യാത്രയാക്കുന്ന വീരപത്നിയുടെ ധീരവചനങ്ങൾ, സ്ത്രീ തന്നെ പരാശക്തി; സത്തയും ചിത്തും സ്ത്രീ താൻ' എന്നതിന് താങ്ങായി നില്ക്കുന്നു.

'പോർകളിൽ പ്രോത്സാഹശാലിയാമെൻനാഥൻ
പോകുന്നതോർത്തല്ല മാഴ്കിനേൻ ഞാൻ;
പോകാതിരുന്നാലോ എന്നായിരുന്നു മേ
ശോകവും ഭീതിയും ശോഭനാത്മൻ'

എന്നത്രേ ആ വീരവനിതയുടെ സാന്ത്വനം: ആത്മാർത്ഥമായ സ്നേഹത്തിന് സ്ത്രീക്കു കിട്ടുന്ന പ്രതിഫലം പലപ്പോഴും കഷ്ടപ്പാടും ദുരന്തങ്ങളുമാണെന്നു് കവി ഏതാനും കൃതികളിൽ പ്രകടമാക്കുന്നു. ജാതിയുടേയും പദവിയുടേയും അന്തരം മാത്രമല്ല കഷ്ടപ്പാടുകളുടെ നിദാനം. 'ഒട്ടക്കത്തെക്കുറിപ്പി'ൽ ഗാന്ധർവ്വവിവാഹത്തിനുശേഷം ഗർഭവതിയായ ഭാമയെ തിരസ്കരിച്ചു് സുഭദ്രയെ വിവാഹം ചെയ്യുന്ന കാമുകനെക്കുറിച്ചു്

'ഭാമയെ—പ്രണയാഭിരാമയെ—ച്ചതിച്ചോനേ
കാമിയാംനിന്നാൽ ത്യക്തയായ്‌വരാം സുഭദ്രയും'

എന്നാണ് കവി ഭർത്സിക്കുന്നതു്. പക്ഷേ ഭാമയാകട്ടെ, സുഭദ്രയോടു പറയുന്നു.—

'തവകാന്ത
നെൻറയീവയററിലെ പ്പൈതലിൻപിതാവത്രേ
എന്തിതിൽ തെററദ്ധീരനംഗനമാരെ സ്വൈരം
ഹന്ത, കൈക്കൊള്ളാതള്ളാം—
സ്വതന്ത്രനല്ലോപുമാൻ'

എന്നതിൽ അവളുടെ ഔദാര്യമഹിമയും പുരുഷൻെറ തോന്നിയവാസത്തികവും പ്രകടമാക്കുന്നു. കേരളീയ സ്ത്രീകളുടെ സാമൂഹ്യാവശതകളെ പരിഹരിച്ചു് അവരുടെ നില ഉയർത്തുന്നതിനുള്ള ഉദ്ബോധനങ്ങളാണ് 'മദിരാശി കടപ്പുറവും' 'ബഹിഷ്കൃതയായ അന്തർജ്ജനവും'. സമുദായത്തിൽനിന്നും പുറത്താട്ടിയോടിച്ച അന്തർജ്ജനത്തിൻെറ സ്വതന്ത്രവും സുഖപ്രദവുമായ ജീവിതവും, മനസ്സന്തോഷവും കൃതാർത്ഥതയും, പുരുഷൻെറ അതിക്രൂരമായ അടിമത്വത്തിൽനിന്നു് രക്ഷപ്രാപിച്ചതിൻെറ സുമധുര ഫലങ്ങളായി വ്യഞ്ജിക്കുന്നു.

എം. ആർ. ബാലകൃഷ്ണവാരിയരുടെ കൃതികൾ

| | രു. | ണ. | | രു. | ണ. |
|---|---|---|---|---|---|
| ബർണാർഡ്ഷാ | 2 | 0 | കേരളഭാഷാചരിത്രം | 3 | 8 |
| കേരളവർമ്മ | 2 | 0 | പ്രാചീനകേരളം | 1 | 8 |
| കുഞ്ചൻനമ്പ്യാർ | 1 | 12 | വ്യോമയാനം | 1 | 8 |
| പ്രബന്ധമഞ്ജരിഭാഗം I | 1 | 4 | ശാസ്ത്രവും യുദ്ധവും | 1 | 12 |
| ടി ടി II | 1 | 4 | കേരളചരിത്രകഥകൾ | 0 | 12 |

ആവശ്യപ്പെടേണ്ടും മേൽവിലാസം
എം. ആർ. ബാലകൃഷ്ണവാരിയർ എം. എ.
ശാരദാവിലാസം, സെൻറ് ജോസഫ്സ് ലെയിൻ, തിരുവനന്തപുരം.

# കൊല്ലവർഷാരംഭത്തിലെ ഭാഷ

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള എം. എ.

ഭാഷാവികാസത്തെപ്പററി ചിന്തിക്കുമ്പോൾ സാഹിത്യഭാഷയെക്കാൾ സംഭാഷണഭാഷയ്ക്കു പ്രാമാണ്യം നല്കണമെന്ന തത്ത്വം എല്ലാ ശബ്ദശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുള്ളതാണു്. ശിലാരേഖകൾ, ഗ്രന്ഥവരികൾ, പഴഞ്ചൊല്ലുകൾ, നാടോടിപ്പാട്ടുകൾ മുതലായവ സംഭാഷണഭാഷയുടെ തനിനിറം പ്രദർശിപ്പിക്കുന്നു. കൊല്ലം 300-ാമാണ്ടോടടുത്തുവരെയുള്ള മലനാട്ടുതമിഴിൻെറ സ്വരൂപം ഗ്രഹിക്കുവാൻ ഇന്നു നമുക്കു് ഏകാവലംബം ശാസനങ്ങളാണു്. അക്കാലത്തുണ്ടായതെന്നു സംശയംകൂടാതെ പറയാവുന്ന ഗ്രന്ഥവരികളോ പാട്ടുകളോ യാതൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. ഒരുപക്ഷേ, താളത്തിലിടുക, കഥകഴിക്കുക, ഗണപതിക്കു കുറിക്കുക, മടിയൻ മലൈ ചുമക്കും, ചൊട്ടയിലെ ശീലം പട്ടടൈവരെ കാലമല്ലാക്കാലത്തു വിതയ്ക്കലാകാതു എന്നിങ്ങനെ ചില ശൈലികളും പഴഞ്ചൊല്ലുകളും മലനാട്ടുതമിഴിൽ അക്കാലത്തേ ഉണ്ടായിരുന്നിരിക്കാം.

നമ്പൂതിരിമാരുടെ മിശ്രഭാഷയുടെ പൂർവരൂപം മലനാട്ടുതമിഴിൽ കാണുന്ന ആ ഭാഷയുടെ പ്രേരണയെ ആസ്പദമാക്കിയും പിൽക്കാലത്തെ കൃതികളിൽ ഉദ്ധരിച്ചിട്ടുള്ള "അസ്ലിൻ ഒട്ടു ചൊല്ലു്", "ആയിൽ ആകർണ്യതാം" എന്നിങ്ങനെയുള്ള വാചകങ്ങളെ അവലംബിച്ചും ഏറെക്കുറെ ഊഹിക്കാമെന്നല്ലാതെ രേഖാമൂലമായ തെളിവോടുകൂടി ഒരു അഭിപ്രായം പറവാൻ സാദ്ധ്യമല്ല. അക്കാലത്തു മിശ്രഭാഷയിൽ ചില പദ്യങ്ങൾ ഉണ്ടായിട്ടുണ്ടായിരിക്കാം. എന്നാൽ അവയിൽ ഏതെങ്കിലും അതേ രൂപത്തിൽ ഇന്നു ലഭിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഗദ്യത്തിൽ മിശ്രഭാഷ അക്കാലത്തു് എഴുതിയിരിക്കുകയില്ല, എഴുതിയിരുന്നെങ്കിൽ തന്നെയും അതിൻെറ ആയുസ്സു് പരിമിതമായിരുന്നിരിക്കും. ഒരുപക്ഷേ, നളപാകം, ത്രിശങ്കുസ്വർഗ്ഗം, അജഗജാന്തരം, ഭഗീരഥപ്രയത്നം, അബദ്ധപ്പഞ്ചാംഗം മർക്കടമുഷ്ടി, സുഗ്രീവാജ്ഞ, കുംഭകർണ്ണസേവ, ഗ്രഹപ്പിഴ, ശനിദശ എന്നിങ്ങനെയുള്ള ശൈലികൾ അക്കാലത്തെ മിശ്രഭാഷയിൽ സ്ഥാനം പിടിച്ചിരുന്നുവെന്നും വരാം.

കൊല്ലം ആദിശതകങ്ങളിലെ ശാസനങ്ങൾ തമിഴെന്നോ, മലയാളമെന്നോ, പറയാൻ കഴിയാത്ത പരിവർത്തനഘട്ടത്തിലെ ഭാഷയിൽ എഴുതിയിട്ടുള്ളവയാണു്. തമിഴിലും മലയാളത്തിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാർക്കും ഇന്നു് അവ ഗ്രഹിക്കുവാൻ എളുപ്പമല്ല. അവയുമായി അനേകവർഷക്കാലത്തെ പരിചയമാണെനിക്കുള്ളതെങ്കിലും ചില പദങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. തിരുവിതാംകൂറിൽ പുരാണവസ്തു വകുപ്പിൻെറ 'മേനോക്കി'കളായിരുന്ന ഗോപിനാഥറാവുവും, സുബ്രഹ്മണ്യയ്യരും, രാമനാഥയ്യരും വലിയ തമിഴ് പണ്ഡിതന്മാരായിരുന്നു. എന്നാൽ അവർക്കു പരിവർത്തനഘട്ടത്തിലെ മലനാട്ടുതമിഴിൻെറ പ്രത്യേകതകൾ ഗ്രഹിക്കുവാൻ കഴിഞ്ഞില്ലെന്നു വ്യക്തമാണു്. എന്നല്ല സാധാരണ മലയാളപദങ്ങളുടെ അർത്ഥംപോലും തെററിദ്ധരിക്കപ്പെട്ടിട്ടുണ്ടു്. ഊരാളർ=റവന്യൂഉദ്യോഗസ്ഥന്മാർ* (ക്ഷേത്രഭരണസമിതിയിലെ അംഗങ്ങൾ) കാരാളർ=അപരിഷ്കൃതരായ ജനങ്ങൾ (ക്ഷേത്രം വക വസ്തുക്കൾ കൃഷിക്കു ഏറെറടുക്കുന്നവർ) മിളിയും അതിൻ കരൈ പുരയിടമും = വയലും അതിൻെറ കരവും, വീടുനില്ക്കുന്ന സ്ഥലവും (വയലും അതിൻെറ കരയ്ക്കുള്ള പുരയിടവും) വെള്ളാട്ടി= വെപ്പാട്ടി (വേലക്കാരി) നിയതി = എല്ലായ്പോഴും (നിത്യം) കയ്യർ = സ്ത്രീകൾ (നീചന്മാർ) ചോറി = ഒഴുക്കു് (ചോര എന്നതിൻെറ പൂർവരൂപം) നടക്കാവു് = വിശ്രമസ്ഥലം (ചാലമരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ള റോഡ്) ആട്ടംകൊള്ളും = ഭരണത്തിനായിട്ടുള്ള

* ബ്രാക്കററിൽ കൊടുത്തിരിക്കുന്നതെല്ലാം ശരിയായ അർത്ഥം

(ആണ്ടുതോറും കിട്ടുന്ന) ആട്ടപ്പാട്ടം = ഒരു പഴയ നികുതി (ആണ്ടുതോറുമുള്ള പാട്ടം) ഇങ്ങനെയുള്ള അബദ്ധങ്ങൾ നിറഞ്ഞ അവരുടെ തർജ്ജമ മലയാളികളെപ്പോലും വഴി തെററിച്ചിട്ടുണ്ട്. ഊരാളൻ = കരംപിരിക്കുന്ന ഉദ്യോഗസ്ഥൻ. എന്ന് അർത്ഥം നൽകുമ്പോൾ ശരിയായ അർത്ഥം ചിന്തിക്കുവാൻ ഒരവസരം കിട്ടുന്നില്ല. ഇതുകൊണ്ടായിരിക്കാം പുരാണവസ്തു വകുപ്പിൽ നിന്ന് പ്രസിദ്ധംചെയ്ത ശബ്ദകോശത്തിൽ പല പദങ്ങളുടെയും അർത്ഥം ഗോപിനാഥറാവുവും മററും കൊടുത്തിട്ടുള്ളതുപോലെതന്നെ സ്ഥാനംപിടിച്ചിട്ടുള്ളത്. അതിലും കഷ്ടം മലയാള I ത്തിലുള്ള ശാസനങ്ങൾ മുഴുവൻ തമിഴ് ലിപിയിൽ അച്ചടിച്ചുവിട്ടിരിക്കുന്നതാണ്. എന്നാലേ മദ്രാസിലും മററുമുള്ളവർക്ക് വായിച്ചു മനസ്സിലാക്കുവാൻ കഴിയുകയുള്ളു എന്നതാണ് അതിനു സമാധാനം. മലയാളികൾക്ക് ആവശ്യമില്ലെന്നായിരുന്നു അവരുടെ വിചാരം! തമിഴർക്ക് മനസ്സിലാകാൻവേണ്ടി ശാസനങ്ങളിലെല്ലാം ചെറിയ മാററങ്ങളും വരുത്തിയിട്ടുണ്ട്. രാമനുക്കു എന്ന തമിഴ്‌രൂപം രാമൻ–കു രാമനു, രാമന്നു, രാമൻറു എന്നിങ്ങനെ മാറിവരും. ഈ രൂപങ്ങൾ വികൃതമെങ്കിലും ഭാഷാപരിണാമത്തിൽ വിലപ്പെട്ട രത്നങ്ങളാണ്. അതു മനസ്സിലാക്കാതെ രാമനുക്കു എന്നു തിരുത്തി തമിഴാക്കിയാൽ മദ്രാസുകാർക്ക് മനസ്സിലാകുമെങ്കിലും ഭാഷയുടെ അക്കാലത്തെ സ്വഭാവം ഇല്ലാതാകും. അതുപോലെ 'നിച്ചിലവു്' എന്നോ 'അമച്ചിലവു്' എന്നോ * കണ്ടാൽ നിച്ചൽ നടച്ചെലവു എന്നോ മറേറാ എഴുതാനുള്ളത് എഴുത്തുകാരൻ തെററിയെഴുതിയെന്ന അഭിപ്രായത്തിൽ അങ്ങനെ മാററും. ഈ ശാസനങ്ങളെല്ലാം യഥാർത്ഥരൂപത്തിൽ മലയാള ലിപിയിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിരുന്നെങ്കിൽ ഭാഷയുടെ ഉദ്ഭവത്തെപ്പററി ഇന്നുള്ള തെററിദ്ധാരണകൾ പലതും പണ്ടേക്കു പണ്ടേ നീങ്ങിപ്പോയേനെ. ഭാഷാദ്ധ്യാപകന്മാരെങ്കിലും അതു വായിച്ചുനോക്കി യാഥാർത്ഥ്യം ഗ്രഹിക്കുമായിരുന്നു.

കൊല്ലം ആദിശതകങ്ങളിലെ ഭാഷ വിലക്ഷണമായ തമിഴ് എന്നു തമിഴ്പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ലക്ഷദ്വീപിലെ ഭാഷയെപ്പററി വിലക്ഷണമായ മലയാളമെന്ന് ഇന്നു നാം പറയുന്നതുപോലെയാണിത്. എന്നാൽ ആ ശാസനങ്ങളെല്ലാം പാണ്ടിത്തമിഴിൽ എഴുതിയിട്ടുള്ളവയാണെന്നാത്രേ നമ്മുടെ ചില പണ്ഡിതന്മാരുടെ അഭിപ്രായം. കൊല്ലവർഷാരംഭംമുതലേ നല്ല മലയാളം വടക്കൻ പ്രദേശങ്ങളിൽ നടപ്പിലിരുന്നുവെന്ന് തികച്ചും തെററായ ഒരഭിപ്രായം മിക്ക പണ്ഡിതന്മാരും പുറപ്പെടുവിച്ചിട്ടുള്ളതായിക്കാണുന്നു. മഹാകവി ഉള്ളൂർ ഒരു കാലത്ത് ആ അഭിപ്രായത്തിന് എതിരായിരുന്നു. എന്നാൽ കേരളസാഹിത്യചരിത്രം വഴി അദ്ദേഹം ഇപ്പോൾ മലയാളം തമിഴിൻെറ അമ്മയാണെന്ന് പറയുന്ന കൂട്ടരുടെ മുൻപന്തിയിൽ സ്ഥാനം ഉറപ്പിച്ചിരിക്കയാണ്.

ഭാഷാചരിത്രകർത്താവ് ഉദ്ധരിക്കുന്ന ഒരു കോഴിക്കോടൻ രേഖയാണു തെററിദ്ധാരണയ്ക്കെല്ലാം കാരണമെന്നു തോന്നുന്നു. കൊല്ലം ആദിശതകങ്ങളിൽ ഉണ്ടായിട്ടുള്ള എത്രയോ രേഖകൾ ഇന്നു ലഭിച്ചിട്ടുണ്ട്. അവയെല്ലാം ഭാഷയുടെ പരിവത്തനദശയെ സൂചിപ്പിക്കുമ്പോൾ കൊല്ലം 25–ാമാണ്ടേത്തതെന്നു പറയുന്ന ഈ ഒരു രേഖമാത്രം നല്ല മലയാളത്തിൽ എങ്ങനെ ഉണ്ടായി? കൊല്ലം അഞ്ചാംശതകത്തിനുമുമ്പ് അതുപോലുള്ള ഭാഷയിലെഴുതിയിട്ടുള്ള ഒരു രേഖ കൂടി ഇന്നുവരെ ലഭിച്ചിട്ടുണ്ടോ? ആ ശാസനത്തിൻെറ ആദ്യഭാഗം താഴെ ഉദ്ധരിക്കുന്നു.

---

I മലയാളം എന്ന പേര് ഭാഷയ്ക്കു പറഞ്ഞു തുടങ്ങിയിട്ട രണ്ടു ശതാബ്ദത്തിൽ കൂടുതലായിയെന്നു തോന്നുന്നില്ല. ആശയം വിശദമാക്കുവാൻ ഇവിടെ മലയാളശാസനങ്ങളെന്നു പറഞ്ഞിട്ടുള്ളതാണ്.

* നിച്ചൽ, നിച്ചം, നിത്തം, ഈ പദങ്ങൾക്ക് നിത്യം എന്നർത്ഥം. നിച്ചം + ചിലവ് = നിച്ചച്ചിലവ് = നിച്ചിലവ്. അതുപോലെ അമച്ച + ചിലവ് = അമച്ചിലവ്. അമച്ച = ഏർപ്പെടുത്തിയ. അമച്ചിലവും നിച്ചിലവും മിശ്രഭാഷാരൂപങ്ങളാണ്.

"കുംഭവ്യാഴം. കർക്കടകം ഞായർ. 5-ാംനാ-ന്നമ്മുടയ കല്ലിക്കുളങ്ങര ഈമൂർ ഭഗവതി തിരുമുമ്പേ വടക്കേ നടയിൽ ശേഖരിവർമ്മ എന്ന തെക്കുംനാഥൻ നാലുക്രൂവാഴ്ചയും തമ്പുരാട്ടിയും രണ്ടു പെൺവഴി അനന്തിരവന്മാരും കൂറൂർ നമ്പൂതിരിപ്പാട്ടും നാട്ടുകാരും......നമ്മുടെ ഈമൂർ ഭഗവതി ദേവസ്വം നിലവും ഉഭയവും പാമ്പുംതൻ കരക്കാട്ടുത്ത കുളങ്ങളും 42 ചേരിക്കൽ മലയകം ചെമ്പന മുതൽ കാച്ചനടവരെയും മലയകം അകമല പുറമല ചിറമല കീഴ്മല വരേയും ഉള്ള 1200 കലം നെല്ലുവിതയ്ക്കാവുന്ന ഉഭയവും കല്ലും കാവരിയും പുല്ലും ഭൂമിയും ഉള്ള നാറുംവരെ മാന്യംവിട്ടു കൊടുത്തിരിക്കുന്നു."

ഇതിൽകാണുന്ന ക്രൂവാഴ്ച നിലവും ഉഭയവും രണ്ടു മുതലായരൂപങ്ങൾ ശ്രദ്ധേയമാണ്. കൊല്ലം മൂന്നാംശതകത്തിന്റെ ഉത്തരാർദ്ധത്തിനു മുമ്പ് ഇരണ്ടു എന്നല്ലാതെ രണ്ടു എന്ന് കേരളത്തിൽ ആരും പ്രയോഗിച്ചിരുന്നില്ല. ആ കാലത്താണു നമ്പൂതിരിമാർ ആദ്യമായി ഇരാമനെ രാമനാക്കിയും, ഇരായിരനെ രായിരനാക്കിയും പ്രയോഗിക്കാൻ തുടങ്ങിയതു്. ഇരണ്ടു എന്ന ശരിയായ തമിഴപദത്തിലെ ഇകാരവും ഭ്രമംമൂലം ചിലർ വേണ്ടെന്നുവച്ചു. എന്നാൽ 6-ാംശതകത്തിൽപോലും അതിനു സാധുത്വം സിദ്ധിക്കത്തക്കവണ്ണം പ്രയോഗബാഹുല്യം വന്നിട്ടില്ലായിരുന്നു. ഇരണ്ടുവിനെ രണ്ടാക്കുന്നതു് ഒരുത്തിയെ രുത്തിയാക്കുന്നതുപോലെ തെററാണെന്നു ലീലാതിലകകാരൻ പറയുന്നുണ്ടല്ലോ. 'ക്രൂവാഴ്ച' എന്ന പദം നാലാംശതകത്തിനുമുമ്പ് ഒരിക്കലും കാണാൻ കഴികയില്ല. വാഴ്കൈക്ക, വാഴ്ക്ക ഈ രൂപങ്ങളാണ് കൊല്ലം ആദിശതകങ്ങളിൽ കാണുന്നതു്. ലീലാതിലകത്തിൽ സ്വീകരിച്ചിട്ടുള്ള രൂപവും ക്രൂവ[I] വാഴ്ക്കയാണ്. 'നിലവും ഉഭയവും' എന്നു കണ്ടിട്ടു ഈരേഖ കൊല്ലം ഒന്നാംശതകത്തിലേതെന്നു വിശ്വസിക്കാൻ തോന്നിയതു് അത്ഭുതം തന്നെ. കൊല്ലംആദിശതകങ്ങളിലെല്ലാം നിലമും ഉഭയമും എന്നേ പ്രയോഗിക്കയുള്ളു. '1200 കലം നെല്ലു വിതയ്ക്കാവുന്ന' എന്നൊന്നും കൊല്ലം 4-ാം ശതകത്തിനു മുമ്പു പറകയില്ല. ചിറമല, കീഴ്മല എന്നിങ്ങനെ ഐകാരാന്തമല്ലാതെയുള്ള രൂപങ്ങളും കൊല്ലവർഷാരംഭത്തിൽ വരാൻ ഇടയില്ല. അതുപോലെതന്നെ കുളങ്ങര നമ്പൂതിരിപ്പാട്ട മുതലായ രൂപങ്ങളും. ശാസനത്തിന്റെ ആരംഭം അക്കാലത്തെ രീതിക്കാണെങ്കിൽ 'കുറവത്തൂറും വിയാഴംനിന്റെ കർക്കടകഞായിററു ഒ ചെ ന്റനാറം....' എന്നിങ്ങനെ ആയിരിക്കും. അതെല്ലാം പോകട്ടെ. കുംഭവ്യാഴം എന്നല്ലേ പറഞ്ഞിരിക്കുന്നതു? കൊല്ലം 25-ാംമാണ്ടു് കുംഭത്തിലാണോ വ്യാഴം? അല്ല; കുംഭത്തിൽനിന്നു നാലാമത്തെ രാശിയിൽ ഇടവത്തിലാണു നില്ക്കുന്നതു! പിന്നെങ്ങനെയാണ് കൊല്ലം 25-ാ മാണ്ടത്തെ രേഖ എന്നു ഭാഷാചരിത്ര കർത്താവു പറഞ്ഞതു്? തെക്കേഇന്ത്യയിലെ ശാസനങ്ങളുടെ കൂട്ടത്തിലെങ്ങും ഇങ്ങനെ ഒരു രേഖ പുരാണവസ്തു വകുപ്പിൽനിന്നു പ്രസിദ്ധം ചെയ്തു കണ്ടിട്ടില്ല. ശിലാരേഖ എന്നുപറയുന്നതുകൊണ്ടു് ഇപ്പോഴും ഉണ്ടായിരിക്കണമല്ലോ. എവിടെയാണെന്നു് അറിഞ്ഞെങ്കിൽ സ്ഥലത്തുപോയി ശരിയായ പാഠം എന്താണെന്നു ഗ്രഹിക്കാൻ ശ്രമിക്കാമായിരുന്നു. ഒരു വൈക്കം ഗ്രന്ഥവരിയും ആറവൂർ താമ്രശാസനവും ചെയ്ത കുഴപ്പം പോലെ ഈ കോഴിക്കോടൻ രേഖയും വലുതായ തെററിദ്ധാരണയ്ക്കു കാരണമായിത്തീർന്നിട്ടുണ്ടു്.

കൊല്ലം 25, 125, 225, 325, 525, 625 ഈ ആണ്ടുകളിലെങ്ങും വ്യാഴം കുംഭത്തിൽ വരികയില്ല; 425 ൽ കുംഭത്തിൽ ആണ്. ഒരു പക്ഷേ അന്നത്തേതായിരിക്കുമോ? ഭാഷയും ശാസനരീതിയും പരിശോധിച്ചതിൽ കുറേക്കൂടി പില്ക്കാ

I ക്രൂറവാഴ്ച്ച എന്നു കേരളസാഹിത്യചരിതം 414, 415 ഈ വശങ്ങളിൽ നാലുപ്രാവശ്യം ആവർത്തിച്ചു് ആവർത്തിച്ചു് പറയുന്നു. അച്ചടിത്തെററല്ലെന്നാണ് അന്വേഷണത്തിൽ അറിയുന്നതു്. മഹാകവി ഉപയോഗിച്ച ലീലാതിലകത്തിൽ (1105ൽ അച്ചടിച്ചതെന്നു പറഞ്ഞിട്ടുണ്ടു്.) വാഴക്ക എന്നു് അർദ്ധാക്ഷരം കൂടാതെ അച്ചടിച്ചിട്ടുണ്ടു്. അതിന്റെ അർത്ഥം ഗ്രഹിക്കാതെ 'വാഴയ്ക്ക' ആയതാണോ എന്നു നിശ്ചയമില്ല. ഏതായാലും ആ ഭാഗത്തു് ലീലാതിലകകാരനു തെററിപ്പോയെന്നു പറയുന്നതെല്ലാം മഹാകവിയുടെ സൂക്ഷ്മക്കുറവാണ്.

ലത്തതെന്നാണു തോന്നുന്നതു്. ശാസനത്തിൽ വ്യാഴത്തിന്റെ നിലയല്ലാതെ കൊല്ലവർഷമൊന്നും പ്രസിദ്ധംചെയ്ത ഭാഗത്തു പറഞ്ഞുകാണുന്നില്ല. പിന്നെ 25-ാം മാണ്ടത്തേതെന്നു പറവാൻ കാരണമെന്താണെന്നറിഞ്ഞുകൂട. ഏതായാലും 5-ാം ശതകത്തിനു മുമ്പുള്ളതല്ലെന്നു സ്പഷ്ടമായതുകൊണ്ടു് ഇതിനെപ്പററി കൂടുതൽ ചിന്തിക്കേണ്ട കാര്യമില്ല[I].

കൊല്ലം ആദിശതകങ്ങളിൽ ഉണ്ടായിട്ടുള്ള സകല രേഖകളിൽനിന്നും ഭിന്നമായിക്കാണ്ട ഈ രേഖ നിസ്സംശയം സ്വീകരിക്കുവാനും, മററുള്ളതിലെ ഭാഷാരീതി അവിശ്വസിക്കുവാനും നമ്മെ പ്രേരിപ്പിച്ചതു് ഭാഷാഭിമാനമല്ലാതെ മറെറാന്നുമല്ല. നമ്മുടെ ഭാഷയുടെ ഉദ്ഭവം എത്രത്തോളം പ്രാചീനമെന്നു കല്പിക്കുന്നുവോ അത്രത്തോളം ആ അഭിപ്രായത്തിനു വിലകൂടും എന്ന തോന്നൽ ചിലർക്കു് ഉള്ളപോലെ തോന്നുന്നു. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും തന്മൂലം അപൂർവ്വമല്ല. പണ്ഡിതവരേണ്യനായ ഡാക്ടർ ഗോദവർമ്മ അവർകളുടെ അഭിപ്രായമാണു താഴെ ഉദ്ധരിക്കുന്നതു്.

“മലയാളം ദ്രാവിഡഗോത്രത്തിൽനിന്നു പിരിഞ്ഞു മലനാട്ടിൽ പ്രത്യേക പരിതസ്ഥിതികളിൽ വളർന്ന ഒരു സ്വതന്ത്രഭാഷയാണു്. അതിപ്രാചീനമായ കാലത്തിൽ പോലും കേരളത്തിലെ ഭാഷ മലയാളം ആയിരുന്നു എന്നല്ലാതെ തമിഴോ, തമിഴിന്റെ ഒരു ഉപശാഖയോ ആയിരുന്നുവെന്നു വിചാരിക്കുന്നതു അസംഗതമാണു്.” “കേരളത്തിലെ വ്യവഹാരഭാഷ തമിഴിൽനിന്നും ഭിന്നമായി സ്വതന്ത്രമായ ഒരു നിലയാണു് ഏതൊരുകാലത്തും പുലർത്തിപ്പോന്നതു്. അതിനാൽ അനുനാസികാതിപ്രസരം തുടങ്ങിയ ആറു നയങ്ങൾ അനുസരിച്ചാണു മലയാളം തമിഴിൽനിന്നു വേർ പിരിഞ്ഞു നില്ക്കുന്നതു് എന്നുള്ള അഭിപ്രായം മലയാളം ഒരു സ്വതന്ത്രഭാഷയാണെന്നുള്ള വീക്ഷണത്തിൽ ആദരിക്കുവാൻ 1 നിർവ്വാഹമില്ല.” എന്നാൽ ഇതിനു നേർവിപരീതമായി “തമിഴും മലയാളവും ദ്രാവിഡഭാഷയുടെ ഒരു പൂർവ്വദശയിൽനിന്നും രണ്ടായി പിരിഞ്ഞു ഭിന്നങ്ങളായ സ്ഥലങ്ങളിൽ സ്വതന്ത്രമായി വളർന്നുവന്നു”[2] എന്നും മലയാളം മററു ദ്രാവിഡഭാഷകളെക്കാൾ തമിഴിനോടു കൂടുതൽ ചാച്ച് പ്രദർശിപ്പിക്കുന്നതിനു കാരണം മലയാളത്തിനും തമിഴിനും സമാനമായ ഒരു പൂർവ്വദശ ഉണ്ടായിരുന്നതിന്റെ ഫലമത്രേ. പില്ക്കാലത്തു രണ്ടു ഭാഷകളായി പിരിഞ്ഞതിനുശേഷം വർണ്ണവികാരവിഷയകമായി തമിഴിലും മലയാളത്തിലും ചില വിഭിന്ന സ്വഭാവങ്ങൾ പ്രതിഷ്ഠ നേടി[3] എന്നും പറയുന്നു. മലയാളത്തിനും തമിഴിനും സമാനമായ ഒരു പൂർവ്വദശ ഉണ്ടായിരുന്നുവെന്നു പറയുന്നതും ഏതൊരു കാലത്തും കേരളത്തിലെ ഭാഷ മലയാളം തന്നെയായിരുന്നു എന്നു പറയുന്നതും പരസ്പരവിരുദ്ധമാണല്ലോ.

മലയാളവും തമിഴും ഒരേ ഭാഷതന്നെ രണ്ടായി പരിണമിച്ചതെന്നു പറഞ്ഞാൽ മലയാളം മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയല്ലെന്നു വന്നുപോകും എന്നൊരു ധാരണ ചിലർക്കില്ലേ എന്നു ശങ്കിക്കുവാൻ അവകാശമുണ്ടു്. കേരളത്തിലെ വ്യവഹാരഭാഷയായിരുന്ന തമിഴ് മലയാളമായി പരിണമിച്ചതുപോലെ തെലുങ്കു്, കർണ്ണാടകം മുതലായ ദേശങ്ങളിലെ പൂർവ്വഭാഷയും പല ഘട്ടങ്ങളെയും തരണം ചെയ്താണു് ഇന്നത്തെ നിലയെ പ്രാപിച്ചിട്ടുള്ളതു് എന്ന വസ്തുത അവർ വിസ്മരിക്കുന്നതുപോലെ തോന്നുന്നു. ഇന്നത്തെ തെലുങ്കും, കർണ്ണാടകവും തമിഴും, മലയാളവും എല്ലാം സഹോദരഭാഷകളാണു്. മൂലദ്രാവിഡഭാഷയുടെ ഒരു അംശം ഇന്നത്തെ തെലുങ്കു കർണ്ണാടകങ്ങളുടെ പൂർവ്വഭാഷയായി രൂപാന്തരം പ്രാപിച്ചതിനുശേഷവും കുറേക്കാലം ചേരചോള

I ഉള്ളൂർ ഈ കോഴിക്കോടൻ രേഖയെപ്പററി ഒന്നും പറയുന്നില്ല. 426 ലെ ആററൂർ താമ്രശാസനമാണു് തനി മലയാളത്തിലെ ആദ്യത്തെ രേഖയായി അദ്ദേഹം സ്വീകരിക്കുന്നതു് കേ. സാ. ച വശം 267

1 കേരളഭാഷാവിജ്ഞാനീയം. വശം— 108, 136. 2. വശം — 198.

3 കേരളഭാഷാവിജ്ഞാനീയം. വശം — 196

പാണ്ഡ്യദേശങ്ങളിലെ ഭാഷ ഒന്നുതന്നെയായിരുന്നുവെന്നതു് ചരിത്രപരമായ പരമാർത്ഥമാണു്. അതു് ആക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. തമിഴ് എന്നു വിളിച്ചുവന്ന ആ ഭാഷ രണ്ടായി പിരിഞ്ഞു് പല ഘട്ടങ്ങളും തരണംചെയ്താണു് ഇന്നത്തെ തമിഴ് മലയാളങ്ങളായി പരിണമിച്ചതു്. അതുകൊണ്ടു് തമിഴ് മലയാളങ്ങൾ തെലുങ്കു കന്നടകങ്ങളെക്കാൾ നൂതനങ്ങളാകുകയില്ല. എന്തെന്നാൽ അന്നത്തെ തെലുങ്കു, കന്നടക ദേശങ്ങളിലെ ഭാഷ ഇന്നത്തെ തെലുങ്കു കന്നടകങ്ങളല്ല, അവയുടെ പൂർവ്വരൂപമാണു്.

മഹാകവി ഉള്ളൂർ കേരളസാഹിത്യ ചരിത്രത്തിൽ ഇപ്രകാരം പറയുന്നു:— "ദക്ഷിണദ്രാവിഡത്തിന്റെ പൂർവ്വരൂപത്തെയാണു് നാമിന്നു മലയാളമെന്നു പറയുന്നതെന്നും ചെന്തമിഴിന്റേയും അതിനു വിധേയമായ ചോള പാണ്ഡ്യദേശങ്ങളിലെ ഇന്നത്തെ വ്യവഹാരഭാഷയുടേയും ആവിർഭാവം അതിനു പിന്നീടാണെന്നും ഉള്ള വസ്തുത [1] പണ്ഡിതന്മാർ പരക്കെ സമ്മതിക്കുന്നു." എന്താണു് ഇതിന്റെ അർത്ഥമെന്നു് മനസ്സിലാകുന്നില്ല. നാമിന്നു മലയാളമെന്നു പറയുന്നതു ദക്ഷിണദ്രാവിഡത്തിൽ അതിപ്രാചീനകാലത്തു് ഉപയോഗിച്ചിരുന്ന ഭാഷയെ ആണോ? ഈ അഭിപ്രായം വളരെ വിചിത്രമായിരിക്കുന്നു! "മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയെന്നോ, കനിഷ്ഠസോദരിയെന്നോ അല്ല പറയേണ്ടതെന്നും, അങ്ങനെ ഒരു സംബന്ധം കല്പിക്കുകയാണെങ്കിൽ മാതാവെന്നോ, ജ്യേഷ്ഠത്തിയെന്നോ ആണു വേണ്ടതെന്നും" [2] വീണ്ടും മഹാകവി അഭിപ്രായപ്പെടുന്നു. ഒരു കാലത്തു് "പശ്ചിമ പർവ്വതങ്ങൾക്കു കിഴക്കും പടിഞ്ഞാറുമുള്ള തമിഴകത്തിൽ സംസാരിച്ചുവന്ന ഭാഷ പ്രായേണ ഒന്നുതന്നെയായിരുന്നു"വെന്നു [3] സമ്മതിക്കുകയും ചെയ്യുന്നുണ്ടു്. ഒരേഭാഷതന്നെ രണ്ടായി പിരിഞ്ഞു എന്നു പറഞ്ഞാൽ അതു് ഒരേ കാലത്തു നടക്കാനേ ഇടയുള്ളല്ലോ. പിന്നെങ്ങനെയാണു് ഒന്നു് മറ്റൊന്നിന്റെ ജ്യേഷ്ഠത്തിയോ അമ്മയോ ആകുന്നതു്? 'ഇന്നത്തെ തമിഴിന്റെ' എന്നു പ്രത്യേകം പറയുന്നതുകൊണ്ടു് മലയാളത്തെ എന്നു പറഞ്ഞിട്ടുള്ളതും ഇന്നത്തെ മലയാളത്തെ ഉദ്ദേശിച്ചാണെന്നു വിചാരിക്കാം. ഇന്നത്തെ മലയാളം എന്നതിന്റെ അർത്ഥം എഴുത്തച്ഛനുശേഷം ഉള്ള മലയാളം എന്നു് അദ്ദേഹംതന്നെ സ്പഷ്ടമാക്കിയിട്ടുണ്ടു്. ഇന്നത്തെ തമിഴെന്നു സാധാരണ വ്യവഹരിക്കുന്നതു 15-ാം ശതകത്തിനു ഇപ്പുറമുള്ള തമിഴ് ഭാഷയെയാണെന്നുള്ളതു സുസമ്മതവുമാണു്. [4] അപ്പോൾ 15-ാം ശതകത്തിനു ശേഷമുള്ള തമിഴിന്റെ ഉദ്ഭവം 16ാം ശതകത്തിനു ശേഷമുള്ള മലയാളത്തിൽനിന്നാണെന്നു വന്നുകൂടുന്നു.

[ഒരുപക്ഷേ ഇന്നത്തെ മലയാളം എന്നു് മഹാകവി ഉദ്ദേശിക്കുന്നില്ലെന്നുവരാം. പഴയകാലത്തെ മലനാട്ടുതമിഴിൽനിന്നാണു് ഇന്നത്തെ പാണ്ടിത്തമിഴ് ഉദ്ഭവിച്ചതെന്നോ വിചാരിക്കുന്നുള്ള എങ്കിൽതന്നെയും അതു് അബദ്ധമാണു്. പാണ്ഡ്യചോളദേശങ്ങളിൽ വ്യവഹരിച്ചിരുന്ന തമിഴാണു് ഇന്നത്തെ തമിഴായി പരിണമിച്ചതെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടു്.]

ഒരു നാട്ടിലെ ഭാഷയുടെ മാതൃസ്ഥാനത്തു മറ്റൊരുനാട്ടിലെ ഭാഷയെ കല്പിക്കുന്നതു് കേവലം അനുചിതമെന്നേ പറയാനുള്ളു. എന്തെന്നാൽ മലനാട്ടിലെ തമിഴുതന്നെയാണു പലവിധ പരിണാമങ്ങളും സംഭവിച്ചു മലയാളമായിത്തീർന്നതു്; പാണ്ടിനാട്ടിലെ തമിഴല്ല. അതുപോലെ പാണ്ഡ്യചോളദേശങ്ങളിലെ പൂർവ്വകാലത്തെ വ്യവഹാരഭാഷയാണു് ഇന്നത്തെ തമിഴായി പരിണമിച്ചതു്; മലനാട്ടു തമിഴല്ല. ഒരു ദേശത്തെ ഭാഷയുടെ മാതാവായി ആ ദേശത്തെ പൂർവ്വഭാഷയെ കല്പിക്കുന്നതും പൂർണ്ണമായി ശരിയാണോ

I കേരളസാഹിത്യചരിത്രം. വശം 27. 2 കേരളസാഹിത്യചരിത്രംവശം, 31.
3 കേരളസാഹിത്യചരിത്രം. വശം 31.
4 ഡാക്ടർ പി. എസ്. സുബ്രഹ്മണ്യയ്യർ എഴുതിയിട്ടുള്ള History of grammatical theories in Tamil എന്ന ഗ്രന്ഥം നോക്കുക.

എന്നു് സംശയിക്കണം. പൂർവഭാഷാശരീരം തന്നെ വളരെക്കാലത്തെ പരിവർത്തനംകൊണ്ടു് നൂതനഭാഷയായിത്തീരുകയാണ ചെയ്യുന്നതു്. നൂതനഭാഷയുടെ ഉദയത്തിൽ പൂർവഭാഷ നിലനില്ക്കുന്നില്ല. ഏതായാലും ഇന്നത്തെ തമിഴിന്റെ അമ്മയോ ജ്യേഷ്ഠത്തിയോ ആണു മലയാളമെന്ന മഹാകവിയുടെ അഭിപ്രായം തമിഴിന്റെ പുത്രിയാണു മലയാളമെന്ന അദ്ദേഹത്തിന്റെ മുൻ അഭിപ്രായം പോലെ അസംഗതം എന്നാണു വിചാരിക്കേണ്ടതും

“മലനാട്ടിലെ വ്യവഹാരഭാഷ പല വിഷയങ്ങളിലും തമിഴിനെ അപേക്ഷിച്ചു പ്രാചീനതരമാണെന്നു്” ഡാക്ടർ ഗോദവർമ്മയും അഭിപ്രായപ്പെടുന്നു. ആററൂരും ഉള്ളൂരും പറയുന്ന ചില കാരണങ്ങൾതന്നെയാണു് അദ്ദേഹവും ചൂണ്ടിക്കാണിക്കുന്നതു്. മൂലദ്രാവിഡഭാഷയിൽ ഉണ്ടായിരുന്നതായി സങ്കല്പിക്കപ്പെടുന്ന ചില പൂർവ്വരൂപങ്ങൾ മലയാളത്തിൽ കാണുന്നുണ്ടെന്നും തമിഴിൽ കാണുന്നില്ലെന്നുമുള്ളതാണു് എല്ലാവരും പറയുന്ന യുക്തി. ഉള്ളൂർ സ്വരസംവരണവും, പുരുഷഭേദനിരാസവും, അനുനാസികാതിപ്രസരവും, താലവ്യാദേശവും മററു ഭാഷയിൽ സംഭവിച്ചിട്ടില്ലെന്നും മൂലദ്രാവിഡരൂപങ്ങൾ അതേനിലയിൽ സംരക്ഷിക്കപ്പെടുന്ന മലയാളം തമിഴിനെക്കാൾ വളരെ പ്രാചീനമാണെന്നും കാണിക്കുന്നതിനു് ഒന്നു്, രണ്ടു് എന്നിങ്ങനെ എട്ടുവരെ അക്കമിടുകയും ചെയ്യുന്നുണ്ടു്. അവയെപ്പററി എല്ലാം സവിസ്തരം ഇവിടെ ചർച്ചചെയ്യണമെന്നു വിചാരിക്കുന്നില്ല. താലവ്യാദേശരൂപങ്ങളും അനുനാസികരൂപങ്ങളും തമിഴിൽതന്നെ ഉണ്ടെങ്കിലും കൊല്ലം ഒന്നാംശതകാരംഭം മുതൽ ക്രമേണ ആവക രൂപങ്ങൾ മലനാട്ടു തമിഴിൽ വർദ്ധമാനമായിത്തീരുന്നതും ആ ശതകത്തിന്റെ അവസാനത്തോടുകൂടി സ്വരസംവരണവും കുറേക്കൂടി കഴിഞ്ഞു പുരുഷഭേദനിരാസവും ആരംഭിക്കുന്നതും മററു വഴിയേ വ്യക്തമാകുന്നതാണു്.

ചില പ്രാചീന പദങ്ങളും രൂപങ്ങളും തമിഴിൽ ലുപ്തപ്രചാരമായിപ്പോയിട്ടും മലയാളത്തിൽ സംരക്ഷിക്കപ്പെടുന്നു എന്നതിൽ സംശയമില്ല. മതി, തെല്ലു് എന്നു രണ്ടു പദങ്ങൾ പ്രാചീന സംഘകൃതികളിൽ മലയാളത്തിലെ അർത്ഥത്തിൽ കാണുന്നുണ്ടെന്നു മഹാകവി ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. ഇപ്പോൾ തമിഴർക്കു് ആ പദങ്ങളുടെ അർത്ഥം മനസ്സിലാവുകയില്ലെന്നുള്ളതു വാസ്തവം തന്നെ. എന്റെ കണക്കായി ഒന്നുകൂടെയിരിക്കട്ടെ. പട്ടട, മലയാളത്തിലെ അർത്ഥത്തിൽ പണ്ടു പാണ്ടിനാട്ടിലും ഉപയോഗിച്ചിരുന്നു. കുരക്കപ്പട്ടടൈ (ശ്മശാനം) എന്ന പദം തന്നെ ഇതിനുദാഹരണമാണു്. പക്ഷേ ഇതിന്റെ മറുവശം കൂടി നാം ചിന്തിക്കണം. പ്രാചീനകാലത്തു സർവസാധാരണമായി കേരളത്തിൽ ഉപയോഗിച്ചിരുന്ന മിളി, കഴനി, പുലം, മിക, ഉരൈ, മരക്കലം, കൂത്തു, മടയി, വെള്ളാട്ടി തുടങ്ങിയുള്ള പദങ്ങളുടെ അർത്ഥം ഇന്നു മലയാളികൾക്കു് സാമാന്യമായി മനസ്സിലാക്കാൻ കഴിയുമോ? തമിഴർക്കു ഗ്രഹിക്കാൻ പ്രയാസവുമില്ലല്ലോ. അതുകൊണ്ടു മലയാളത്തേക്കാൾ പ്രാചീനമായിട്ടുള്ളതു് തമിഴാണെന്നും വാദിച്ചുകൂടേ?

ഈ വാദങ്ങളെല്ലാം നിരർത്ഥകമാണു്. ഒരേഭാഷതന്നെ രണ്ടായി പിരിഞ്ഞു് പ്രത്യേക പരിതസ്ഥിതികളിൽ വളന്നാൽ ചില പ്രാചീന പദങ്ങളും പ്രയോഗങ്ങളും ഒരു ശാഖയിൽ കാണുന്നുണ്ടെങ്കിൽ മററു ചില പ്രാചീനപദങ്ങളും പ്രയോഗങ്ങളും മറേറ ശാഖയിലും കണ്ടെത്തിയെന്നുവരും. അതുകൊണ്ടു് ഒന്നു മറേറതിനെക്കാൾ പ്രാചീനമെന്നു പറയുന്നതു ശരിയല്ല. കൂടാതെ പ്രാചീനപ്രയോഗങ്ങൾ ഉൾക്കൊള്ളുന്നു എന്ന കാരണംകൊണ്ടു് മലയാളം തമിഴിനെക്കാൾ പ്രാചീനമെന്നും, തമിഴിന്റെ അമ്മയാണെന്നും മററും പറയുന്നതു് സൂക്ഷിച്ചുവേണം. അതേ കാരണംകൊണ്ടു ലക്ഷദ്വീപിലെ മലയാളം ആണു് ഇന്നത്തെ കേരളത്തിലെ മലയാളത്തിന്റെ അമ്മയെന്നും പറയേണ്ടിവരും. ക്രിയയോടുകൂടി ലിംഗവചനപ്രത്യയങ്ങൾ ചേക്കുക തുടങ്ങി പ്രാചീന മലയാളത്തിന്റെ പല സ്വഭാവവിശേഷങ്ങളും ആ ഉപഭാഷയിൽ ഇന്നും കാണാൻ കഴിയും. ചുരുക്കത്തിൽ പ്രാചീനരൂപങ്ങൾ സംരക്ഷിക്കപ്പെടുന്നു

എന്നുള്ളതിനെ ആസ്പദമാക്കി ഒരു ശാഖ മറ്റൊരു ശാഖയെക്കാൾ പ്രാചീനമെന്നു പറയുന്നതു തീരെ ശരിയല്ലെന്നാണ് എനിക്കു തോന്നുന്നതു്.

## II

കൊല്ലവർഷാരംഭത്തിൽ മലനാട്ടു തമിഴിൻെറ സ്ഥിതി എന്തായിരുന്നുവെന്നു അടുത്തതായി ചിന്തിക്കാം. കേരളത്തിൽ ഇതുവരെ ലഭിച്ചിട്ടുള്ള രേഖകളിൽ ഏറ്റവും പ്രാചീനമായിട്ടുള്ളതു കൊല്ലവർഷം ആരംഭിക്കുമ്പോൾ കേരളം വാണുകൊണ്ടിരുന്ന രാജശേഖര ചക്രവർത്തിയുടെ വാഴപ്പള്ളി ശാസനമാണ്. കൊല്ലം 5-ാമാണ്ടു് അടപ്പിച്ചുണ്ടായ ആ ശാസനത്തിൽ നിന്നു് ഏതാനും വരികൾ താഴെ ഉദ്ധരിക്കുന്നു.

നമശ്ശിവായ. ശ്രീരാജാധിരാജപരമേശ്വര ഭട്ടാരക രാജശേഖരദേവർക്കു ച്ചെല്ലാനിൻെറ യാണ്ടു പന്നിരണ്ടു. അവ്വാണ്ടു തിരുവാററുവായ് പതിനെട്ടു നാട്ടാരും വാഴൈപ്പള്ളി ഊരാരുംകൂടി രാജശേഖരദേവർ തൃക്കൈക്കീഴ് വൈത്തുച്ചെയ്ത കച്ചം. 1. തിരുവാററുവായ് 2 മുട്ടാപ്പലിവിലക്കുവാർ പെരുമാനടി 3 കട്കു ന്രൂറുതീ 4 നാരം തണ്ട 5 പ്പടുവതു. മാതൃപരിഗ്രഹമും ചെയ്താവതു.........തണ്ടം തൈപ്പൂയത്തിനാൾ ഉച്ചിപ്പലി 6 ഇൻമുൻകുടപ്പതു. കുടാതു വിടിലിരട്ടി കടവിയരാവതു. കുള 7 ലാത മൂടൈയാനാർക്കു കുടക്കപ്പെട്ട പൂമിയാവന..........ന്രൂറുനാഴി 8 ഉം ഊരകത്തു പീലിക്കോട്ടു പുറൈ ഇടമും 9 മത നരുകേ 10 കാവതി 11 കണ്ണഞ്ചങ്കരൻ പുറൈ ഇടത്തിൻ 12 മേന്നൂറെറപതി ത്തുണിനെല്ലു 13 മൂൻറുതീനാരമും ഐയൻകാട്ടു മാറത്തിലിരണ്ടു വേലി 14 ഉം"

മലനാട്ടുതമിഴ് പ്രത്യേകം ഒരു ഭാഷയായിത്തീരാൻ ആരംഭിച്ചു തുടങ്ങി എന്നു് ഈ ശാസനത്തിൽ പ്രകടമായിക്കാണുന്ന മിശ്രഭാഷയുടെ പ്രേരണയിൽനിന്നു മനസ്സിലാക്കാം. വ്യാകരണകാര്യങ്ങളിൽ പാണ്ടിത്തമിഴിൽനിന്നു വ്യത്യാസങ്ങൾ കാണുന്നുണ്ടു്. വര ഇട്ടിരിക്കുന്ന മുഴുവൻ ഗ്രന്ഥാക്ഷരത്തിലും മറ്റെല്ലാം വട്ടെഴുത്തിലും ആണു് എഴുതിയിട്ടുള്ളതു്. ഗ്രന്ഥാക്ഷരമാണു് സംസ്കൃതവും പ്രാകൃതവും എഴുതുന്നതിനു് ഉപയോഗിച്ചുവന്നതു്. തമിഴ് എഴുതുന്നതിനു വട്ടെഴുത്തും. വട്ടെഴുത്തിൽ ദ്രവിഡസംഘാതാക്ഷരങ്ങൾ മാത്രമേ ഉള്ളല്ലോ. അതുകൊണ്ടു് സംസ്കൃതപദങ്ങൾ തത്സമമായി എഴുതേണ്ടപ്പോൾ വട്ടെഴുത്തിനിടയിൽ ഗ്രന്ഥാക്ഷരം ചേർത്തെഴുതുക പതിവായിരുന്നു. ഈ പതിവു കൊല്ലവർഷാരംഭത്തിനു മുമ്പേ തുടങ്ങിക്കഴിഞ്ഞുവെന്നു് ഈ ശാസനത്തിൽനിന്നു വ്യക്തമാണു്. അതോടു

1 കച്ചം, പരിചു, പരിതു, പരി ഈ പദങ്ങൾക്കെല്ലാം ഏർപ്പാടു് എന്നർത്ഥം. 2 ക്ഷേത്രത്തിലെബലിക്കു് ഇങ്ങനെ പറയും' മുട്ടാത്തബലി മുട്ടാപ്പലി. cf. ചാവാമൂവാപേരെരുമ=ചാവുകയോ വയസ്സാവുകയോ ചെയ്യാത്ത വലിയ എരുമ. 3 പെരുമാൾ=ചക്രവർത്തി, ഈശ്വരൻ ഇവിടെ ചക്രവർത്തി എന്നർത്ഥം. അടികൾ + കു =അടികട്കു എന്ന സന്ധി. മലയാളരീതിക്കു് അടികൾക്കു എന്നും ഒന്നാം ശതകത്തിൽ തന്നെ കാണാം. 4 തീനാരം=ദീനാരം. റോമൻ നാണയങ്ങളുടെ മാതൃകയിൽ ഉള്ളതും കൊല്ലം ആരംഭത്തിൽ ഉപയോഗിച്ചിരുന്നതുമായ ഒരു സ്വർണ്ണനാണയം. ഒന്നാം നൂററാണ്ടിനുശേഷം അതിൻെറ ഉപയോഗം നിലച്ചുപോയി. 5 തണ്ടം=പിഴ. തണ്ടപ്പടുവതു=പിഴ ഒടുക്കണം. 6 ഉച്ചിപ്പലിയിൻ മുൻ. പ്രാകൃതത്തിൽ ഹി-അ അം എന്നെഴുതിയാൽ ഹിയയം എന്നു വായിക്കും. (ഹൃദയം എന്നർത്ഥം.) ആ രീതിയിലാണു് ഇവിടെയും എഴുതിയിരിക്കുന്നതു്. നമ്പൂതിരിമാർ ഇങ്ങനെ സർവസാധാരണമായി 4-ാം ശതകത്തിലും എഴുതിവന്നു. 7 കൈലാതം 8 നാഴിയും 9 പുറൈയിടമും 10 പുറൈയിടമും അതനരുകേ എന്നാണു്. ആവശ്യം കൂടാതെ ഒരു മകാരം കൂടി ചേർത്തു് ഇങ്ങനെ എഴുതുക പതിവായിരുന്നു. 11 അമ്പട്ടൻ 12 പുറൈയിടത്തിൻ മേൽ= പുറൈയിടത്തിൽനിന്നു്. മേൽ സപ്തമി അർത്ഥത്തിലും പഞ്ചമിഅർത്ഥത്തിലും 4-ാം ശതകത്തിലും ഉപയോഗിച്ചിരുന്നതായി മനസ്സിലാക്കാം. അതിൽമേൽ എന്തു കിട്ടും എന്നു് ഇപ്പോഴും അതിൽനിന്നു് എന്തു കിട്ടും എന്ന അർത്ഥത്തിൽചില സ്ഥലങ്ങളിൽ പറയും. മേൽ എന്നതിലെ ൽ ലോപിപ്പിച്ചിരിക്കുന്നു. അതുപോലെന്നൂറെറപതിൻ എന്നതിൻെ 'ൻ' എഴുതിയിട്ടില്ല. ഈ രീതി 6-ാം ശതകത്തിലും തുടർന്നു വന്നു. അരക്കാമ്പ, പൊങ്ങ, മുരണ്ടേകോറേറ തുടങ്ങിയ ലീലാതിലകപ്രയോഗങ്ങൾ ഈ വസ്തുത തെളിയിക്കുന്നു. 13 നെല്ലു മൂൻറു തീനാരമും. രാമഃ കൃഷ്ണശ്ച എന്ന സംസ്കൃതംപോലെ. 14 വേലിയും-ഏകദേശം ആറേമുക്കാൽ ഏക്കർ ആണു് വേലി.

കൂടി മലനാട്ടുതമിഴിനു ലിപിദാരിദ്ര്യം ഇല്ലാതായി എന്നു പറയാം.

വാഴപ്പള്ളി ശാസനത്തിനടുത്തുതന്നെ കൊച്ചിയിൽ ചേന്നമങ്ങലത്തു് ഉണ്ടായിട്ടുള്ള ഒരു ശാസനത്തിലെ ഭാഷാരീതി പരിശോധിക്കാം.

No. 2 "സ്വസ്തിശ്രീ. (1) പറൈയ്യൂർ ഊരാരും (3) പരടൈ യാരും (4) പൊതുവാളും (5) അവിരോധത്താൽ തിരുക്കൈക്കീഴ് (7) കൂടിയിരുന്നു എഴുതിന കച്ചമാവതു ........... ചങ്കരനാരായണൻ പെരുവാരത്തു പടാരർക്കു കുടുക്കടെ വിയ (8) ഇറൈയാവതു (9) ആട്ടു (10) അറുപതു പങ്കു നെയ്യാട്ടക്കടവൻ (11). ഇദ്ഭൂമിയിർ പുക്കു വിലക്കുവിതും പൊരുൾ കവർവിതും മററു (12) താനും അവ്വൂരിലിരുക്കും കുടികളൈയാക, ഒരു നമൈമത്തിന്മൈ ചെയ്യുവും പെ ററാർ (13) ഊരാരും പരടൈയാരും പൊതുവാളും. ഇവ്വു മൈച്ചു (14) അറുപതുപങ്കു നെയ്യും ആട്ടാണ്ടു (15) ആട്ടക്കടവിയതു (16). തങ്കൾ കുറൈ വിനാൽ (17) അട്ടാതൊഴികിൽ (18) മട്ടി രട്ടി (19) കൊള്ളു (20) വേണ്ടും".

കൊല്ലം 24-ാമാണ്ടത്തെ തരിസാപ്പള്ളി ശാസനങ്ങളിൽ കാണുന്ന ഈശോവാൽ എന്ന കമ്മണിപ്രയോഗവും ചെയ്യിച്ചു, ചമൈച്ചു എന്നീ പദങ്ങളിലെ താലവ്യാദേശവും ആണ്ടുൾച്ചെല്ലാനിൻറ എന്ന സന്ധിയും പരിതു (പരിചു എന്നാണു പാണ്ടിത്തമിഴ്) തുടങ്ങിയ രൂപങ്ങളും ശ്രദ്ധേയമാണു്.

കൊല്ലം 36-ാമാണ്ടത്തെ ഒരു ശാസനത്തിൽനിന്നു് കുറച്ചുഭാഗം താഴെ ചേക്കുന്നു.

No. 3. ശ്രീ കോത്താണു ഇര വികു (1) ചെല്ലാനിൻറയാണ്ടു പതിനേഴ. ഇവ്വാണ്ടു തിരുവാററുവായ് (2) സഭൈയുമടികൾ (3) മാരുമവിരോതത്താൽ കൂടിച്ചെയ്ത കച്ചം. ......ചേന്നഞ്ചേനാനാർ (4) കരി പതിൻകല (5) മ്ം കാടേറു ഐന്തുററു നാഴിയും. ഊട്ടും മുട്ടികുവ രാർ (6) ഐമ്പത്തുനാലു കാണം (7) പൊൻപഴങ്കാശു നോടു (8) ഒപ്പുതു. ഇത ണ്ടമിട്ടു (9) ഊട്ടുമട ക്കടവർ (10). ഇരണ്ടും ചെയാതൊഴികിൽ അവർ ........തുടവുനെയ്യും (11) പയറും ചരുകരൈയും വാഴൈപഴമു കൂട ഊടകടവർ (12) എണ്ണൈയു അടകടവർ (13) ഉച്ച അകതു പതീറടി (14) തുടങ്കി അന്തിയിൽ മുന്നാടുക. തേവർ കു എണാഴിഅരിചികൊണ്ടു നിവേതിക കടവർ. ഉഴക്കുനെയ്യും നിവേതിക മൂഴക്കുനെയ കൊണ്ടു തിരുവിളക്കുവൈക. നാനാഴി അരിചികൊണ്ടു പൂതപലിഊട ക ടവർ."

കൊല്ലം ഒന്നാംശതകത്തിൻെറ ആരംഭത്തിൽതന്നെ മലനാട്ടു തമിഴ് ഒരു പ്രത്യേകഭാഷ

(1) ഗ്രന്ഥാക്ഷരം ഉപയോഗിച്ചിരിക്കുന്നു. (2) പറവൂർ (3) നാട്ടുക്കൂട്ടം (4) ക്ഷേത്രഭരണസമിതി (5) പരടൈയുടെ സെക്രട്ടറി. 6. ഐകകണ്ഠ്യേന. (7). ചക്രവത്തിയുടേയോ കോയിലധികാരിയുടേയോ ആദ്ധ്യക്ഷത്തിൽ. (8) കൊടുക്കേണ്ടതായ. 9. ഭോഗം. (10) ആണ്ടിൽ (11) നെയ്യ് അളക്കണം.

(12) വസ്തുവിൽ പ്രവേശിച്ച് കൃഷിതടയുകയും ആദായം അപഹരിക്കുകയും മററും. 13. ചെയ്യും കൊള്ളും എന്നെല്ലാം നാമമായി ഉപയോഗിച്ചിരുന്നു. പെററാർ എന്നതിലെ 'റ' ട ആണെന്നു വിചാരിച്ചാൽ അത്ഥം കിട്ടും. (14) ഈ ഏല്പെട്ടുത്തിയ (15) ആണ്ടുതോറും. (16) അളക്കണം. സംസ്കൃതത്തിലെ വിധിലിങ് അത്ഥം. (17) കുററം. (18) അളക്കാതിരുന്നാൽ (19) മുട്ടിച്ചതു് എത്രയോ അതിൻെറ ഇരട്ടി. (22) കൊള്ളണം വാങ്ങണം.

ശ്രീ. സഭൈ, ഈ വാക്കുകൾമാത്രം ഗ്രന്ഥാക്ഷരം ഉപയോഗിച്ചു എഴുതിയിരിക്കുന്നു. I കോ—രാജാവു് സ്ഥാണു രവിചക്രവത്തിക്കു്. കൊല്ലം 19-ൽ രാജ്യഭാരം തുടങ്ങി. കേരളത്തിലെ ഇരുളടഞ്ഞ ഏടുകൾ എന്ന പുസ്തകം നോക്കുക. (2) വിരുവാററുവാ ചങ്ങനാശേരിയിൽവാഴപ്പള്ളിക്കടുത്തു്. രാജശേഖരൻെറശാസനത്തിൽ രണ്ടുസ്ഥലവും പറയുന്നുണ്ടു്. ഇപ്പോഴത്തെപേർ എനിക്കറിഞ്ഞുകൂടാ. (3) അടികൾമാർ എന്നു മലയാളസന്ധി, തമിഴ്രീതിക്കു് അടികണ്മാർ എന്നും 6-ാംശതകം വരെ കാണാം. അനുനാസികാതിപ്രസരത്തിൻെറ ആരംഭം. (5) കലമും (6) മുട്ടിക്കുമവർ (7) $\frac{1}{10}$ കഴഞ്ചു. (8) പഴം കാശു = ഒന്നും രണ്ടും ശതകങ്ങളിൽ സാധാരണമായി ഉപയോഗിച്ചിരുന്ന ഒരു സ്വർണ്ണനാണയം. അതിനൊപ്പം മാററും ശുദ്ധിയുമുള്ള എന്നു സാരം. (9) ഇതിനുശേഷം വരച്ചിരിക്കുന്ന അക്ഷരങ്ങൾഎല്ലാം ഇരട്ടിക്കേണ്ടതാണു്. നമ്പൂതിരിമാർ ലഘുപ്രയത്നത്തിനുവേണ്ടി ഇരട്ടിക്കാതെ പറഞ്ഞുവന്നു. (10) നടത്തണം അടുക = പാചകംചെയ്ക cf. അടുക്കള. (11) തുടം നെയ്യും പയറു. ചരുക്കരൈയും വാഴൈപ്പഴമു എന്നു് ഒടുവിൽ സമുച്ചയം ഉപേക്ഷിച്ചിരിക്കുന്നു. (12) ഊട്ടണം (13) അളക്കണം (14) പന്തീരടി.

ആയിത്തീരാനുള്ള സകല ലക്ഷണങ്ങളും സ്വീകരിച്ചു കഴിഞ്ഞിരുന്നുവെന്നു മേൽകാണിച്ച ഉദാഹരണങ്ങളിൽനിന്നു മനസ്സിലാക്കാം. താലവ്യാദേശം, അനുനാസികപ്രസരം ഈ നയങ്ങളുടെ പ്രവർത്തനവും പ്രാകൃതത്തിന്റെ പ്രേരണയും ഈ ശാസനങ്ങളിൽ പ്രകടമായി കാണാൻ കഴിയും. സന്ധി കാര്യങ്ങളിലും സമുച്ചയരീതിയിലും പാണ്ടിത്തമിഴിൽനിന്നു ഭിന്നമായി ചില സ്വാതന്ത്ര്യങ്ങളും കാണുന്നുണ്ട്. ലക്ഷദ്വീപിൽ ഇപ്പോൾ സംസാരിച്ചുവരുന്ന മലയാളത്തിനും ഇവിടത്തെ മലയാളത്തിനും തമ്മിലുള്ളിടത്തോളം വ്യത്യാസം അക്കാലത്തെ പാണ്ടിത്തമിഴിനും മലനാട്ടു തമിഴിനും തമ്മിൽ ഉണ്ട്.

"അപ്പബാപ്പമൊതൽ ലണ്ടു മക്കക്കും പെഞ്ഞുകൊടുത്തു. കൊറേനാൾ കയിഞ്ഞപ്പം ഏളേമോൻ തന്നെ ഓതി ഇഡുത്തോണ്ടുപോയി. മൊതലെല്ലാം ബെറുതേ പോക്കിക്കളഞ്ഞു.......അപ്പബാപ്പതന്നെ പണിക്കാരനെ ബിളിച്ചു തുണിയും കൈക്കു മോതരവും കാലുക്കു ശെരിപ്പുംകൊണ്ടു വരിത്തിച്ചു മോനുകൊടുത്തു. അപ്പ ബാപ്പ പായിഞ്ഞ്, എന്നാ മോനെ മരിച്ചുപോയതാന്നതായി വിയാരിച്ചാൻ ഹായതായിരുന്നേൻ ഇവുഡേയും വിട്ടേച്ചുപോയാൽ മഡയി ബെനിതാ. അതുകൊണ്ട് ഒരു തടിച്ച കടച്ചിയെ അറുത്തു പണിയാക്കി തിന്നു സന്തോഷമാവണം."

ലക്ഷദീപിലെ ഇന്നത്തെ മലയാളമാണിതു്. കുറേക്കാലം കഴിയുമ്പോൾ പ്രത്യേകമൊരു ഭാഷയായി എന്നുംവരാം. അങ്ങനെയാണെങ്കിൽ ആ ഭാഷയുടെ ഉദ്ഭവം കൊല്ലം 12-ാം ശതകത്തിന്റെ ആരംഭംമുതൽ എന്നു പറഞ്ഞാൽ വലിയ തെററില്ലെന്നാണു തോന്നുന്നതു്.I

ലക്ഷദ്വീപിലെ മലയാളത്തെ നാം ഇന്നു വീക്ഷിക്കുന്നപോലെയാണു കൊല്ലവർഷാരംഭം മുതലുള്ള മലനാട്ടുതമിഴിനെ പാണ്ടിനാട്ടുകാരും വീക്ഷിച്ചിരുന്നതെന്ന് ന്യായമായി ഊഹിക്കാം. വ്യാകരണകാര്യങ്ങളിൽ ചില വ്യത്യാസങ്ങൾ ക്രമേണ വർദ്ധിക്കുന്നതായി പിൽക്കാലത്തെ രേഖകൾ നിസ്സംശയം തെളിയിക്കുന്നതു കൊണ്ടും ദേശഭേദം എന്നു പറഞ്ഞു തള്ളാൻ നിവൃത്തിയില്ല. അതുകൊണ്ടു നമ്മുടെ ഭാഷയുടെ ഉദ്ഭവം കൊല്ലവർഷാരംഭത്തോടുകൂടിയോ അതിന് അല്പം മുമ്പോ ആണെന്നു കല്പിക്കാം. എന്നാൽ സാമാന്യവ്യവഹാര ഭാഷയെ ഈ നിലയിൽ ആക്കിത്തീർത്ത വായ്മൊഴി രൂപത്തിൽ മാത്രം സ്ഥിതി ചെയ്തിരുന്ന നമ്പൂതിരിഭാഷ അതിനും ഏതാനും നൂററാണ്ടുകൾക്കു മുമ്പുതന്നെ ഉദ്ഭവിച്ചിരിക്കുമെന്ന വസ്തുത പ്രസ്താവ്യമാണ്. ആധുനിക മലയാളം മലനാട്ടു തമിഴിനോടെന്നപോലെ മിശ്രഭാഷയോടും കടപ്പെട്ടിരിക്കുന്നു.

---

I കൊല്ലം 7-ാംശതകത്തിൽ കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിൽനിന്ന് കുടിയേറി പാർത്തവരാണു അവിടത്തെ ജനങ്ങൾ. രണ്ടു രൂപങ്ങളല്ലാതെ 'ഇരണ്ടു' രൂപങ്ങൾ സാധാരണ കാണാത്തതുതന്നെ ഇതിനു തെളിവാണ്. പുരുഷ പ്രത്യയങ്ങളോടു കൂടിയ ക്രിയാരൂപങ്ങൾ അന്നും മലനാട്ടു തമിഴിൽ അപൂർവമായി ഉപയോഗിച്ചിരുന്നതു് അതേരീതിയിൽലക്ഷദ്വീപിൽ ഇപ്പോഴും സംരക്ഷിക്കപ്പെടുന്നു. ഇനിയൊരു കാലത്തു് അതു് ഒരു പ്രത്യേക ഭാഷയാകുമ്പോഴും ഈരൂപങ്ങൾ നിലനിന്നുവെന്നു വരാം. പ്രാചീന മലയാള സ്വഭാവം ഉൾക്കൊള്ളുന്നതുകൊണ്ട് അന്നു ആ നാട്ടുകാർ മലയാളത്തിന്റെ അമ്മയാണു തങ്ങളുടെ ഭാഷയെന്നു വാദം പുറപ്പെടുവിച്ചേക്കും!

# ഗ്രന്ഥകാരൻ വിപ്ളവം സൃഷ്ടിക്കുന്നു!

പി. കെ. ഗോവിന്ദൻകുട്ടി, പൂങ്കുന്നം.

ഇതു് 1953-ാമാണ്ടാണു്. പുരോഗതിയുടെ ശക്തിമത്തായ ബീജങ്ങൾ മനുഷ്യന്റെ വൈകാരികമണ്ഡലത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുന്നു! ലോകമാസകലം വലിയൊരു പരിവൎത്തനത്തിന്നു് വിധേയമായിരിക്കുകയാണു്. എന്നാൽ ഈ പരിവൎത്തനത്തിന്നു് കാരണഭൂതം ഹിരോഷിമയിലും നാഗസക്കിയിലും വർഷിക്കപ്പെട്ട ആററംബോംബുകളല്ല. യുദ്ധക്കൊതിയന്മാരായ സാഹസബുദ്ധികളുടെ രഹസ്യസങ്കേതങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഹൈഡ്റജൻ ബോംബുകളല്ല! അതിലും ഉഗ്രമായ, ഗ്രന്ഥകാരന്റെ തൂലികയാണതിന്നുത്തരവാദി. ഇന്നു് നാം കാണുന്ന പരിഷ്കൃതലോകംതന്നെ ഗ്രന്ഥകാരന്മാരുടെ തൂലികയിലൂടെയാണു് രൂപമെടുത്തിട്ടുള്ളതെന്നോക്കുമ്പോൾ അതിന്റെ പിന്നിലുള്ള യാഥാൎത്ഥ്യങ്ങളിലേക്കു് ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു.

അപരിഷ്കൃതമായിരുന്ന പുരാതനയുഗത്തിൽനിന്നു് ഒരു നവയുഗത്തിലേക്കു് ലോകം പ്രവേശിച്ചതു് 15-ാം നൂററാണ്ടിന്റെ മദ്ധ്യം മുതൽക്കാണു്. 1553-ൽ ഉണ്ടായ ഒരു പരിവൎത്തനം യൂറോപ്പിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചു. ജനങ്ങളുടെ സാമൂഹ്യജീവിതത്തിൽ ഉണ്ടായ ഈ പരിവൎത്തനത്തിന്നു റെനെസൻസ് അല്ലെങ്കിൽ അറിവിന്റെ ഉയിൎത്തെഴുന്നേല്പ് എന്നു പേരുകൊടുത്തു കാണുന്നു. ഈ നവോത്ഥാനത്തിന്നു് ഉണ്ടായ കാരണമെന്തു്? വിജ്ഞാനകേന്ദ്രവും, ഗ്രീക്കു-റോമൻ പരിഷ്കാരങ്ങളുടെ ജന്മഭൂമിയുമായിരുന്ന കോൺസ്റ്റാണ്ടിനോപ്പിൾ അപരിഷ്കൃതരായ തുൎക്കികളുടെ കൈവശത്തിലായപ്പോൾ അവിടംവിട്ടു് ഓടിയ ഗ്രീക്കു പണ്ഡിതന്മാർ യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ അഭയം പ്രാപിച്ചു. ഈ പണ്ഡിതന്മാരുമായുള്ള കൂട്ടുകെട്ടു് യൂറോപ്യൻ ജനതക്കു് നവമായൊരു മനോവികാസം നല്കി. ജ്ഞാനസമ്പാദനവാഞ്ഛ അവരിൽ മുളച്ചുപൊന്തി. പക്ഷേ വളരെ കുറച്ചുമാത്രമുണ്ടായിരുന്ന കൈയെഴുത്തുഗ്രന്ഥങ്ങളിലൂടെ ഇത്രയും വലിയ ജനത എങ്ങിനെ വിദ്യാഭ്യാസം ചെയ്യും? ഈ പ്രശ്നവും ഏറെത്താമസിയാതെ പരിഹരിക്കപ്പെട്ടു.

1455-ൽ ജോൺ ഗുട്ടൻബർഗ്ഗ് എന്ന ജൎമ്മൻകാരൻ അച്ചടിയന്ത്രം കണ്ടുപിടിച്ചു. പണ്ഡിതന്മാരുടെ തൂലികാവിലാസങ്ങളായ ഗ്രന്ഥങ്ങൾ അനേകം പ്രതികൾ അച്ചടിക്കപ്പെടുകയും ജനങ്ങൾക്കിടയിൽ പ്രചരിക്കുകയും ചെയ്തു. ഇതു് ജനങ്ങളുടെ നവോത്ഥാനത്തിന്നു് പ്രധാന കാരണമായി. മാനസികമായ ഒരു വിപ്ലവംതന്നെ ജനങ്ങളിൽ രൂപമെടുത്തു. 15-ാം നൂററാണ്ടിന്റെ അവസാനമായപ്പോഴേക്കും ഈ പരിവൎത്തനം ലോകത്തിലെങ്ങും അനുഭവപ്പെട്ടു. വായിക്കുവാനും പഠിക്കുവാനുമുള്ള ആഗ്രഹം വൎദ്ധിച്ചതോടെ പുതിയ ഗ്രന്ഥങ്ങളുടെ എണ്ണവും വൎദ്ധിച്ചു. ഈ ഗ്രന്ഥങ്ങളിലൂടെ യാഥാൎത്ഥ്യങ്ങളെ മനസ്സിലാക്കുവാനും വിശ്വസിക്കുവാനും ജനതക്കു് കഴിഞ്ഞു. എല്ലാവരും സമജീവികളാണെന്ന ബോധം അവരിൽ ഉണ്ടായി. പക്ഷേ അപ്പോഴും ചില അടിമത്തങ്ങൾ അവശേഷിച്ചു. മതവിശ്വാസികളായ പണ്ഡിതന്മാർ ജനങ്ങളെ ചൊൽപടിക്കു് നിൎത്താൻ ശ്രമിച്ചു. ഗ്രന്ഥങ്ങളെ അവരുടെ ആയുധങ്ങളാക്കുകയും ചെയ്തു. പക്ഷെ പ്രബുദ്ധരായ ജനത ഇതിനേയും എതിൎത്തു. മതാദ്ധ്യക്ഷന്മാരുടെ പരമാധികാരത്തെ ജനങ്ങൾ ചോദ്യം ചെയ്യാൻ തുടങ്ങി. ഇതിലും മുൻകൈയെടുത്തതു് ഗ്രന്ഥകാര

ന്മാരായിരുന്നു. മതാധിപന്മാരുടെ അധികാരങ്ങൾക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുവാൻ അവക്കു കഴിഞ്ഞു. സർ തോമസ് മൂർ തുടങ്ങിയ പ്രസിദ്ധ സാഹിത്യകാരന്മാർ ഈ ശ്രമത്തിൽ കൊല്ലപ്പെട്ടു. പല പണ്ഡിതന്മാരും മർദ്ദിക്കപ്പെട്ടു. പക്ഷെ തൂലിക അവിടെയും ജയിച്ചു. മതാധിപന്മാരുടെ പൊള്ളവാദങ്ങളെ തൊലിയുരിച്ചു കാണിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ പുറത്തുവന്നു. ജനങ്ങൾക്ക് അവ വാസ്തവങ്ങളാണെന്നും മനസ്സിലായി.

ഇതോടെ രാഷ്ട്രീയമായ ഒരു പുരോഗതിയും എവിടെയും അനുഭവപ്പെട്ടു. റഷ്യ, പ്രഷ്യ, ജർമ്മനി, തുടങ്ങിയ രാജ്യങ്ങൾ ഉദ്ധരിക്കപ്പെട്ടു. നവോത്ഥാനത്തിന്റെ ഫലങ്ങൾ നാലുപാടും പരക്കാൻ തുടങ്ങി. മിക്ക രാജ്യങ്ങളും സാംസ്കാരികമായും വിദ്യാഭ്യാസപരമായും കലാപരമായും ഉയരാൻ ആരംഭമിട്ടു. 1783-ൽ അമേരിക്കൻ ഐക്യരാജ്യങ്ങൾ സ്വതന്ത്രമായതോടെ ലോകത്തിലെങ്ങും സ്വാതന്ത്ര്യതൃഷ്ണയ്ക്കു മുന്നേററവും കൈവന്നു.

ഇങ്ങനെ രാഷ്ട്രീയമായ ഒരു പുനരുത്ഥാനം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബുദ്ധിജീവിയായ മനുഷ്യന്റെ സാമൂഹ്യമായ ഉയർച്ചക്ക് ഏറാവും നല്ല ഉപാധി ഗ്രന്ഥങ്ങളാണെന്ന് ലോകം കണ്ടു. രാജാക്കന്മാരും, ചക്രവർത്തിമാരും പണ്ഡിതന്മാരെ ഭയപ്പെടാനും, ബഹുമാനിക്കാനും തുടങ്ങി. മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ ഗ്രന്ഥങ്ങൾക്കു കഴിഞ്ഞു, കാലം പിന്നെയും കഴിഞ്ഞു. സാഹിത്യകാരന്മാർ സമുദായമദ്ധ്യത്തിലേക്ക് ഇറങ്ങിവന്നു. സമുദായത്തിലെ ദുഷിച്ച അനാചാരങ്ങളെയും, നശിച്ച സാമ്പത്തിക വ്യവസ്ഥിതിയേയും അവർ എതിർത്തു. തങ്ങളെ പ്രീതിപ്പെടുത്തി–വശത്താക്കി മുതലെടുക്കുന്ന ജന്മിമുതലാളിത്തത്തെ, ദുഷ്പ്രഭുത്വത്തെ, സാഹിത്യകാരൻ എതിർത്തു. ജനങ്ങൾ അവിടെയും സാഹിത്യകാരന്റെ അഥവാ ഗ്രന്ഥകാരന്റെ ഭാഗത്ത് അണിനിരന്നു. ജനാധിപത്യസമ്പ്രദായത്തെ മനുഷ്യൻ സ്വാഗതം ചെയ്തു. ലോകം ഒരു പടി കൂടി മുന്നോട്ടുനീങ്ങി. അവിടെയും സാഹിത്യകാരന്ന് പ്രഥമസ്ഥാനം ലഭിച്ചു. ഈ ഘട്ടത്തിൽ ജനാധിപത്യത്തിന്റെ ഉടലെടുക്കൽ കാണണമെങ്കിൽ നമുക്ക് ചില രാജ്യങ്ങളുടെ ചരിത്രത്തിലേക്ക് കണ്ണോടിയ്ക്കണം.

പ്രഭുക്കന്മാരുടെയും മതാചാര്യന്മാരുടെയും നിബന്ധനകൾക്ക് കീഴടങ്ങി, അധികാരപ്രമത്തതകൊണ്ട് മദാന്ധമായ രാജകീയവാഴ്ചയുടെ ദുഷിച്ചുനാറിയ സാമുദായിക പശ്ചാത്തലത്തിൽ ഫ്രാൻസിലെ സാമാന്യജനത കഷ്ടപ്പെടുകയായിരുന്നു. എന്നാൽ 1789-ൽ അവിടെ ഒരു മഹാവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. റോബസ്പീറെ എന്ന വിപ്ലവകാരിയുടെ നേതൃത്വത്തിൽ ഫ്രഞ്ച് ജനത പ്രഭുമേധാവിത്വത്തോടും, രാജകീയ ഏകാധിപത്യത്തോടും പടവെട്ടി. പ്രഭുക്കന്മാരും, രാജകീയകുടുംബങ്ങളും കൊല്ലപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്തു. ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ഒരു ഭീകരപ്രസ്ഥാനമായിരുന്ന ഈ വിപ്ലവം ഫ്രാൻസിലെ പ്രജായത്തഭരണസ്ഥാപനത്തിലവസാനിച്ചു. ഈ വിപ്ലവത്തെ ഒരു ജനകീയപ്രസ്ഥാനമാക്കി വിജയത്തിലേക്ക് നയിച്ചതു് വാസ്തവത്തിൽ തൂലികകളായിരുന്നു. റൂസ്സോ, വാൾട്ടയർ തുടങ്ങിയ വിപ്ലസാഹിത്യകാരന്മാരുടെ കൃതികൾ! രാജകീയാധികാരങ്ങളെ ചോദ്യം ചെയ്യുവാനും, പൌരാവകാശങ്ങളെ കണക്കുപറഞ്ഞു് വാങ്ങിക്കാനും പുരോഹിതവർഗ്ഗത്തിന്റെ പൊള്ളവാദങ്ങളെ "തൊലിയുരിച്ചു" കാണിക്കാനും തദ്വാരാ ജനകീയശക്തിയെ വളർത്തിപ്പോററാനും ഈ സാഹത്യകാരന്മാരുടെ ലളിതവും സജീവവുമായ ഗ്രന്ഥങ്ങൾക്ക് കഴിഞ്ഞതാണ് പരന്ത്രീസ് വിപ്ളവത്തിന്റെ പിന്നിലുണ്ടായിരുന്ന പ്രേരകശക്തി.

സാർഭരണത്തിന്റെ മൃഗീയാനുഭവങ്ങളിൽ നട്ടം തിരിഞ്ഞിരുന്ന റഷ്യൻജനത 1917-ലെ വിപ്ളവത്തിലൂടെ ലോകശക്തികളിൽ ഒന്നായി ഉയർന്നു. 1918-ൽ സാർഭരണം അവസാനിക്കുകയും സാറും കുടുംബവും കൊല്ല

പ്പെടുകയും ചെയ്തു. റഷ്യയിൽ ഒരു ബോൾഷെവിക് ഭരണഘടന പടുത്തു കെട്ടപ്പെട്ടു. ടോൾസ്റ്റോയി, ലെനിൻ, മാക്സിംഗോർക്കി തുടങ്ങിയ വിപ്ലവസാഹിത്യകാരന്മാരുടെ തൂലികയിലൂടെയാണു് അവിടത്തെ സാമൂഹ്യവിപ്ലവം ഉടലെടുത്തതു്. വിപ്ലവത്തെ ജനകീയമാക്കിതീർത്തതും ഇത്തരം കൃതികൾതന്നെ. പക്ഷെ ഭൂരിപക്ഷത്തിലൂടെ സ്വേച്ഛാധിപത്യത്തിലേക്കു് റഷ്യ ചെന്നെത്തി. ലെനിൻെറ കാലശേഷം സ്ററാലിൻ ഭരണാധിപതിയായി. അദ്ദേഹവും ഏകാധിപതിയായിരുന്നു. അദ്ദേഹത്തിൻെറ സഹപ്രവർത്തകനും ഡിമോക്രസിയിൽ വിശ്വസിക്കുന്ന ദേഹവുമായ ട്രോട്സ്കി നാടുകടത്തപ്പെട്ടു. ട്രോട്സ്കിയെപ്പോലുള്ള ജനകീയസാഹിത്യകാരന്മാരുടെ തൂലികയിലൂടെ മറെറാരു ജനകീയശക്തി ജനാധിപത്യഅടിസ്ഥാനത്തിൽ വളർന്നു വരാൻ ഇടയുണ്ടെന്നു് മനസ്സിലാക്കിയ സ്റ്റാലിൻെറ അടവായിരുന്നു അതു്. ഇന്നും റഷ്യയിൽ ഇതേ അടവാണു് നാം കാണുന്നതു്. സ്വതന്ത്രമായി ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന കലാകാരന്മാരെ കടിഞ്ഞാണിട്ടു് പിടിച്ചു് ജനകീയശക്തിയെ "ഇരുമ്പുമറയ്ക്കു പിന്നിൽ" അടിച്ചമർത്തുന്ന റഷ്യൻ ഭരണകൂടം ഈ സ്ഥിതിക്കു് എത്രകാലം നിലനില്ക്കുമെന്നു് കണ്ടുതന്നെ അറിയണം.

അയർലണ്ടിൻെറ കാര്യത്തിൽ നാം അത്ഭുതപ്പെടും. 200 കൊല്ലത്തോളം ബ്രിട്ടീഷു ഭരണത്തിൽ കീഴിൽ അടിച്ചമർത്തപ്പെട്ട അയർലണ്ടു് ഈ അടുത്ത കാലത്തു് സ്വാതന്ത്ര്യം നേടി. അയർലണ്ടു കാരിൽ പഠിച്ചവരുടെ ഭാഷ ഇംഗ്ലീഷായിരുന്നു. അവിടത്തെ സാഹിത്യകാരന്മാരും ഇംഗ്ലീഷുകാരായിരുന്നു. പക്ഷെ തങ്ങളുടെ യഥാർത്ഥ പിതൃഭാഷയായ ഐറിഷു് ഭാഷയുടെ ഉൽഗതിയാണു് അയർലണ്ടുകാരെ ഒരു സ്വാതന്ത്ര്യ സമരത്തിലേക്കു നയിച്ചതു്, ഐറിഷു് ഭാഷാഗ്രന്ഥങ്ങൾ ജനങ്ങളുടെ ചിന്താമണ്ഡലത്തിൽ ഒരു വ്യതിയാനമുണ്ടാക്കി. പല ഐറിഷു് സാഹിത്യകാരന്മാരും പ്രത്യക്ഷരായി. പുരോഗതിയുടെ ബീജങ്ങൾ അയർലണ്ടുകാരുടെ മസ്തിഷ്ക്കത്തിൽ "കുത്തിവെയ്ക്ക"പ്പെട്ടു. പാരാതന്ത്ര്യത്തിൻെറ ചങ്ങലക്കെട്ടുകൾ ഐറിഷു് ജനതയുടെ കരങ്ങളിൽനിന്നും പൊട്ടി വീണു. അവർ സ്വതന്ത്രരായി. അവിടെയും തൂലിക ജയിച്ചു!!

ഇന്ത്യൻ സ്വാതന്ത്ര്യസമരം ഇന്നു് ലോകത്തിലെ പലരാജ്യക്കാരും മാതൃകയായി സ്വീകരിച്ചിരിക്കുകയാണു്. അഹിംസാത്മകമായ ആ വിപ്ലവ പ്രസ്ഥാനം വിജയിച്ചതെങ്ങിനെയെന്നു് ലോകം ഇപ്പോഴും അത്ഭുതപ്പെടുകയാണു്. 1942ൽ നമ്മുടെ സ്വാതന്ത്ര്യസമരം അതിൻെറ പരിപൂർണ്ണദശയിൽ എത്തിയെന്നും മഹാത്മജിയുടെയും മററും നേതൃത്വത്തിൽ അതു വിജയിക്കുകയും ഇന്ത്യ സ്വതന്ത്രയാകുകയും ചെയ്തുവെന്നും നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അടിമത്തത്തിലും അന്ധവിശ്വാസങ്ങളിലും ആണ്ടു കിടന്നിരുന്ന ഭാരതീയ ജനത ഒരു സംഘടിത ശക്തിയായി മാറിയതെന്തുകൊണ്ടാണെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. രവീന്ദ്രനാഥ ടാഗോർ, സരോജിനിദേവി, ലോകമാന്യ തിലകൻ, ഗോപാലകൃഷ്ണ ഗോഖലെ, അരവിന്ദഘോഷ് മഹാത്മാഗാന്ധി തുടങ്ങിയ നേതാക്കളുടെ തൂലികാവിലാസങ്ങൾ ഗ്രന്ഥങ്ങളിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇന്നു നാം സ്വതന്ത്രരാകുമോ എന്ന കാര്യംതന്നെ സംശയാവഹമാണു്. ഇങ്ങിനെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻെറ വിജയം ഗ്രന്ഥങ്ങളുടെ ഒരു മഹാവിജയമായിരുന്നു. ബ്രിട്ടീഷു സാമ്രാജ്യത്തിനെതിരായി ഇന്ത്യൻ ജനതയെ ഒരു സമരത്തിലേക്കു് നയിച്ചതു് രാഷ്ട്രീയ നേതാക്കളുടെ ഗ്രന്ഥങ്ങളായിരുന്നു എന്നു് സ്പഷ്ടമാണല്ലോ. ഇന്ത്യൻ ഗ്രന്ഥങ്ങളെയും, ഇന്ത്യൻ നാട്ടുഭാഷാകൃതികളെയും, ഇന്ത്യൻ സാഹിത്യകാരന്മാരെയും കടിഞ്ഞാണിട്ടു് പിടിച്ചു്, തികച്ചും ഇംഗ്ലീഷു ഭാഷയിലൂടെ ഇന്ത്യക്കാരെ വിദ്യാഭ്യാസം ചെയ്യിക്കാൻ ബ്രിട്ടൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതിൻെറ ഏകകാരണം ഇന്ത്യാക്കാരനിൽ മുളച്ചു പൊന്തുന്ന ദേശാഭിമാനത്തിൻെറയും പുരോഗമനവാഞ്ഛയുടെയും മുളനുള്ളിക്കളയാൻ ബ്രിട്ടൻ ആഗ്രഹിച്ചു എന്നുള്ള

# ബാലസാഹിത്യരചന

മാത്യൂ എം. കുഴിവേലി ബി. എ. എൽ. ടി.

ബാലസാഹിത്യത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സാമാന്യമായി ഏവയെന്നു നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ ചിന്തിക്കുവാനുള്ളതു് ഈ വിഷയങ്ങളെ പ്രതിപാദിക്കേണ്ട രീതികളെപ്പററിയാണു്. "വാക്യം രസാത്മകം കാവ്യം" എന്ന തത്വം ബാലസാഹിത്യത്തിനും പ്രൗഢസാഹിത്യത്തിനും ഒരുപോലെ ആദരണീയമാണു്. കുട്ടികൾക്കു വായിക്കുവാൻ രസം തോന്നണം. അങ്ങനെ രസം തോന്നത്തക്ക വിധത്തിൽവേണം ബാലന്മാൎക്കുവേണ്ടി എഴുതേണ്ടതു്. അതെങ്ങനെയാണു്? ബാലന്മാൎക്കുവേണ്ടി എഴുതുന്ന എഴുത്തുകാർ അധികവും വൃദ്ധന്മാരോ യുവാക്കന്മാരോ ആയിരിക്കും. ഒരു യുവാവു് മറെറാരു യുവാവിനോ വൃദ്ധനോ വേണ്ടി എഴുതുന്നതുപോലെ ആയിരിക്കരുതു് ബാലന്മാൎക്കുവേണ്ടി എഴുതുന്നതു്. ഒരു വൃദ്ധൻ യുവാവിനുവേണ്ടി എഴുതുന്ന പ്രതീതിയും അതിനുണ്ടായിരിക്കരുതു്. ഒരു ബാലൻ മറെറാരു ബാലനു എഴുതുന്നതുപോലെയുള്ള സ്വഭാവം ആണു് ബാലസാഹിത്യത്തിന്റെ കാതലായ രീതി. ബാലഗ്രന്ഥങ്ങൾ എഴുതുന്നയാൾ യുവാവോ വൃദ്ധനോ ആയിരുന്നാലും ബാലന്മാൎക്കുവേണ്ടി എഴുതുമ്പോൾ അയാൾ മാനസികമായി അയാളുടെ ബാല്യകാലത്തിൽ ഒരിക്കൽ കൂടി ജീവിക്കണം. ഇങ്ങനെ ചെയ്യാൻ കഴിവുള്ള എഴുത്തുകാരാണു് നല്ലബാലസാഹിത്യഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുള്ളതു്. വിശ്വവിഖ്യാതന്മാരായ മിക്ക ഗ്രന്ഥകാരന്മാരും ബാലസാഹിത്യത്തിനു് അമൂല്യമായ സംഭാവനകൾ നൽകീട്ടുണ്ടു്. സുപ്രസിദ്ധ റഷ്യൻസാഹിത്യകാരനായ 'ടോൾസ്ററായി' വാൎദ്ധക്യകാലത്തു എഴുതീട്ടുള്ള പ്രധാന ഗ്രന്ഥങ്ങൾ എല്ലാംതന്നെ ബാലസാഹിത്യഗ്രന്ഥങ്ങളാണു്. ജൎമ്മൻകാരായ ഗ്രിം സഹോദരന്മാരും,

---

താണു്. പക്ഷെ സാഹിത്യകാരന്റെ തൂലിക തുരുമ്പു പിടിക്കുകയില്ലെന്നുള്ള മഹാപരമാൎത്ഥം ഹിട്ലർ അന്നു് മനസ്സിലാക്കിയിരുന്നില്ല!

ഇങ്ങിനെ ജനകീയ ശക്തിയുടെ വളൎച്ചയിൽ ഗ്രന്ഥങ്ങൾക്കും, ഗ്രന്ഥകാരന്മാൎക്കുമുള്ള സ്ഥാനം അദ്വിതീയമാണു്. മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ ഒരു മഹാ വിപ്ലവം സൃഷ്ടിക്കാനും തദ്വാരാ സമുദായൈക്യവും ദേശീയബോധവും വളൎത്താനും ഗ്രന്ഥങ്ങൾക്കുള്ള കഴിവു് അത്ഭുതാവഹമാണു്. 1453 മുതൽ 1953 വരെ ലോകം പല പരീക്ഷണഘട്ടങ്ങളെയും അഭിമുഖീകരിച്ചിട്ടുണ്ടു്. സത്യത്തെയും ന്യായത്തെയും ലോകം ശരിവെച്ചിട്ടുണ്ടു്. അതിന്നു് പ്രേരിപ്പിച്ചിട്ടുള്ളതെല്ലാം ഗ്രന്ഥകാരന്റെ തൂലികയുമാണു്. ജനകീയാഭിപ്രായങ്ങളെ തെല്ലുപോലും വകവെയ്ക്കാതെ, സാഹിത്യകാരന്മാരെ ഇരുമ്പഴിയ്ക്കുള്ളിലാക്കി, അണിയറയിലിരുന്നു തോക്കു തുടയ്ക്കുകയും, അണുകബോമ്പു മിനുക്കുകയും ചെയ്യുന്ന ലോകമഹാശക്തികൾ യുദ്ധക്കൊതിയന്മാരായ സാഹസബുദ്ധികൾ, ഒന്നു മനസ്സിലാക്കണം: ആററംബോമ്പിനേക്കാളും ഹൈഡ്രജൻ ബോമ്പിനേക്കാളും ശക്തിയേറിയ ആയുധമാണു് സാഹിത്യകാരന്റെ തൂലിക. അതൊരിയ്ക്കലും തുരുമ്പു പിടിയ്ക്കുകയില്ല.!

ഗ്രന്ഥകാരൻ—അവൻ മാനവസമുദായത്തിന്റെ വിലപിടിച്ച വഴികാട്ടിയാണു്. മനുഷ്യൻ ഇന്നലെവരെ ജീവിച്ചതും, ഉയൎന്നതും അവന്റെ സഹായത്തോടെയാണു്. ഇനി ജീവിക്കണമെങ്കിലും അവന്റെ സഹായം ആവശ്യമാണു്. ഭാസുരമായൊരു ഭാവി, സമത്വ സുന്ദരവും സമാധാന പൂൎണ്ണവുമായ ഒരു പില്ക്കാല ജീവിതം അഭിനവയുഗത്തിന്റെ സ്രഷ്ടാവായ ഗ്രന്ഥകാരന്റെ തൂലികയിലൂടെ ഇതാ രൂപമെടുക്കുകയാണു്. നമ്മുക്കു് അതിനെ സ്വാഗതം ചെയ്യാം.!

നേർവേക്കാരനായ 'ആൻഡേഴ്സനും' മുതിർന്നവർക്കുവേണ്ടി ധാരാളം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടെങ്കിലും അവർ കുട്ടികൾക്കുവേണ്ടി എഴുതീട്ടുള്ള ഗ്രന്ഥങ്ങളാണ് അവരെ വിശ്വസാഹിത്യകാരന്മാരായി ഉയർത്തിയതു്.

നല്ല ഒരു സാഹിത്യകാരന് ഭാവനാലോകത്തിൽ സഞ്ചരിക്കുവാൻ ഒരു പ്രയാസവുമില്ല. ഏതു പ്രായത്തിലുള്ള ഗ്രന്ഥകാരനായാലും അയാൾക്ക് ഭാവനയിൽക്കൂടെ ബാലലോകത്തിൽ അലിഞ്ഞുചേർന്ന ജീവിക്കുവാൻ കഴിഞ്ഞാൽ ബാലസാഹിത്യരചന സുകരമായിക്കഴിഞ്ഞു.

ബാലഗ്രന്ഥരചനയിൽ ഏർപ്പെടുന്ന സാഹിത്യകാരന്മാർ ഒരു കാര്യം പ്രത്യേകം സ്മരിക്കണം. അവർ ഒരിക്കലും ഉന്നതമായ ഒരു തലത്തിൽ നിന്നുകൊണ്ടു് ഉപദേശരൂപേണയോ കൊച്ചുകുട്ടികളോടു പറയുകയാണെന്നു പ്രത്യേകം സ്മരിച്ചുകൊണ്ടോ ഗ്രന്ഥങ്ങൾ എഴുതരുതെന്നു്. ഈ സ്വരത്തിലുള്ള വിവരണങ്ങളും, വർണ്ണനകളും, വിശദീകരണങ്ങളും കുട്ടികൾ പൊതുവേ ഇഷ്ടപ്പെടുന്നില്ല. പള്ളിക്കൂടത്തിൽ അവരെ പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകന്റെ സ്ഥാനത്തു നിന്നുകൊണ്ടു് അവരോടു സാഹിത്യകാരൻ സംസാരിക്കുന്നതു് അവർക്കു വിരസമാണ്. നിങ്ങൾ സംസാരിക്കുന്ന കുട്ടികൾ കേവലം ഒരു ചെറിയ പുരുഷനോ ചെറിയ സ്ത്രീയോ അല്ലെന്നുള്ള കാര്യം ഒരിക്കലും മറക്കരുതു്. പ്രായപൂർത്തിയായ ഒരു മനുഷ്യന്റെ ഒരു ചെറിയ പതിപ്പല്ല ഒരു കുട്ടി.

ബാലസാഹിത്യകാരന് കുട്ടികളെക്കാൾ വളരെ വളരെ വിപുലമായ അറിവുണ്ടായിരിക്കും, പാണ്ഡിത്യമുണ്ടായിരിക്കും; ഭാഷാസ്വാധീനമുണ്ടായിരിക്കും. എന്നാൽ അവയിൽ ആവശ്യമുള്ളതു മാത്രമേ കുട്ടികൾക്കുവേണ്ടി എടുത്തു പ്രയോഗിക്കാവൂ.

ബാലഗ്രന്ഥരചനയിലെ ഏററവും പ്രധാനമായ രീതി ആത്മാർത്ഥതയാണ്. കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ഗ്രന്ഥകാരനു മാത്രമേ ബാലസാഹിത്യവ്യവസായം വിജയകരമായി നടത്തുവാൻ സാധിക്കയുള്ളു. ആത്മാർത്ഥത സാംക്രമികമാണ്. എഴുത്തുകാരൻ ആത്മാർത്ഥമായി എഴുതിയാൽ കുട്ടികൾ ആത്മാർത്ഥമായി വായിച്ചു രസിക്കും.

ബാലസാഹിത്യരചനാരീതികളിൽ ലാളിത്യമാണ് അതിപ്രധാനമായി കരുതേണ്ട മറെറാരു കാര്യം. സാധാരണ ഗ്രന്ഥകാരന്മാർ സാമാന്യ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കും മുതിർന്നവർക്കും വേണ്ടിയാണ് എഴുതുന്നതു്. ബാലഗ്രന്ഥകാരന്മാർ സാമാന്യവിദ്യാഭ്യാസത്തിലേർപ്പെടുക മാത്രം ചെയ്തിട്ടുള്ള ഇളംപ്രായക്കാരായ കുട്ടികൾക്കു വേണ്ടിയാണ് എഴുതുന്നതു്. അവരുടെ ഭാഷാസ്വാധീനവും പരിചയസമ്പത്തും ലോകവ്യവഹാരങ്ങളിലുള്ള അറിവും പരിമിതമാണെന്നു് ഗ്രന്ഥകാരൻ എപ്പോഴും ഓർക്കണം. ഭാഷയുടെ ഉപയോഗത്തിലാണ് ബാലഗ്രന്ഥകാരൻ വളരെ വളരെ നിഷ്കർഷയായി ശ്രദ്ധിക്കേണ്ടതു്. തന്റെ ഭാഷാപാണ്ഡിത്യം പ്രകടിപ്പിക്കുവാനുള്ള ഒരു രംഗമല്ല ബാലസാഹിത്യമെന്നു് അയാൾ അനുസ്മരിക്കേണ്ടതാണ്. അഞ്ചാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്കുവേണ്ടി ഒരു ഗ്രന്ഥം എഴുതുമ്പോൾ നാലാംക്ലാസിലെ വിദ്യാഭ്യാസം കൊണ്ടു സിദ്ധിച്ചിട്ടുള്ള ഭാഷാസാഹിത്യം മാത്രമേ പരിഗണിക്കേണ്ടതുള്ളു. അർത്ഥമറിയുവാൻ പാടില്ലാത്ത കഠിനപദങ്ങൾ കുട്ടികളുടെ നാവിൽ തറയ്ക്കുന്ന മുള്ളുകളാണെന്നു കരുതേണ്ടതാണ്. കഴിയുന്നതും ലഘുവായ വാക്കുകളും, ലളിതമായ പദങ്ങളും, ചെറിയ ഖണ്ഡികകളും ഉപയോഗിക്കുന്നതാണു നല്ലതു്. ആറുമുതൽ പത്തുപന്ത്രണ്ടു വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി എഴുതുന്ന ഗ്രന്ഥങ്ങളിൽ സാഹിത്യഭാഷയെപ്പററി പ്രത്യേകം കരുതേണ്ടതില്ല. തെററില്ലാത്ത ലളിതമായ ഭാഷയാണ് ഈ ഘട്ടത്തിലെ ഉത്തമസാഹിത്യം. ആശയങ്ങൾ തമ്മിൽ കുരുങ്ങാതെയും, വാചകങ്ങൾ വളഞ്ഞുപുളഞ്ഞു പോകാതെയും, പദങ്ങൾ കഠിനമായി രൂക്ഷതരമാകാതെയും ഇരിക്കേണ്ടതാണ്.

ലാളിത്യം ഉൽകൃഷ്ടമായ ഒരു ഗുണമാണെന്നു സർവ്വസമ്മതമാണെങ്കിലും എഴുത്തുകാരന്റെ മനസ്സിൽ ചിലപ്പോൾ അതിനെപ്പററി ചില സംശയങ്ങൾ കടന്നുകൂടുക സാധാരണമാണു്. സാഹിത്യത്തിലെ ലാളിത്യം ലളിതപദങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുമാത്രം കൈവരുന്നതല്ല. ആശയങ്ങളിലും ചിന്തകളിലുംകൂടെ ലാളിത്യം പരിപാലിക്കേണ്ടതാണു്. വർണ്ണനകൾക്കു തന്മയത്വം കൊടുക്കുന്നതും, ഇതിവൃത്തങ്ങൾക്കു രസാത്മകത്വം നൽകുന്നതും ലാളിത്യമാണു്. ആശയങ്ങളുടെ പ്രൗഢത അവയെ അണിയിക്കുന്ന വസ്ത്രങ്ങളായ പദങ്ങളുടെ സ്വഭാവത്തെ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നതു്. പ്രസിദ്ധന്മാരായ ചില മഹാചിന്തകന്മാർ അവരുടെ മഹത്തായ ആശയങ്ങൾ ഏററവും ലളിതമായ ഭാഷയിലാണു പ്രകാശിപ്പിച്ചിട്ടുള്ളതു്. ബുദ്ധന്റെ ഉപദേശങ്ങളും, സോക്രട്ടീസിന്റെ ചിന്തകളും, ക്രിസ്തുവിന്റെ ഉപമകളും അഗാധമായ ആശയങ്ങളെ ലളിതമായി പ്രകാശിപ്പിക്കുവാനുള്ള ഉത്തമോദാഹരണങ്ങളാണു്.

ഭാഷയുടെ ഉപയോഗത്തിലും പ്രതിപാദനരീതിയിലും അനർഹമായ ആഡംബരപ്രിയത്വം ബാലസാഹിത്യകാരന്മാർ തികച്ചും വർജ്ജിക്കേണ്ടതാണു്. ഒരെഴുത്തുകാരന്റെ ശയ്യ അഥവാ സ്റൈറൽ അയാളുടെ ശരിയായ ഒരു ദർപ്പണമാണു്.

ഡാനിയൽ ഡിഫോ, ആർ. എൽ. സ്റ്റീവൻസൺ, കിപ്ലിംഗ് തുടങ്ങിയ ആംഗ്ലേയ സാഹിത്യകാരന്മാരുടെ പ്രതിപാദനരീതി മുതിന്നവർക്കെന്നപോലെ കുട്ടികൾക്കും അത്യന്തം രസകരമാണു്.

പ്രതിപാദനരീതി സജീവവും വികാരതരളിതവുമായിരിക്കണം. നമുക്കു രസമോ നീരസമോ തോന്നുന്നതു് വികാരങ്ങളുടെ സാഹചര്യം കൊണ്ടാണു്. വികാരങ്ങൾ ആണു മനുഷ്യരെ പ്രവൃത്തികൾക്കു പ്രേരിപ്പിക്കുന്നതു്. നമുക്കു വികാരങ്ങൾ ഇല്ലായിരുന്നുവെങ്കിൽ നമ്മെ ആരെങ്കിലും പരിഹസിച്ചാൽ നമുക്കു് ഒരു വിരോധവും തോന്നുകയില്ല; ആരുടേയും കഷ്ടതയും സങ്കടവും കണ്ടാൽ നമുക്കു് ദയയും അനുഭാവവും ഉണ്ടാകുകയില്ല. സംഗീതവും, സാഹിത്യവും, കലകളും അവയുടെ വികാരോത്തേജകമായ ഭാഗങ്ങളെ മാററിവച്ചാൽ കേവലം നിർജ്ജീവമായി രൂപങ്ങളായി മാത്രം അവശേഷിക്കും. ഏററവും ഉജ്ജ്വലമായ വികാരങ്ങളോടുകൂടിയ അനുഭവങ്ങളാണു് ജീവിതത്തിൽ നാം ഒരിക്കലും മറക്കാതിരിക്കുന്നതു്. സാഹിത്യത്തിലെ നവരസങ്ങൾ നമ്മുടെ പ്രധാനമായ വികാരഭേദങ്ങൾ മാത്രമാണു്.

കുട്ടികളുടെ വികാരങ്ങൾ പ്രായപൂർത്തിയായവരുടേതുപോലെതന്നെ ഒരുവേള സംസ്കൃതങ്ങളല്ലായിരിക്കാം. കുട്ടികളുടെ ഓരോ പ്രായത്തിലും പ്രകടമായിക്കാണുന്ന വികാരങ്ങളെ തട്ടി ഉണർത്തുന്നതിനും പ്രോജ്ജ്വലിപ്പിച്ചു സംസ്കരിപ്പിക്കുന്നതിനും പററിയ വിധത്തിലായിരിക്കണം ബാലഗ്രന്ഥരചന സാധിക്കേണ്ടതു്.

മേൽപ്പറഞ്ഞ പൊതുനിയമങ്ങളെ ആധാരമാക്കി കഥാരീതിയിലുള്ള പ്രതിപാദനമാണു് ബാലസാഹിത്യത്തിലെ അതിപ്രധാനമായ രീതി. ബാലലോകം എന്നും കഥാലോകത്തിലാണു ജീവിക്കുന്നതു്. അവർക്കു കഥകൾ കേൾക്കുവാനുള്ള ആഗ്രഹം അടങ്ങാത്ത ഒന്നാണു്. അതുപോലെതന്നെ കഥ പറയുവാനും അവക്കു സന്തോഷമുണ്ടു്. ഊർജ്ജസ്വലതയും വേഗതയും അത്ഭുതവും ചൈതന്യവും ആണു് കഥകളെ ബാലന്മാർക്കു രസാവഹമാക്കിത്തീർക്കുന്നതു്.

ബാലഗ്രന്ഥരചനയിൽ അവശ്യം ദീക്ഷിക്കേണ്ട കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

(1) ബാലന്മാരുടെ സ്വാഭാവികമായ പ്രകൃതങ്ങളും അവരുടെ ഭാഷാപരവും അനുഭവപരവുമായ വളർച്ചയുടെ സീമകളും അറിയുക.

(2) ഗ്രന്ഥകാരന്റെ ഉദ്ദേശങ്ങൾ എന്തെല്ലാമെന്നു് സ്പഷ്ടമായി നിശ്ചയിക്കുക.

(3) ഗ്രന്ഥകാരൻ സ്വയം അറിയുക.

ഉറപ്പില്ലാത്ത മനസ്സോടുകൂടിയും സംശയിക്കുന്ന വികാരങ്ങളോടുകൂടിയും ബാലസാഹിത്യഗ്രന്ഥവ്യവസായത്തിനു് ഒരു ഗ്രന്ഥകാരനും തുനിയരുതു്. മനസ്സിനു് ഉന്മേഷവും എഴുതാനുള്ള ആന്തരികമായ പ്രചോദനവും ഉണ്ടാകുമ്പോൾ മാത്രമേ എഴുതാൻ തുടങ്ങാവൂ.

# ആ വിശോത്തരനായ കഥാകാരൻ

മാടശ്ശേരി മാധവവാരിയർ

1

'ഒരു കരാറുചെയ്താലേ നിന്നെ ശിഷ്യനായി സ്വീകരിക്കാൻ സാധിക്കൂ. സമ്മതമാണോ?'

സാഹിത്യവിദ്യ വശമാക്കാനാണ് ശിഷ്യഭാവം ആ യുവാവ് സ്വീകരിച്ചത്. അന്നത്തെ ഏററവും നല്ല ഗദ്യകാരനാണ് ഗുരു.

'ആദ്യം എഴുതാൻ പഠിയ്ക്കുക. പിന്നീട് കലയെപ്പററി. ഇതു രണ്ടും ഒത്തുചേൎന്ന് പരിപൂൎണ്ണമായി എന്നു ബോധ്യം വന്നിട്ടേ വല്ലതും വെളിയിൽ കാണിക്കാവൂ. അല്ലാതെ വല്ലതും ഭാവിച്ചാൽ അന്ന് ഇവിടുന്നു പുറത്ത്'

ഏതായാലും ശിഷ്യൻ ഇതു സമ്മതിച്ചു. ഇങ്ങനെ ആ യുവാവ് സാഹിത്യവിദ്യ അഭ്യസിക്കാൻ തുടങ്ങി.

ഏഴുകൊല്ലത്തോളം ഈ ഗുരുശിഷ്യബന്ധം നീണ്ടുനിന്നു. എന്നാൽ ഒരു ഗുരുവിനെ മാത്രമല്ല ഈ ശിഷ്യന് അവിടെ ലഭിച്ചത്. അന്ന് ഫ്രാൻസിൽ ജീവിച്ചിരുന്ന മിക്ക എഴുത്തുകാരും അവിടെ ഒത്തുകൂടും. ദാദെ, സോള, ടാർജിനീവ്, തുടങ്ങിയവർ എല്ലാം ഫ്ളാബേർട്ടിൻെറ ഗൃഹത്തിൽ ഒത്തുചേരും. അവരുടെ ചർച്ചസല്ലാപം ഈ യുവാവും കേൾക്കും. ആരോഗ്യവും കായികാഭ്യാസങ്ങളിൽ ആസക്തിയും ഉള്ള ഈ ചെറുപ്പക്കാരനോട് ഫ്ളാബേർട്ടിന് സ്നേഹവും ആദ്യംമുതൽ ഉണ്ടായി. ഈ യുവാവിൻെറ മാതാവ് ഫ്ളാബേർട്ടിൻെറ ഒരു പഴയ മിത്രമായിരുന്നു.

ഏഴുകൊല്ലം ഇങ്ങനെ കഴിഞ്ഞു. പാരിസിൽ ജീവിക്കുവാൻവേണ്ടി ഒരു ചെറിയ ഉദ്യോഗം സ്വീകരിച്ചു. ആദ്യം തല്ക്കാലത്തേക്ക് ഒരു ക്ലാൎക്ക്. പിന്നെ ആ ഡിപ്പാർട്ടുമെൻറിലേക്ക് ആവശ്യമുള്ള ഫാറങ്ങൾ അച്ചടിപ്പിച്ച് വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥൻ. ആ ഉദ്യോഗജീവിതത്തിനിടയിൽ ഒരു സർട്ടിഫിക്കേററും കിട്ടി. അതായത് വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗത്തിന് അത്യാവശ്യമായ ഗദ്യരചനാപാടവം ആ യുവാവിന് ഇല്ലെന്ന്.

2

ഇങ്ങനെ അഭ്യസനം പൂൎത്തിയായി. ഗുരുവിനു വേണ്ടവിധംതന്നെ ആയിരുന്നു ഗുരുദക്ഷിണയും. ഒരു കവിതാസമാഹാരം പുറത്തുവന്നു. ഗവണ്മെൻറ് ഈ പ്രസിദ്ധീകരണത്തിന് ഗ്രന്ഥകാരൻെറ പേരിൽ കേസെടുത്തു. ഗുരുവിന് ഇതു് ഇഷ്ടമായി. തന്നെപ്പോലെ ശിഷ്യനും ഇത്തരം നടപടിക്കു വിധേയനായല്ലോ എന്ന്. ഏതായാലും കേസ്സ് മുന്നോട്ടു പോയില്ല. ചില കാരണങ്ങൾകൊണ്ട് അതു പിൻവലിച്ചു.

അധികം താമസിച്ചില്ല. ഒരു കഥാസമാഹാരം പുറത്തിറങ്ങി. അതിലും ഈ യുവഗ്രന്ഥകാരൻെറ ഒരു നീണ്ട ചെറുകഥ ഉണ്ടായിരുന്നു. 'ഇതു് ഒരു ആഭരണംതന്നെ' എന്ന് ഗുരു അനുഗ്രഹിച്ചു. ആ അഭിപ്രായം ഇന്നും ലോകം ഏററു പാടുന്നു.

ഇങ്ങനെ ഏഴുകൊല്ലത്തെ അഭ്യസനത്തിനു ശേഷം ഒന്നാം പന്തിയിൽ ഒന്നാമനായി കഥയെഴുത്തുകാരിൽ മാനിക്കപ്പെടുന്ന മോപ്പസങ് അദ്ദേഹത്തിൻെറ ഏററവും നല്ല വലിയ ചെറുകഥയായ 'ബോൾ-അഫ്-ഫാററ്'മായി രംഗപ്രവേശം ചെയ്തു. ഈ കൃതിയിൽ ആർജ്ജിച്ച കീൎത്തി കുറവു വരാതെ പത്തുകൊല്ലം വച്ച് പാലിക്കാനും ഈ ഗ്രന്ഥകാരന് സാധിച്ചു.

'ടെല്ലിയർ മദാമ്മയുടെ സ്ഥാപനം' എന്ന കഥ പിന്നീടു പുറത്തു വന്നു. രണ്ടുവിധത്തിൽ അതു് പ്രശസ്തി ആർജിച്ചു. ഒന്നാമതു് കഥയുടെ ഗുണം. രണ്ടാമതു് അതു് റെയിൽവെസ്റ്റാളുകളിൽ വിററുപോകരുതെന്ന് ഗവണ്മെൻറിൻെറ

വിലക്ക്. ഏതായാലും പേരും പണവും ഒരുമിച്ച് ഈ ഗ്രന്ഥകാരനെ വരിച്ചു. ഉദ്യോഗം രാജിവച്ചു. ആ പേനായിൽനിന്ന് തടവുകൂടാതെ, ഇടയില്ലാതെ ഗുണം കുറയാതെ, ചെറുകഥകൾ നോവലുകൾ, യാത്രാവിവരണങ്ങൾ ഇവ പുറത്തു വന്നു. ചില നാടകങ്ങളും. ഒരു സാഹിത്യമാരി തന്നെ ആണ് പിന്നീട് ഉണ്ടായതെന്നു പറയാം. 300 ചെറുകഥകൾ, 6 നോവലുകൾ, മൂന്ന് സഞ്ചാരഗ്രന്ഥങ്ങൾ, ഇവയാണ് പ്രധാനങ്ങൾ.

3

1850 ൽ ആണ് മോപ്പസങ് ജനിച്ചതു്. അമ്മ ഒന്നാന്തരം ഒരു തന്റേടക്കാരി; അച്ഛൻ ഒരു നാഗരികൻ. ഇവരുടെ ദാമ്പത്യജീവിതം സുഖകരമായിരുന്നില്ല. ഒടുവിൽ ബന്ധം വിവാഹമോചനത്തിൽ അവസാനിച്ചു. രണ്ടു ആൺകുട്ടികളായിരുന്നു ഇങ്ങനെ ഉടഞ്ഞ ബന്ധത്തിൽനിന്ന് അമ്മയ്ക്കു് ലഭിച്ച സമ്പാദ്യം. അതിൽ മൂത്ത ആളാണ് ഗെ–ഡെ– മോപ്പസങ്. അമ്മ വളർത്തിയ ഈ മകൻ ഒരു വിചിത്ര ശിശുവായിരുന്നു. നല്ല ആരോഗ്യം, സൗന്ദര്യം, വ്യായാമത്തിൽ അത്യാസക്തി ഇവ ബാല്യം മുതൽ മരണംവരെ ഇദ്ദേഹത്തിൽ നിന്നിരുന്നു. പതിമൂന്നാമത്തെ വയസ്സുവരെ എദ്രീററിൽഉള്ള വിദ്യാലയത്തിൽ പഠിച്ചു. അവിടുന്ന് യ്‌വെറോട്ട് വിദ്യാലയത്തിലേക്കു പഠിത്തം മാററി. അദ്ധ്യാപകന്മാരും വിദ്യാർത്ഥിയും ആയി അന്നുതൊട്ട് നിരപ്പും ഇല്ലാതായി. കാരണം ഈ ബാലൻ കവിത എഴുതും; ആ കവിതകളിൽ കാണുന്നതു് എല്ലാം ശൃംഗാരവും മതദ്രോഹവും. ഇതുകൊണ്ടു് താക്കീതുകൾ മുറയ്ക്കു്കിട്ടി. പക്ഷെ ജാതിനപ്പുറവും ചില അതിക്രമങ്ങൾ ഈ ബാലൻ കാണിച്ചു. സ്കൂൾ അധികാരികൾക്കു മാത്രമായി കരുതിവച്ചിരുന്ന വീഞ്ഞു്, പ്രത്യേകതരത്തിലുള്ള വീഞ്ഞു്, ഈ അക്രമി രുചിച്ചു നോക്കി. ഈ വിവരം അറിഞ്ഞപ്പോൾ സ്കൂൾ അധികാരികൾ ബാലനെ പുറത്താക്കി. പിന്നീട് റൂവങിൽ ഉള്ള വിദ്യാശാലയിൽ കുറച്ചു പഠിച്ചു. അന്ന് അവിടുത്തെ മഹാകവി ആയിരുന്ന ലൂയി ബുൽഹെയ്യുമായി പരിചയമായി. ഫ്‌ളോബർട്ടും ഈ കവിയും ചങ്ങാതികളായിരുന്നു. രണ്ടുപേരും ഈ ബാലന്റെ സാഹിത്യവാസനയിൽ ശ്രദ്ധപതിപ്പിക്കയും ചെയ്തു.

1870 ൽ ഫ്രാൻസും പ്രഷ്യ (പിന്നത്തെ ജർമ്മനി)യുമായി യുദ്ധം തുടങ്ങി. പ്രഷ്യാക്കാർ ജയിച്ചു്ഫ്രാൻസിൽ കടന്നുകയറി. അന്ന് മോപ്പസങിന് ഇരുപതുവയസ്സായതു കൊണ്ടു് പട്ടാളത്തിൽ നിർബന്ധ സേവനം അനുഷ്ഠിക്കേണ്ടതായിവന്നു. റൂവങിൽനിന്ന് ഫ്രഞ്ചുസേന പിൻവാങ്ങിയപ്പോൾ ഇവരുടെ കൂട്ടത്തിൽ മോപ്പസങും ഉണ്ടായിരുന്നു. ഈ അനുഭവം എല്ലാം വിശദമായി ആദ്യം പ്രസിദ്ധീകരിച്ച 'ബോൾ അഫ്‌ഫാററിൽ' വിവരിച്ചിട്ടുണ്ടു്. പിന്നീട് യുദ്ധവിരാമ സന്ധി ഒപ്പിട്ടു് എട്ടുമാസം കഴിയും വരെ മോപ്പസങ് പട്ടാളത്തിൽ കഴിഞ്ഞുകൂടി.

അവിടെനിന്ന് പാരിസിൽ വന്നപ്പോൾ നടന്നതെല്ലാമാണ് മുൻചൊന്നതു്.

പേരും ധനവും ലഭിച്ചതോടുകൂടി മോപ്പസങു് പ്രണയനാടകങ്ങളും ഏറെ ആടി. ഇവയാണ് വിനാശത്തിനു വഴിതെളിച്ചതും. പേരുകേട്ട കരുത്തൻ, നീന്തൽ വിദഗ്ദ്ധൻ, വള്ളം തുഴയുവാൻ വിരുതൻ, ഹാസസാഹിത്യകാരൻ, ഇടവിടാതെ ഒന്നാന്തരം കഥകൾ ഒന്നിനൊന്ന് മെച്ചമായി എഴുതുന്ന സാഹിത്യകാരൻ, ഇങ്ങനെ എല്ലായിടത്തും ഒന്നിച്ചു കണ്ട ആ സാധാരണ മനുഷ്യനിലും രോഗം കടന്നുകൂടി. കണ്ണിന്റെ കാര്യം ഏറെ മനസ്സിന് വിഷമംചെയ്തു. ഇതും മററു രോഗങ്ങളും മാററാനായി അദ്ദേഹം ആഫ്റിക്കാ, ഇററലി, സിസിലി, കോഴ്‌സിക്കാ, ഫ്രാൻസിന്റെ തെക്കുഭാഗങ്ങൾ, ഇവ ചുററിസഞ്ചരിച്ചു. സഞ്ചാരഗ്രന്ഥങ്ങളും, മരുപ്പറമ്പിന്റെ ചൂടും, മാമലയുടെ ഗാംഭീര്യവും, പ്രകൃതിസൗന്ദര്യവും എല്ലാം കാണാവുന്നവിധം വായനക്കാരെ മനസ്സിലാക്കുന്ന സരസഗദ്യത്തിൽ പകർന്ന് നമുക്കു ഒന്നാന്തരം വിരുന്നു തരുവാനും അദ്ദേഹത്തിന് സാധിച്ചു.

പിന്നീട്ട് പലപ്പോഴും ഏകാന്തവാസം സ്വീകരിച്ചു. അതുകൊണ്ടും വിചാരിച്ച ഫലം ലഭിച്ചില്ല. തന്നിൽ നിന്നുതന്നെ രക്ഷപ്രാപിക്കണമെന്ന വിചാരം മോപ്പസങ്ങിനു് വന്നു. കണ്ടതു് ദുസ്വപ്നങ്ങൾ. കാണാത്തതു് മുന്നിലുള്ളതെല്ലാം. ഈ മായാമോഹം ഏറെ അദ്ദേഹത്തെ വലച്ചു. ഇതിന്റെ എല്ലാം അലയടി 'ഹൊർലയിലും' 'ഭ്രാന്തന്റെ ഡയറിയി'ലും നമ്മൾ ഇന്നും കേൾക്കുന്നുണ്ടു്. ഏതോ ഒരു സത്വം തന്നെ പിൻതുടന്നു് ഉപദ്രവിക്കുന്നെന്നു് അദ്ദേഹത്തിനു തോന്നി. ഏറെ മരുന്നുകൾ ഉള്ളിൽ ചെലുത്തി. എഴുതുവാൻ കരുത്തു നൾകാനായി പലതും കഴിച്ചുനോക്കി. കപ്പൽ സഞ്ചാരം ഗുണമുണ്ടോ എന്നു പരിശോധിച്ചു. ഒന്നുംവേണ്ട ഫലം നൾകിയില്ല. ഇല്ലാത്തതു് കാണുക, മുന്നിൽ ഉള്ളതു് കാണാതിരിക്കുക, കാരണം ഇല്ലാതെ എപ്പോഴും വിഷാദിച്ചിരിക്കുക, മനസ്സ് ചഞ്ചലമാവുക, എന്നു് തകച്ച്യുള്ള എല്ലാ കാരണങ്ങളും മുറയ്ക്കു് ഇദ്ദേഹത്തെ വ്യാപിച്ചു. എന്നല്ല അന്നു് 'മാറുകയില്ല' എന്നു വിചാരിച്ചിരുന്ന ഒരു വ്യാധിയും. ഇങ്ങനെ ആധിയും വ്യാധിയും ഒന്നിച്ചു് അസഹ്യമായപ്പോൾ മരണമേ തനിയ്ക്കു് രക്ഷ നൾകു എന്നു് ബോധം ഉദിച്ചു. തന്നത്താൻ വെടിവെക്കാൻ നിശ്ചയിച്ചു. ദുർഭാഗ്യംകൊണ്ടു് തോക്കിൽനിന്നു് ഉണ്ട നേരത്തെ പരിചാരകൻ ഇതു ശങ്കിച്ചു് എടുത്തു മാററിയിരുന്നു. കടലാസു മുറിക്കുന്ന കത്തികൊണ്ടു് കഴുത്തറുക്കുവാനായിരുന്നു അടുത്ത ശ്രമം. അതും ഫലിച്ചില്ല. രക്തപ്രവാഹം അധികമാകും മുമ്പു് തടഞ്ഞുനിറുത്തപ്പെട്ടു. എന്നാൽ ഇതോടെ അവശേഷിച്ചിരുന്ന ബോധവും നശിച്ചു. അദ്ദേഹത്തിനെ ബന്ധിച്ചിടേണ്ടതായിവന്നു. ഒടുവിൽ ഒരു ഭ്രാന്താലയത്തിൽ അദ്ദേഹത്തിനെ കൊണ്ടാക്കി. 1893 ൽ മോപ്പസങ്ങ് മരിച്ചു.

4

മോപ്പസങ്ങിന്റെ ചെറുകഥകൾക്കാണു് ഗുണക്കൂടുതൽ. കഥ എഴുത്തുകാരന്റെ ആരോഗ്യവും മനസ്ഥിതിയും ഇവയ്ക്കും ഉണ്ടാക്കാൻ അദ്ദേഹത്തിനു് സാധിച്ചു. കാലം മാറിയാലും ജീവിതമൂല്യങ്ങൾക്കു വ്യത്യാസം വന്നാലും സാഹിത്യത്തിന്റെ 'സത്ത'യുടെ കാര്യം മറിഞ്ഞാലും 'മഹാമൂല്യങ്ങൾ'തന്നെ ആയി ഈ കഥകൾ അവശേഷിക്കും. എല്ലാ തലമുറയിലുള്ള കഥഎഴുത്തുകാർക്കും പ്രേരണ നൾകാൻ ഇവയ്ക്കു ശക്തിയും ഉണ്ടു്. കഥയുടെ മാതൃക മോപ്പസങ്ങിൽ നിന്നാണു് പിൽക്കാലത്തുള്ള എഴുത്തുകാർ എല്ലാം സ്വീകരിച്ചതു്. ഏതു ഭാഷയിലും.

അദ്ദേഹത്തെ 'നാച്ചുറലിസ്റ്റ്'' പ്രസ്ഥാനക്കാരനാണു് എന്നു പറയാറുണ്ടെങ്കിലും എല്ലാ പ്രസ്ഥാനങ്ങളും അതുമൊന്നും വകവെക്കാതെ സ്വന്തം പ്രസ്ഥാനംതന്നെ സൃഷ്ടിക്കയാണു് അദ്ദേഹം ചെയ്തതു്. വൈവിദ്ധ്യം ഏറെ ഉള്ള കഥകൾ, എല്ലാത്തരക്കാരെയും കൊണ്ടു് നിറഞ്ഞ കഥകൾ, ഒരു പ്രസ്ഥാനത്തിലും ചേർന്നു നില്ക്കുകയില്ല.

'നമുക്കു് ഒരു ലക്ഷ്യമേയുള്ളു. മനുഷ്യനും ജീവിതവും. അതു് കലാപരമായി വിശദീകരിക്കണം' ഇതായിരുന്നു മാനിഫെസ്റ്റോ മോപ്പസങ്ങിനു്. ഏഴുകൊല്ലം ഫ്ളാബർട്ടിനു് ശിഷ്യപ്പെട്ട ബലം ഇതിൽ തെളിഞ്ഞുകാണാം. മഹാകവികളെയും ലജ്ജിപ്പിക്കുന്ന വർണ്ണനകൾ, നാടകീയമായ പ്രതിപാദനരീതി, നോക്കികണ്ടു പഠിച്ച ജീവിതം മറച്ചുവെക്കാതെ പ്രതിപാദിക്കുവാൻ ഉള്ള ശക്തി, 'ഏവരും കാണുന്നതിൽ ആരുമേ കാണാത്തതു് ഭൂവിന്നു നൾകീടുന്നോൻ ആരവൻ കലാകാരൻ' എന്ന മഹാരീതിതന്നെ മനസ്സിലാക്കി ആ ജീവിതമഷിയിൽ പേന മുക്കാനുള്ള ധൈര്യം, ഇതെല്ലാം ഈ കഥകൾക്കു് മിക്കതിനും അനശ്വരത നൾകി. ഒരു കഥ ആർക്കും എഴുതാം. ഒരുപക്ഷേ ഏററവും നല്ല കഥ എഴുതിയിട്ടുള്ളതു് ഒരു അജ്ഞാതനും ആകാം. എന്നാൽ എഴുതിയിട്ടുള്ള കഥകളിൽനിന്നു തിരഞ്ഞെടുത്താൽ, നല്ല കഥകളുടെ കൂട്ടത്തിൽ ഒന്നാംപന്തിയിൽ വെക്കാവുന്ന കഥകൾ ഏറെ എഴുതിയതു് ആരു് എന്ന ചോദ്യത്തിനു് ഒററ മറുപടിയേ പറയാനുള്ളു. 'മോപ്പസങ്ങ്'' മുന്നൂറു കഥകളിൽനിന്നു് 176 കഥ

# ഇംഗ്ലീഷ് വാർഷിക ഗ്രന്ഥങ്ങൾ

എം. തോമസ്സ് എം. എ; എൽ. ടി.

വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികളെന്നു സ്വയം അവകാശപ്പെടാത്ത പലക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ് വിവരങ്ങൾക്ക് വിവിധരൂപങ്ങളുണ്ടെന്ന്. നീണ്ടകാലത്തെ പരിശ്രമംകൊണ്ട് വിജ്ഞാനം സമ്പാദിക്കുക എന്നുള്ളതിൽനിന്നും ഭിന്നമാണ് പെട്ടെന്നു അറിയേണ്ട അത്യാവശ്യകാര്യങ്ങളെപ്പററിയുള്ള സ്ഥിതിവിവരപ്രധാനമായ ജ്ഞാനം. പെട്ടെന്നു ലഭിക്കേണ്ട ഒട്ടനവധി സ്ഥിതിവിവരങ്ങൾ അടങ്ങിയ പല ഗ്രന്ഥങ്ങളും കാണാം. പക്ഷെ അവയിൽ പലതും ആധുനികത്വമില്ലാത്ത പഴഞ്ചൻ വിവരങ്ങളായിത്തീരുന്നുണ്ട്. അന്നന്നുള്ള വസ്തുസ്ഥിതികൾ ലഭിക്കേണ്ടതിന്റെ ആവശ്യമനുസരിച്ച് അനേകം വാർഷികഗ്രന്ഥങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. അപ്രകാരമുള്ള ചില ഇംഗ്ലീഷ് വാർഷിക ഗ്രന്ഥങ്ങളെ കുറിച്ച് ചുവടേ പ്രതിപാദിക്കാം.

അവയിൽവച്ച് ഏറെക്കുറെ സാർവ്വദേശീയ സ്വഭാവമുള്ളവയുടെ കൂട്ടത്തിൽ സുപരിചിതമായിട്ടുള്ളതു് "വൈററാക്കേഴ്സ് അൽമനാക്ക്" എന്ന വാർഷികഗ്രന്ഥമാണ്. ജ്യോതിശ്ശാസ്ത്രപരവും രാഷ്ട്രീയവും, ധനതത്വപരവും വാണിജ്യപരവും ജനസംഖ്യ സംബന്ധിച്ചും മററുമുള്ള വിവരങ്ങൾ–ലോകത്തിലെ വിവിധരാജ്യങ്ങളെപ്പററിയുള്ള പൊതുവായ സ്ഥിതിവിവരക്കണക്കുകൾ–ഇവയെല്ലാം ആ ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നതാണ്. അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വസ്തുസ്ഥിതികളുടെ വിവരം ആണ്ടോടാണ്ടുള്ള വാർഷികഗ്രന്ഥങ്ങളിൽ ചേർക്കേണ്ടതാകയാൽ മുന്നാണ്ടുകളിലെ പല വിവരങ്ങളും ചേർക്കുന്നതിനു പ്രായോഗിക വൈഷമ്യമുണ്ട്. അതിനാൽ മുന്നാണ്ടുകളിലെ വാർഷികഗ്രന്ഥങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതു്. റഫറൻസിനു ഉപകാരപ്രദമായിരിക്കും. അതേവിധത്തിലുള്ളതെങ്കിലും കുറേക്കൂടെ ചെറിയ ഒരു വാർഷികഗ്രന്ഥമാണ് 'ഡെയിലിമെയിൽ ഇയർബുക്ക്'. ഇവയിൽനിന്നും താരതമ്യേന വ്യാപ്തി കുറവുള്ളതെങ്കിലും അധികൃതമായ വിവരങ്ങൾകൊണ്ട് ഗുണത്തിലും

---

കൾ നന്നാണെന്ന് മിക്കവരും സമ്മതിച്ചിട്ടുണ്ട്. അവ എല്ലാതരത്തിലും ഉൾപ്പെടും. ആരുടെ രുചിക്കും ചേരുന്നതു് ഇതിൽ ഉണ്ടുതാനും.

5

മലയാളത്തിലെ ചെറുകഥാപ്രസ്ഥാനത്തിന് മോപ്പസങ്ങിനോട് ഏറെ കടപ്പാടുണ്ട്. മിക്ക വലിയ എഴുത്തുകാരും മോപ്പസങ്ങിനെ അനുകരിച്ചിട്ടുണ്ട്. വിശ്വസാഹിത്യത്തിലേക്ക് തർജ്ജിമമൂലം കടന്നുകൂടാൻ ശ്രമിക്കുമ്പോൾ ചില മലയാളകഥകൾ മററുവിധത്തിൽ മോപ്പസാങ്ങിനെ വ്യാഖ്യാനിച്ചതാണ് എന്ന് പലരും കണ്ടുപിടിക്കയും ചെയ്യും.

മോപ്പസാങ്ങിന്റെ രണ്ടുനോവലുകളും ഏറെ ചെറുകഥകളും മലയാളത്തിൽ കടന്നു കയറിയിട്ടുണ്ട്. ബെൽ–അമിയുടെ വിവർത്തനമാണ് ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ കാമുകൻ. 'ഒരു സ്ത്രീയുടെ ജീവിതം' എന്ന നോവൽ 'Une vie' എന്ന കൃതിയുടെ തർജ്ജിമയാണ്. ശ്രീ. ബാലകൃഷ്ണപിള്ള തന്നെ മോപ്പസാങ്ങിന്റെ ചെറുകഥകൾ എന്ന് ഒരു സമാഹാരം പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഈ ലേഖകൻതന്നെ 'തടിച്ചവേശ്യ' 'പുരോഹിതൻ' എന്നു രണ്ടു വലിയ ചെറുകഥകൾ പുസ്തകരൂപത്തിൽ പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ പ്രസാധകരുടെ കാരുണ്യം കാത്ത്, സമയം പ്രതീക്ഷിച്ച് 135 കഥകൾ അണിയറയിൽ ഒരുങ്ങിനിൽക്കുന്നുമുണ്ട്. കഥാവായനക്കാർക്ക് ഇത്ര വലിയ വിരുന്ന് ഏറെ രുചിയോടെ മററാരും നൾകിയിട്ടില്ല. ഇത്രയും മോഷണവും ചൂഷണവും മറെറാരു കാഥികനും അനുഭവിച്ചിട്ടുമില്ല.

ത്തുക്കത്തിലും പ്രാധാന്യമർഹിക്കുന്നതാണ് "സ്റ്റേററ്സ്മാൻസ് ഈയർബുക്ക്" ഇതിൽ ലോകത്തിലെ സകല രാഷ്ട്രങ്ങളിലേയും ഗവമ്മെൻറുകൾ ഭരണഘടനകൾ എന്നിവയെക്കുറിച്ചുള്ള ചരിത്രപരവും സ്ഥിതിവിവരപ്രധാനവുമായ വസ്തുതകൾ ഉൾക്കൊള്ളുന്നുണ്ട്.

ബ്രിട്ടണിലും പുറത്തും ഒരാണ്ടിൽ നടക്കുന്ന പ്രധാനപ്പെട്ട പൊതുജനപ്രാധാന്യമുള്ള വിവരങ്ങളെപ്പററിയുള്ള സംക്ഷിപ്തവിവരണങ്ങളും, സാഹിത്യം, കലകൾ, ശാസ്ത്രം, വ്യവസായം, ധനം, വാണിജ്യം, നിയമം എന്നീ വകുപ്പുകളിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട മാററങ്ങൾ അവ ഓരോന്നിനേക്കുറിച്ചുമുള്ള ഒരു ചെറിയ മുൻചരിത്രഗതി പ്രധാനപ്പെട്ട വ്യക്തികളുടെ മരണവിവരം, ഗവർമ്മെൻറനിയമങ്ങളുടെ തെരെഞ്ഞെടുക്കപ്പെട്ട ഒരു വിഭാഗം എന്നിവയും പ്രസിദ്ധീകൃതങ്ങളാകുന്ന ഒരു ഗ്രന്ഥമാണ് "ആനുവൽ രജിസ്റ്റർ"

അഢ്യഡയറക്ടറി രീതിയിൽ പ്രസിദ്ധീകൃതങ്ങളാകുന്ന വാർഷികഗ്രന്ഥങ്ങൾ വളരെയുണ്ട്. ചില തൊഴിലുകളെ സംബന്ധിച്ചിടത്തോളം അധികൃതമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനകൾക്കേ ഇത്തരം വാർഷികവാർത്താവിവരങ്ങൾ പ്രസിദ്ധം ചെയ്യാവൂ എന്ന് ഒരു നിയമമുണ്ട്. 'ലൈബ്രറി അസോസിയേഷൻ ഈയർബുക്ക്' 'ലാലിസ്റ്റ്' മെഡിക്കൽ രജിസ്റ്റർ' 'രജിസ്റ്റർ ഓഫ് ആർക്കിറെക്ററ്സ്' എന്നിവ ഈ തരത്തിൽപ്പെടുന്ന ഗ്രന്ഥങ്ങളാണ്.

പലവിധത്തിലുള്ള ഉപകാരപ്രദങ്ങളായ ലിസ്ററുകളും പ്രസിദ്ധീകൃതങ്ങളാകുന്നുണ്ട്. ഉദാഹരണമായി "ദി ഇംഗ്ലീഷ് ക്യാററലാഗ് ഓഫ് ബുക്ക്സ് "വൈററാക്കേഴ്സ് ക്യുമുലേററീവ് ബുക്ക്ലിസ്റ്റ്" എന്നിവ. പുസ്തകവില മാറിമാറിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് വിവരം നല്കുന്ന ഒരു ലിസ്ററ് വിതർബി പ്രസിദ്ധീകരണക്കാർ 'ബുക്ക്പ്രൈസസ്കറൻറ്' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വിപുലമായ വിവരങ്ങളെ കണ്ടുപിടിക്കുന്നതിനുതകുന്ന പ്രസിദ്ധീകരണങ്ങൾ പലക്കും അനുപേക്ഷണീയവാര്യമാണ്. അവയിൽ ചിലതു് ഒരു വഷത്തിൽ പല ഘട്ടങ്ങളിലും പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. 'കെമിക്കൽ അബ്സ്ട്രാക്ററ്സ്' 'സയൻസ് അബ്സ്ട്രാക്ററ്സ്' എന്നിവ ഇതിനുദാഹരണങ്ങളാണ്. ബ്രിട്ടീഷ് ലൈബ്രറി അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന "സബ്ജക്ററ് ഇൻഡക്സ് റു പീരിയാഡിക്കൽസ്" എന്ന ഗ്രന്ഥം സാമാന്യജനങ്ങൾക്ക് പൊതുവേ അനേകശതം ഇംഗ്ലീഷും അമേരിക്കനും ആനുകാലിക പ്രസിദ്ധീകരണങ്ങളിലുള്ള ലേഖനങ്ങളെപ്പററിയുള്ള സൂചനകൾ നല്കുന്ന ഒന്നാണ്. വിവിധസ്ഥാപനങ്ങളും ഇതുപോലെ അവയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുന്നുണ്ട്. ശില്പവിദഗ്ദ്ധസംഘടന, സർവയേഴ്സ് സംഘടന, സെക്രട്ടറിയൽ സംഘടന, അക്കൗണ്ടൻറ്മാരുടെ സംഘടന എന്നിവ നല്കുന്ന വിവരങ്ങളും മററെങ്ങുനിന്നും ലഭിക്കുവാൻ വിഷമമുള്ള പരസ്യങ്ങൾപോലും പ്രയോജനപ്രദങ്ങളായിത്തീരുന്നുണ്ട്.

വിവിധരാജ്യങ്ങളെപ്പററി വിവിധവിവരങ്ങൾ നല്കുന്ന പ്രത്യേക പ്രസിദ്ധീകരണങ്ങളും ഒട്ടും കുറവല്ല. "അൾസ്റ്റർ ഈയർ ബുക്ക്" "തോംസ്ഡയറക്ററി ആഫ് ഐർലൻറ്" "ഒഫിഷ്യൽ ഈയർബുക്ക് ഓഫ് ദി കോമൺവെൽത്ത് ഓഫ് ആസ്ട്രേലിയ," "ക്യാനഡാ ഈയർബുക്ക്" ടൈംസ് ഓഫ് ഇൻഡ്യാ പ്രസിദ്ധീകരിക്കുന്ന 'ദി ഇൻഡ്യൻ ഈയർബുക്ക്' 'ന്യൂസീലൻറ് ഒഫിഷ്യൽ ഈയർബുക്ക്' "ഒഫിഷ്യൽ ഈയർബുക്ക് ഓഫ് ദി യൂണിയൻ ഓഫ് സൗത്ത് ആഫ്രിക്ക," "ദി സൗത്ത് ആൻറ് ഈസ്റ്റ് ആഫ്രിക്കൻ ഈയർ ബുക്ക് ആൻറ് ഗൈഡ്" "ദി ആംഗ്ലോ അമേരിക്കൻ ഈയർ ബുക്ക്" "ദി സൗത്ത് അമേരിക്കൻ ഹാൻഡ് ബുക്ക്" "ദി മിഡിൽ ഈസ്റ്റ് ഈയർബുക്ക്" "ചൈനാ ഈയർബുക്ക്" എന്നിവ ഇതിനു ഉദാഹരണങ്ങളായി പറയാവുന്നതാണ്.

ക്രിസ്തുമതത്തെപ്പററിയും ക്രിസ്തീയസഭയെപ്പററിയും "ദി ഒഫിഷ്യൽ ഈയർബുക്കു് ഓഫ് ദി ചർച്ച് ഓഫ് ഇംഗ്ലണ്ടു്" "ക്രോക്ക്ഫോർഡ്സ് ക്ലിനിയ്ക്കൽ ഡയറക്ടററി", "ദി കാത്തോലിക് ഡയറക്ററി" "ദി കോൺഗ്രിഗേഷനൽ ഈയർബുക്ക്" "ദി ബാപ്ററിസ്റ്റ്ഹാൻഡ്ബുക്ക്," "സാൽവേഷൻ ആർമി ഈയർബുക്ക്" എന്നിങ്ങനെ വിവിധക്രൈസ്തവവിഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്ന വാർഷികഗ്രന്ഥങ്ങൾ തൽസംബന്ധമായി വിശദവിവരങ്ങൾ നല്കുന്നു.

വിദ്യാഭ്യാസമേഖലയെക്കുറിച്ചും ഇതുപോലെയുള്ള വാർഷികഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്. വിദ്യാഭ്യാസപരമായി ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെക്കുറിച്ചും പുതുചിന്തകളെക്കുറിച്ചും വിവിധരാജ്യങ്ങളിലെ അധികൃതന്മാരുടെ ലേഖനങ്ങളടങ്ങിയ വാർഷികഗ്രന്ഥമാണു് "ദി ഈയർ ബുക്ക് ഓഫ് എഡ്യൂക്കേഷൻ". ബ്രിട്ടണിലെമാത്രം വിദ്യാഭ്യാസഭരണപരമായ വിവരങ്ങൾ നല്കുന്നതാണു്" "ദി എഡ്യൂക്കേഷൻ കമ്മിററീസ് ഈയർബുക്കു്". ബ്രിട്ടണിലേയും കോമൺവെൽത്തു് രാജ്യങ്ങളിലേയും വിദ്യാഭ്യാസാധികൃതന്മാർ സ്ഥാപനങ്ങൾ, പ്രവർത്തനങ്ങൾ, പ്രശസ്തപ്രവർത്തകർ എന്നിവരെക്കുറിച്ചു "ദി എഡ്യൂക്കേഷൻ അതോറിട്ടീസ് ഡയറക്ടററി ആൻഡ് ആനുവൽ" എന്ന ഗ്രന്ഥംവേണ്ട വിവരങ്ങൾ വർഷംതോറും നല്കുന്നുണ്ടു്. "പബ്ലിക് ആൻഡ് പ്രിപ്പറേട്ടറിസ്കൂൾസ് ഈയർബുക്ക്" എന്ന ഗ്രന്ഥത്തിൽനിന്നും ബ്രിട്ടീഷ് ദ്വീപുകളിലെ അത്തരം സ്കൂളുകളെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ ലഭിക്കും. ബ്രിട്ടണിലുള്ള പ്രധാനപ്പെട്ട പെൺപള്ളിക്കൂടങ്ങളെപ്പററിയുള്ള വിവരങ്ങൾ 'ദി ഗേൾസ് സ്കൂൾ ഈയർ ബുക്ക്' എന്ന വാർഷികഗ്രന്ഥം നൽകുന്നുണ്ടു്. "സ്കൂൾസ്" എന്ന വാർഷിഗ്രന്ഥം ബ്രിട്ടനിലെ എല്ലാത്തരം വിദ്യാലയങ്ങളെപ്പററിയുമുള്ള പൊതുവായവിവരങ്ങൾ ലഭിക്കുന്നതിനു സഹായകരമാണു്. ലോകത്തിലുള്ള വിദ്യാഭ്യാസപരവും സാങ്കേതികവുമായ അനേകായിരം സ്ഥാപനങ്ങളെപ്പററിയുള്ള വിശദവിവരങ്ങൾ നൽകുന്ന ഒരു ഗ്രന്ഥമാണു് യൂറോപ്പാപ്രസിദ്ധീകരണക്കാരുടെ 'ദി വേൾഡ് ഒഫ് ലേണിംഗ്' എന്ന വാർഷികഗ്രന്ഥം. ഓരോ സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങളെപ്പററിയുള്ള വിവരണങ്ങളും അതിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കും. 1940നു മുമ്പുവരെ പ്രസിദ്ധീകരിക്കപ്പെട്ടുവന്ന ഒരു വാർഷിഗ്രന്ഥമായിരുന്നു. "ദി ഈയർബുക്ക് ആഫ് സയൻറിഫിക് ആൻഡ് ലേണഡ് സൊസൈററീസ്"

ജീവചരിത്രപരമായ വാർഷികഗ്രന്ഥങ്ങളും ഇംഗ്ലീഷുഭാഷയിൽ സുലഭമാണു്. "ഹു ഇസ് ഹു" എന്ന ഗ്രന്ഥം സുപ്രസിദ്ധമാണല്ലോ. ബ്രിട്ടണിലും കോമൺവെൽത്തിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും ജീവിച്ചിരിക്കുന്ന ഏററവും സമുന്നതരായ വ്യക്തികളെപ്പററിയുള്ള വിശദമായ ജീവചരിത്രസംഭവങ്ങൾ സംക്ഷിപ്തമാക്കിയിട്ടുള്ള പ്രസ്തുത ഗ്രന്ഥം യൂറോപ്പാ പ്രസിദ്ധീകരണക്കാർ ലോകമെങ്ങുമുള്ള വ്യക്തികളുടെ ജീവചരിത്രവിവരങ്ങൾ ചേർത്തു് ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുന്ന മറെറാരു ഗ്രന്ഥമാണു് "ഇൻറർനാഷണൽ ഹു ഈസ് ഹു". ഒരു പ്രത്യേക വർഷം നാടകരംഗത്തു് ആവിർഭവിക്കുന്ന വ്യക്തികളെക്കുറിച്ചു പ്രത്യേകിച്ചും ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ളവരെപ്പററി ശരിയായ വിവരങ്ങൾ "ഹു ഈസ് ഹു ഇൻ തീയേററർ" എന്ന പുസ്തകത്തിൽനിന്നും നമുക്കു ലഭിക്കും. പ്രഭുകുലജാതന്മാരെപ്പററിമാത്രമുള്ള വിവരങ്ങൾ, കെല്ലി ഓഡാം മുതലായ ചില പ്രസിദ്ധീകരണശാലക്കാർ ഇപ്പോഴും അച്ചടിക്കാറുണ്ടു്.

ആരോഗ്യപരമായ വിഷയങ്ങൾ അറിയേണ്ടുന്നതും പൊതുജനങ്ങളുടെ ഒരാവശ്യമാണു്. "ഹെൽത്തു് ആൻഡ് സോഷ്യൽ വെൽഫയർ", "ദി ഹോസ്പിററൽസ് ഈയർ ബുക്കു്" "ദി പബ്ലിക് അസിസ്റ്റൻസ് ആനുവൽ" "ദി ആനുവൽ കെമിസ്ട്രി രജിസ്റ്റർ ആൻഡ് ഡൈജസ്റ്റ്" എന്നിവ പ്രായേണ ഇംഗ്ലണ്ടിനെക്കുറിച്ചു് പ്രധാനമായി ഈ വിഷയത്തിലുള്ള വിവരങ്ങൾ നൽനുവയാണു്.

കലാപരമായും അതിനോടു അനുബന്ധിച്ചുള്ളവകുപ്പുകളെക്കുറിച്ചും ശരിയായ വിവരങ്ങൾ തരുന്ന ഒന്നാണു് "ദി ഇയേഴ്സ് ആർട്ട്" എന്ന വാർഷികഗ്രന്ഥം. ബ്രിട്ടണിലും കോമൺവെൽത്തിലും അമേരിക്കയിലും ചിത്രമെഴുത്തു്, കൊത്തുപണി, പ്രതിമാനിർമ്മാണം, ശില്പവിദ്യ എന്നിത്യാദി വിഷയങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന പുരോഗമനങ്ങളും വ്യതിയാനങ്ങളുംതന്നാണ്ടിൽ ആ മേഖലകളിൽ ഉണ്ടായിട്ടുള്ള പ്രധാന സംഭവങ്ങളും വിശദമായി ഈ ഗ്രന്ഥത്തിൽനിന്നും ലഭിക്കുന്നതാണു്. "ഡെക്കറേറ്റീവ് ആർട്ട്" "ദി ഷെഡിയോ ഈയർബുക്ക്" എന്നതു് ഗൃഹനിർമ്മാണശില്പവിദ്യ, അലങ്കരണം, വിധാനം എന്നിവയെക്കുറിച്ചുള്ള സാർവ്വദേശീയമായ ഒരു റിവ്യൂവാണു്. ബ്രിട്ടണിലും യൂറോപ്പിലും അമേരിക്കയിലും കലാപരമായ സൗധങ്ങളുടെ അതതു വർഷത്തെ വില നൽകുന്നതാണു ആർട്ട് ട്രേഡ് പ്രസ്സുകാർ അച്ചടിക്കുന്ന "ആർട്ട് പ്രൈസസ് കറൻറ്" എന്ന ഗ്രന്ഥം. ഫോട്ടോഗ്രാഫിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ഗ്രീൻവുഡ് പ്രസിദ്ധീകരണമായ "ദി ബ്രിട്ടീഷ് ജേണൽ ആഫ് ഫോട്ടോഗ്രാഫിക് അൽമനാക്" പ്രതിപാദിക്കുന്നുണ്ടു്. പ്രസ്സ് സെൻറർ പ്രസിദ്ധീകരണക്കാരുടെ ഫോട്ടോഗ്രാഫി ഈയർബുക്കിൽ സാങ്കേതിക വശങ്ങളെക്കുറിച്ചും ലോകമെങ്ങുമുള്ള ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോകളുടെ പടങ്ങളും കാണാവുന്നതാണു്. ബ്രിട്ടീഷ് സാമ്രാജ്യത്തിലും ഐക്യനാടുകളും ഉള്ള ഗ്രന്ഥകാരന്മാർ, കലാകാരന്മാർ നാടകകൃത്തുകൾ, ചിത്രമെഴുത്തുകാർ, ഫോട്ടോഗ്രാഫർമാർ, സംഗീതരചയിതാക്കൾ എന്നിവർക്കു വേണ്ടിയുള്ള ഒരു ഡയറക്ടറിയാണു് "എ ആൻറ് സി ബ്ളാക്ക് പ്രസിദ്ധീകരിക്കുന്ന "ദി റൈറേഴ്സ് ആൻഡ് ആർട്ടിസ്റ്റിസ് ഈയർബുക്ക്". പത്രപ്രവർത്തകർക്കുവേണ്ടിയുള്ളതാണു് "ഫ്ളീററ് സ്ട്രീററ് ആനുവൽ". ഒരുവർഷത്തെ പത്രപ്രവർത്തനത്തെക്കുറിച്ചുള്ള ഒരു പ്രത്യവലോകനം ലേഖനങ്ങൾ വിററഴിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ടകമ്പോളങ്ങളുടെ ഒരു ലിസ്ററ് എന്നിവയാണു് പ്രധാനപ്രതിപാദ്യവിഷയം. "വില്ലിംഗ്സ് പ്രസ്സ് ഗൈഡ്" ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള ദിനപ്പത്രങ്ങളെപ്പററിയും ആനുകാലിക പ്രസിദ്ധീകരണങ്ങളെപ്പററിയും ഇതര രാജ്യങ്ങളിലെ പ്രസിദ്ധീകരണങ്ങളെപ്പററിയും ഉള്ള വിവരങ്ങൾ നല്കുന്നുണ്ടു്. "ന്യൂസ്പേപ്പർ പ്രസ്സ് ആൻഡ് ഡയറക്ററി" എന്ന ഗ്രന്ഥം ലോകത്തിലുള്ള സകല ആനുകാലിക പ്രസിദ്ധീകരണങ്ങളെക്കുറിച്ചും "ദി ബ്രിട്ടീഷ് തീയേററർ ഈയർ ബുക്ക്" ഡോൾസൻ പ്രസിദ്ധീകരണക്കാരുടെ "തീയേററർ ഈയർബുക്ക്" ബ്രിട്ടീഷ് നാടകവേദിയുടെ സംവിധാനം, പ്രവർത്തനം, എന്നിവയെക്കുറിച്ചുമുള്ള എല്ലാവശങ്ങളെപ്പററിയും വിവരങ്ങൾ നല്കുന്നതിനുള്ള പുതിയ സംരംഭങ്ങളാണു്. ഓഡാം പ്രസിദ്ധീകരണശാലക്കാരുടെ "കിനമറ്റോഗ്രാഫിക് ഈയർ ബുക്ക്" ബ്രിട്ടീഷ് ചലച്ചിത്ര വ്യവസായത്തെക്കുറിച്ചുള്ള പൊതുവിവരങ്ങൾ നല്കുന്നുണ്ടു്. ഫിലിം വ്യവസായത്തെപ്പററിയുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും അടങ്ങിയ ഒരു വാർഷികഗ്രന്ഥം ബ്രിട്ടീഷ് ഈയർബുക്ക് പ്രസിദ്ധീകരണക്കാർ "ബ്രിട്ടീഷ് ഫിലിം ഈയർബുക്ക്" എന്ന പേരിൽ മുറയ്ക്കു പ്രസിദ്ധീകരിക്കുന്നുണ്ടു്. ബ്രിട്ടണിലും വെളിയിലും ഉള്ള ഇൻഫർമേഷൻ ഫിലിമിനെക്കുറിച്ചുള്ള വിവരം എഡിൻബറോ നഗരത്തിലെ ആൽഡ്യൻ പ്രസ്സുകാർ അച്ചടിച്ചിറക്കുന്ന "ഇൻഫർമേഷൻ ഫിലിം ഈയർബുക്ക്"—ൽ നിന്നും ലഭിക്കുന്നതാണു്. അതുപോലെ എ ആൻഡ് സി ബ്ളാക്ക് പ്രസിദ്ധീകരിക്കുന്ന "ബാല്ലററ് ആനുവൽ" എന്ന ഗ്രന്ഥത്തിൽനിന്നും ബ്രിട്ടണിലും പുറത്തും ബാലററിലുള്ള പ്രവർത്തനങ്ങൾ അറിയാൻ സാധിക്കും.

കളികളെക്കുറിച്ചു "ബ്രിട്ടീഷ് സ്പോർട്ട്സ് ഈയർബുക്ക്" കൂടാതെ പ്രസിദ്ധിയുള്ള "വിസ്ഡൻസ് ക്രിക്കറേറഴ്സ് അൽമനാക്ക്" ടെമ്പിൾ പ്രസ്സുകാരുടെ "സൈക്ക്ളിംഗ് മാനുവൽ" സൺഡേക്രോണിക്കിൾ മുതലായ പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന "ഫുട്ബാൾ ആനുവൽ" കോളിൻസ് പ്രസിദ്ധീകരിക്കുന്ന "ദി ഹോഴ്സ്

# ഗ്രന്ഥനിരീക്ഷണം

## വ്യക്തിയിൽനിന്നും പൗരനിലേക്കു്

പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി
ബാലൻ പ്രസിദ്ധീകരണങ്ങൾ, തിരുവനന്തപുരം
വില 12 അണ.

വ്യക്തിയിൽനിന്നും പൗരനിലേക്കു് എന്നു കേൾക്കുമ്പോൾത്തന്നെ പ്രത്യക്ഷത്തിൽ ഒരു തല തിരിച്ചിൽ തോന്നും. ഇന്നത്തെ സംകുചിതമായ വിദ്യാഭ്യാസപദ്ധതിയുടെ അരുമസന്താനമായി, സംകുചിതമായ സാമുദായികവലയങ്ങളിൽ കുടുങ്ങി വിഭാഗീയാശയങ്ങൾകൊണ്ടു് മരവിച്ച മനുഷ്യനെയാണു് ഇവിടെ വ്യക്തി എന്ന പദംകൊണ്ടു് ഗ്രന്ഥകർത്താവു് അർത്ഥമാക്കുന്നതു്. ഈ പരിതഃസ്ഥിതിയിൽനിന്നും മനുഷ്യൻ ഉയരണം. യഥാർത്ഥ ഡമോക്രസിയുടെ സന്താനമായ സ്വാതന്ത്ര്യചിന്തയും രാഷ്ട്രവിജ്ഞാനവുംകൊണ്ടു് ലോകനന്മയ്ക്കുവേണ്ടി ജീവിക്കുവാനും പരസ്പരം സ്നേഹപൂർവ്വം വർത്തിക്കുവാനും ഉള്ള ഒരു വിശിഷ്ടവ്യക്തിയായി–യഥാർത്ഥപൗരനായി – കഴിവാനുള്ള മാർഗ്ഗോപദേശങ്ങളാണു് ഈ ചെറിയ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. അതിന്റെ സമഗ്രമായ ഒരു സ്വരൂപം ഏതാണ്ടിപ്രകാരമാണു്. പുതിയ തലമുറയ്ക്കുള്ള

---

മാൻസ് ഈയർബുക്ക്'' ഗോൾഫു കളിയെപ്പററിയും കളിക്കാരെപ്പററിയും "ദി ഗോൾഫേഴ്സ് ഹാൻഡ്ബുക്ക്'' എന്നിങ്ങനെ ഓരോ ഇനം മത്സരക്കളികളേ ആധാരമാക്കിയുള്ള വാർഷികഗ്രന്ഥങ്ങളും സുലഭമാണു്.

ബ്രിട്ടീഷ് കൃഷിവ്യവസായത്തെപ്പററി പ്രസിദ്ധീകൃതങ്ങളാകുന്ന ഗ്രന്ഥങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ചലച്ചിത്രങ്ങൾ എന്നിവയുടെ ലിസ്ററും ഉൾക്കൊള്ളുന്നതാണു്. റേറാത്തു് പ്രസിദ്ധീകരണക്കാരുടെ" "ഫാം ആൻഡ് മെക്കാനിക്കൽ അഗ്രികൽച്ചർ'' എന്ന വാർഷിക ഗ്രന്ഥം കൃഷി സംബന്ധിച്ച കാര്യങ്ങളെപ്പററിയുള്ള വിശദവിവരങ്ങൾ നല്കുന്നുണ്ടു്.

ബ്രിട്ടനിലെ കേന്ദ്രപരവും പ്രാദേശികവുമായ പ്രവർത്തനങ്ങളെക്കുറിച്ചു വിവരങ്ങൾ നൽകുന്നതിനും അനവധി വാർഷികഗ്രന്ഥങ്ങൾ ഉണ്ടു്. "ദി ഫാറിൻഓഫീസ്‌ലിസ്റ്റ്" ദി കൊളോണിയൽ ഓഫീസ്‌ലിസ്റ്റ്" "ദി ബ്രിട്ടീഷ് ഇംപീരിയൽകലണ്ടർ ആൻഡ് സിവിൾസയൻസ്‌ലിസ്റ്റ്'' "ദി മുനിസിപ്പൽ ഈയർബുക്ക്'' "ദി ലോക്കൽ ഗവമ്മെൻറ് മാനുവൽ ആൻഡ് ഡയറക്ററി" എന്നിവ മുകളിൽ പറഞ്ഞ തരത്തിലുള്ള ഗ്രന്ഥങ്ങൾക്കു് ഉദാഹരണങ്ങളാണു്. "മുനിസിപ്പൽവാർഷികഗ്രന്ഥം പ്രാദേശികസ്വയംഭരണത്തിന്റെ ഒരു വിശ്വകോശംതന്നെയാണു്. അതുപോലെ ബട്ടർവർത്തു പ്രസിദ്ധീകരണശാലക്കാർ "ലോക്കൽ ഗവർമ്മെൻറ് എന്ന വാർഷികഗ്രന്ഥത്തിൽ അതിനെ സംബന്ധിക്കുന്ന ചട്ടങ്ങൾ, ആർഡറുകൾ, സക്കുലറുകൾ, കേസുകൾ, മെമ്മോറാണ്ഡങ്ങൾ, ഡിപ്പാർട്ടുമെൻറൽ തീരുമാനങ്ങൾ, എന്നിവ ചേർത്തിട്ടുണ്ടു്. ദക്ഷിണാഫ്രിക്കയിലേയും ന്യൂസീലൻറിലേയും പ്രാദേശികഗവർമ്മെൻറുകളെക്കുറിച്ചു് മനസ്സിലാക്കുന്നതിനു ഈ.ജി. അല്ലൻ പ്രസിദ്ധീകരണക്കാരുടെ "ഒഫിഷ്യൽ സൗത്തു് ആഫ്രിക്കൻ മുൻസിപ്പൽ" വാർഷികഗ്രന്ഥവും ന്യൂസിലൻറ് ഗവർമ്മെൻറ് പ്രിൻററുടെ പ്രസിദ്ധീകരണമായ "ദി ലോക്കൽ അതാറിട്ടീസ് ഹാൻഡ്ബുക്ക് ഓഫ് ന്യൂസീലൻറ്'' എന്ന ഗ്രന്ഥവും ഉപകാരപ്രദമാണു്.

അന്തർദ്ദേശീയനിയമങ്ങളെക്കുറിച്ചറിയുന്നതിനു ഓക്സ്ഫോർഡ് സർവ്വകലാശാലക്കാർ പ്രസിദ്ധീകരിക്കുന്ന "ദി ബ്രിട്ടീഷ് ഈയർബുക്ക് ഓഫ് ഇൻറർനാഷണൽലാ" "മാത്രമേയുള്ളു. ഇൻറർനാഷണൽ ലായെക്കുറിച്ചും പരസ്പരബന്ധങ്ങളെപ്പററിയും പ്രസിദ്ധീകൃതങ്ങളാകുന്ന ഗ്രന്ഥങ്ങളെപ്പററിയുള്ള അഭിപ്രായങ്ങളും അതിൽ കാണുവാൻ കഴിയും. (തുടരും)

വിശേഷനടപടികളെ തടഞ്ഞുനിറുത്തുന്ന സ്വാർത്ഥങ്ങൾ ആദരിക്കത്തക്കതല്ല. മനുഷ്യർ തമ്മിൽ അന്യോന്യം അനീതികൾ കാണിക്കാതിരിക്കാൻ വേണ്ടി സ്ഥാപിതമായ മതങ്ങൾ എല്ലാം ഇന്നത്തെ ആചാര്യന്മാരുടെ കൈയിൽ വെറും നേതൃത്വസ്ഥാനത്തിനു വേണ്ടിയുള്ള ആയുധങ്ങളായിത്തീൎന്നു. ആവശ്യങ്ങളും അവകാശങ്ങളും വൎദ്ധിച്ചുവരുന്നതോടെ സ്ഥാപനങ്ങൾക്കും അവയെ നിയന്ത്രിക്കുന്ന വ്യക്തികൾക്കും മാററം വരണം. തെററായ നടപടികളേയും പഴയ വിശ്വാസങ്ങളേയും വലിച്ചെറിയാനുള്ള ചങ്കൂററം ചെറുപ്പത്തിലേ ഉണ്ടാവണം. ഇതിനു മൂന്നു പ്രധാനമാൎഗ്ഗങ്ങളാണു് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നതു്.

1. കുട്ടികൾ സംഘമായിരുന്നു വിഷയവിചാരണ ചെയ്യുന്ന സമ്പ്രദായം ഏർപ്പെടുത്തണം. ജ്ഞാനധനന്മാരായ മഹാശയന്മാരുടെ പ്രഭാഷണങ്ങൾ വായിക്കണം. കിട്ടാവുന്നിടത്തോളം അറിവെല്ലാം സമ്പാദിച്ചു് സ്വയം ചിന്തിച്ചുറച്ചതിനുശേഷം പഴഞ്ചൻരീതികളെ പിച്ചിക്കീറുവാൻ പഴുതുനോക്കണം.

ഇവിടെ പ്രൊഫസർ ഒരംകുശമിടുന്നതു് ഏതായാലും അനുഗ്രഹമാണു്. ഏററവും പുതിയ തലമുറയിൽ എത്തിക്കഴിഞ്ഞവർ തൊട്ടു് പിന്നിലെ തലമുറവരെ ലോകത്തു് ഉണ്ടായിട്ടുള്ള സാംസ്കാരികമായ നേട്ടങ്ങൾ എല്ലാം മനസ്സിലാക്കിയിരിക്കണം എന്നു്–പുതിയ ചേരിയിൽ വിപ്ലവകാഹളം ഊതുന്ന ചെഞ്ചോരക്കൊതിയന്മാർ ഇതൊന്നു കണ്ണുതുറന്നു വായിക്കണം. "ഇരുന്നിട്ടേ കാലുനീട്ടാവൂ" എന്ന പ്രമാണം അക്ഷരംപ്രതി അനുഷ്ഠിച്ചുകൊണ്ടാണു് ശ്രീ. മുണ്ടശ്ശേരി മുന്നേറുന്നതു് എന്നു മനസ്സിലാക്കണം–ഇതിൽ അപകടമില്ല. വിവിധമതാനുയായികളായ യുവാക്കന്മാരെ ചിന്തിപ്പിക്കാനും സർവ്വലോകസാഹോദര്യം പുലർത്താനും ഉതകുന്ന ഒരു സാമൂഹ്യഘടനയുടെ ആവശ്യമാണു് ഇന്നുള്ളതു്. അതു് ഒരു ഗവർമെൻറിൻെറ നിയമനിൎമ്മിതി കൊണ്ടോ ശാസനങ്ങൾകൊണ്ടോ ഉണ്ടാവാൻ പോകുന്നില്ല. സംസ്കൃതമതികളായ യുവാക്കന്മാർ മുന്നോട്ടുവന്നാലേ പഴയചേരിയിലുള്ളവരെ മാനസാന്തരപ്പെടുത്താൻ സാധ്യമാകൂ. അങ്ങനെ ഒരു സമാധാനപരമായ വിപ്ലവത്തിൻെറ ആഹ്വാനമാണു് ശ്രീ. മുണ്ടശ്ശേരിയുടെ പ്രഭാഷണത്തിൽ നിഴലിച്ചുകാണുന്നതു്. ഇതു ബാലന്മാർക്കു വേണ്ടിയുള്ള ബാലൻ പ്രസിദ്ധീകരണത്തിൻെറ ഒരു ദളമായിട്ടാണു് അച്ചടിച്ചിട്ടുള്ളതെങ്കിലും ബാലന്മാരും അവരുടെ പിതാക്കളും ഇതു വായിക്കണം എന്നു കരുതിയാണു് തൽകർത്താവു് ഈ പ്രഭാഷണം അല്പം പ്രൗഢമാക്കിയതെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

## 2. മുന്തിരക്കുല

മാവേലിക്കര അച്ചുതൻ

വില അണ 8.

സാഹിത്യാരാമത്തിലെ ഒരു വിളഞ്ഞ സൃഷ്ടിയാണു് പ്രസ്തുതമായ മുന്തിരക്കുല. അതിൻെറ കെട്ടിനും മട്ടിനും കാഴ്ചവയ്പിനും ഒക്കെ ഉണ്ടു് ഒരു വിശേഷത. മുഖചിത്രത്തിലുണ്ടു് ഒരു മുന്തിരിക്കുലയും മോഹിനിയും മരണസൂചകമായ ഒരു അരിവാളും. മദിരയും മദിരാക്ഷിയും ചേർന്നാൽ പിന്നെ അരിവാളുമില്ലെങ്കിൽ പ്രതീകം പൂർത്തിയാവില്ലെന്നായിരിക്കാം. കാവ്യോദ്ദേശം മുഖവുരകൊണ്ടു് തെളിയുന്നുണ്ടു്. "ഹൃദയത്തിലെ ഞരമ്പുവള്ളിയിൽനിന്നു പറിച്ചെടുത്തതാണു് ഈ മുന്തിരക്കുല. അതു പിഴിഞ്ഞുകിട്ടുന്ന മുന്തിരിനീരിൽ നിണത്തുടിപ്പിൻെറ നിറക്കൊഴുപ്പുകണ്ടു് ചിലർ പുരികം ചുളിച്ചേക്കാം." തീർച്ചയായും പുരികങ്ങൾ ചുളിയാനുള്ളവക ഇതിൽ കാണ്മാനുണ്ടു്; പക്ഷെ, അതു് നിണത്തുടുപ്പിൻെറ നിറക്കൊഴുപ്പുകൊണ്ടായിക്കൊള്ളണമെന്ന മുൻവിധി ഏതും സുബദ്ധമല്ല. വള്ളിവളൎന്നതു ഹൃദയത്തിൽ, പറിച്ചെടുത്തതു് മുന്തിരക്കുല. പിഴിഞ്ഞപ്പോൾ നിണത്തുടുപ്പിൻെറ നിറക്കൊഴുപ്പു്. ഹൃദയത്തിലെ രക്തം വള്ളിവഴി കുലയിൽക്കൂടെ യാതൊരു പരിണാമദശയും കൂടാതെ വാൎന്നുവരികയാണെങ്കിൽ അതു് ഭൈഷജ്യശാസ്ത്രത്തിൻെറ പരിഗണനയിൽപ്പെടേണ്ട ഒരു പ്രമേയമായിത്തീരുന്നു.

'എന്റെ കവിത' എന്നു തുടങ്ങി 'നാകവും നരകവും' ആയി അവസാനിക്കുന്ന പതിനാറു ഗീതകങ്ങളാണ് ഇതിന്റെ ഉള്ളടക്കം. അനിഷ്ട സംഭവങ്ങൾ പലതും കണ്ടു് കരളുനൊന്തു പാടുകയാണ് ഗായകൻ. ഹീനവൃത്തിയിൽ തഴമ്പിച്ച ഒരു മദ്യപാനിയുടെ ക്രിയമൂലം ഒരു പിച്ചക്കാരിപ്പെണ്ണു് മൃതിയടഞ്ഞു ചോരയിൽക്കുളിച്ചുകിടക്കുന്നതാണ് ഒരു രംഗം. കുഞ്ഞിനു പാലുകൊടുക്കാൻ പോലും അനുവദിക്കാതെ ചെറുമിയെക്കൊണ്ടു് പാടത്തു വൈകുവോളം വേലചെയ്യിപ്പിച്ചതിനാൽ പൈതൽ ചരമംപ്രാപിക്കുന്നതാണ് മറെറാരു രംഗം. പാടിപ്പാടി ഹൃദ്രോഗംപിടിച്ച ഒരു ഗായകന്റെ അന്ത്യദശ വേറൊരുരംഗം. ഒരു ഭിക്ഷു കാറുകേറി മരിക്കുന്നതു് മറെറാരു രംഗം. കടത്തിണ്ണയിലെ വിളിയും കുടിലിന്റെ വിപ്ലവുമാണ് അവസാനത്തേതു്. ഇതിനിടയിൽ അങ്ങിങ്ങു് വയലാറിലെ ഗജ്ജനവും കേൾക്കാം.

സംഭവങ്ങൾക്കൊന്നിനും പുതുമയില്ലെങ്കിലും വികാരഭരിതനായിട്ടാണ് കവി അവയെ വീക്ഷിക്കുന്നതു്. പക്ഷേ കുഴപ്പം ഈ വീക്ഷണത്തിലല്ല, തന്റെ വികാരത്തള്ളലിനെ വാക്കുകളിൽ പകർത്തുവാനുള്ള കെല്പില്ലായ്മയിലാണ്. കവി, താങ്ങാൻവയ്യാത്ത കദനഭാരംകൊണ്ടു് കരൾനൊന്തു സഹികെടുന്നതു നോക്കുക.–

"ഹന്ത ഹൃദയമേ! ചെന്നിണത്തുള്ളികൾ
ചിന്തണംനീയും വെളിച്ചംവിളയുവാൻ"

"ഉന്നതവഹ്നിജ്വാല യൂഴിയെപ്പുണരട്ടെ
മജ്ജനം ചെയ്തീടട്ടെ പാരിടം നിന്മാംസവും
മജ്ജയും പിഴിയവേ പാറിടും ചോരച്ചാലിൽ"

വികാരം കത്തിക്കാളുന്നതിപ്രകാരമാണ്.

"തീയുയരുന്നു കത്തിക്കാളുന്നു
പാരിടമാകെച്ചുട്ടുവാൻ ചുടലച്ചെന്തീയുയരുന്നു."

അനന്തരകരണീയം എന്താണ്?

"തുറക്കുകനെല്ലറകൾ തുരക്കുക മുതലാളി
ഭരണത്തിൻ തകർന്നിട്ട മടിത്തറകൾ......
സിരകളിൽ ചോപ്പുവെള്ളം തിളക്കട്ടെ
യുവാക്കളെ!!!"

ഇത്രയുമാണ് ഒരു ശോഭനമായ നാളയുടെ സൃഷ്ടിക്കുള്ള കരുക്കൾ. മാർഗ്ഗം ലഘുവാണ്; ഫലം എന്തായിരിക്കുമെന്നു് ദീർഘദർശനം ചെയ്യാൻ കൂട്ടാക്കാത്ത വെപ്രാളം ഈ ചെന്തീപടർത്തലിനെ വെറും ഉണ്ടയില്ലാത്ത വെടിയാക്കിത്തീർത്തിരിക്കുന്നു.

ഉത്തമകലാകാരന്മാരിൽ പലരും ആവേശത്തിനു വിധേയരാകാറുണ്ടു്; പരിതഃസ്ഥിതികളിൽ അസംതൃപ്തരാകാറുമുണ്ടു്. പക്ഷേ ഉത്തരക്ഷണത്തിൽ അവരുടെ ആവേശം പ്രതിഭയുടെ മൂശയിൽ ഉരുകി അനുവാചകരെ ത്രസിപ്പിക്കുന്ന കലാസ്വരൂപം കയ്ക്കൊണ്ടു കുതികൊള്ളുന്നു. തന്മൂലം അത്തരം ആളുകളിൽനിന്നു് നിഷ്പന്നമാകുന്ന കവിതാനിർഝരി ഹ്ലാദൈകമയിയായി ഹൃദയനിർവൃതി നൽകുന്നു. കാവ്യശില്പങ്ങളൊക്കെ അവതീർണ്ണമാകുന്നതു് ഇപ്രകാരമാണ്.

ചെന്തീയും ചെഞ്ചോരയും ചുരത്തുവാനും പരത്തുവാനുമൊക്കെ ധീരാധീരം ആക്രോശിക്കുന്ന കവി, മദനപാരവശ്യത്തള്ളലിൽ വെറും പ്രാകൃതനാകുന്ന ഘട്ടങ്ങളും കാണ്മാനുണ്ടു്.

"സുരുചിരസംഗീതസുമധുരലഹരിയിൽ
മുഴുകാവൂ മുഴുമതി
മുഖിയെന്റെ തഴുകലിൽ
ഇഴുകട്ടെയുടലിലെ
ഉടയാടപോലുമേ"

എന്നിങ്ങനെ ശുദ്ധമേ പഴയതായ മൂരിശൃംഗാരച്ചടങ്ങുകൾ വിരസമായി ആവർത്തിക്കാനും ഈ പുരോഗാമി മടിക്കുന്നില്ല. കേവലം അനുരണത്തിനുവേണ്ടി വൃത്ഥപദങ്ങളെക്കൊണ്ടു പമ്പരമാട്ടിക്കാൻ ശ്രമിക്കുന്നതും ഈ കൃതിയുടെ പ്രത്യേകലക്ഷണമാണ്. ഉഭയ സാമാന്യധർമ്മത്തിന്റെ അഭാവംനിമിത്തം ഉല്ലേഖങ്ങൾ ശുദ്ധ അലൗകികാവസ്ഥയിലേക്കു നീങ്ങുന്ന പംക്തികളും വിരളങ്ങളല്ല. ചില ഉദാഹരണങ്ങൾ കാൺക.

“കണ്ണാടിത്തോല്ക്കും തുടുകവിൾപ്പൂവിതൾ”
“കൂമ്പിയതാമരത്താരുപോൽ നില്ക്കുന്ന
മാണ്‌പെഴുംമാറിലെ മാമ്പഴംരണ്ടിലും”
“കുളിരൊളിക്കുന്നക്കുന്തൽ കരുനിരച്ചുരുളുകൾ”
“പ്രണയത്തേൻ തെളിനീരിൽ”
തെളിമുലപ്പാല മുത്തൊഴുകി
ധവളിമയിൽ വയൽ മുഴുകി

ഇങ്ങനെ പല നൂതന ഭാവനകളും ഇതിൽ കാണാം. കവിയുടെ അന്ത്യമായ ആശംസ ശ്രദ്ധേയമാണ്.

“പാഴ്നരകത്തിൽ ഞാൻ താഴ്ന്നിറങ്ങിടട്ടേ” ചോരയിൽകുളിച്ചു തളച്ചുതീർക്കേണ്ടതു് പാഴ്നരകത്തിൽ വച്ചുതന്നെയാണ്.

ഗ്രന്ഥകാരൻ ‘മുന്തിരിക്കുല’യെ ഒരു കാവ്യശില്പമായി സ്വയം അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടു ദിങ്മാത്രമായി ചില വൈകല്യങ്ങൾ ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. ശില്പത്തിന്റെ പുനഃപരിശോധനയിൽ അവ ചിന്തോദിന വിധേയമാകാമല്ലോ.

## 3. എക്സ്‌റേ

ആർ. മാധവപ്പൈ–തുറവൂർ

വില രൂപ 2

വികാരാധീനനായമനുഷ്യൻമൂലം സമുദായത്തിനു വരുന്ന വിപത്തുകൾ പലതും പ്രദർശിപ്പിക്കാൻ യത്നിച്ചിട്ടുള്ള ഒരു ചെറിയ നോവലാണ് എക്സ്‌റേ. പ്രതാപൻ എന്നു പേരുള്ള ഒരു സ്കൂൾഹെഡ്മാസ്റ്ററുടെ ദുഷിച്ചുനാറിയ ജീവിതമാണ് മുഖ്യവിഷയം. സ്കൂളിൽ പഠിക്കുന്ന ബാലികമാരെ ദുഷിപ്പിക്കുക, അദ്ധ്യാപികമാരെ ദുർവൃത്തിയിലേക്കു നയിക്കുക, അതിനു പ്രതിബന്ധമായി നില്ക്കുന്നവരുടെ മേൽ ചതിയും വഞ്ചനയും പ്രയോഗിച്ച് അവരെ കഷ്ടപ്പെടുത്തുക, ഒടുവിൽ ഗത്യന്തരമില്ലാതെ സ്വയം നാടുവിടുക ഇങ്ങനെയെല്ലാമാണ് പ്രതാപനെ സംബന്ധിച്ചുള്ള പ്രധാന സംഭവങ്ങൾ.

സ്കൂളിൽവെച്ച് പ്രതാപന്റെ വിക്രിയകൾക്കു വിധേയയാകാതെ രക്ഷപ്പെട്ട സുമതിയുടെ സഹോദരൻ ഗോപിനാഥനെയാണ് ഈ കഥയിലെ പ്രധാന നായകനായി സങ്കല്പിച്ചിട്ടുള്ളതു്. പ്രതാപന്റെ കൃത്രിമംമൂലം ഗോപിനാഥന് ഒരു ബാങ്കിൽ ഉണ്ടായിരുന്ന ജോലി നഷ്ടപ്പെടുന്നു. ഒടുവിൽ ബാങ്കുമാനേജർ മരിക്കുന്നു. മാനേജരുടെ മകൾ കുമുദിനി ഗോപിനാഥനെ നേരത്തേ വരനായി സങ്കല്പിക്കുന്നു. പക്ഷേ, താൻ നേരത്തേ സ്നേഹിച്ചുപോയ ഭാനുമതിയെ ഓർത്ത് അയാൾ കുമുദിനിയുടെ പ്രണയപ്രാർത്ഥന നിരസിക്കുന്നു. കുമുദിനി ഹൃദ്രോഗം പിടിച്ചുമരിക്കുന്നു. അതിനുമുൻപേ അവളുടെ സ്വത്തു മുഴുവൻ ഭാനുമതിക്കു് ഇഷ്ടദാനം ചെയ്യുന്നു. ഭാനുമതിയും ഗോപിനാഥനും ഒടുവിൽ വിവാഹബന്ധത്തിൽ ഏർപ്പെടുകയും ഇരുവരുംചേർന്ന് ഒരു അനാഥശാല സ്ഥാപിച്ചു നടത്തുകയും ചെയ്യുന്നു. ഇങ്ങനെ കഥയും അവസാനിക്കുന്നു.

നോവലിന്റെ പ്രതിപാദനരീതി സരളമാണ്. അശ്ലീലത അധികമില്ലാത്തതുകൊണ്ടു് ഇടറാതെ വായിച്ചുപോകാം. ധാർമ്മികമായ ഒരു പശ്ചാത്തലവും കഥയിൽ ഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. കഥാപാത്രങ്ങളുടെ വ്യക്തിത്വം വ്യഞ്ജിപ്പിക്കുവാൻ തക്കവിധത്തിലുള്ള സംഭാഷണരീതികളോ വികാരോഷ്മളമായ രംഗങ്ങളോ സൃഷ്ടിക്കാൻ ഗ്രന്ഥകാരൻ പ്രത്യേകം മനസ്സുവെച്ചു കാണുന്നില്ല.

മൂന്നാംഅദ്ധ്യായത്തിന്റെ ആരംഭത്തിൽ “അങ്കുശമില്ലാത്ത ചാപല്യമേ പാരിലംഗനയെന്നു വിളിക്കുന്നു നിന്നെ ഞാൻ” എന്നു് ശ്രീ. ചങ്ങമ്പുഴ അവർകൾ പാടിയതു് നമ്മുടെ കമലത്തിന്റെ ജീവിതരീതിയെപ്പററി അറിഞ്ഞതിന്റെ ഫലമാണോ എന്നു ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ടു്, എന്നു ഗ്രന്ഥകാരൻ കടന്നുകയറി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ കഥാപാത്രങ്ങളുടെ ചെയ്തികളെ വ്യാഖ്യാനിച്ചുകൊണ്ടുള്ള ഈ രീതി സർവ്വത്ര പരിപാലിച്ചു കാണുന്നുമില്ല. അതുപോലെ രമാകാന്തന്റെ ഭാര്യയുടെ നിര്യാ

ണരംഗം വർണ്ണിക്കാൻ ആരംഭിക്കുന്ന ഗ്രന്ഥകാരൻ 'പിന്നീട്ടുള്ള രംഗങ്ങൾ വിവരിക്കാനുള്ള വൈദഗ്ദ്ധ്യം ഈ തൂലികയ്ക്കില്ല' എന്നു പറഞ്ഞു പിന്മാറുന്ന സമ്പ്രദായവും ഈഷദ് ദുർബലമാണ്. ഇങ്ങനെ സാങ്കേതികമായ ചില വൈകല്യങ്ങൾ ഒഴിക്കുന്നപക്ഷം, അല്പംകൂടി സമർത്ഥമായ രീതിയിൽ ഈ കൃതിയുടെ ആഖ്യാനം നിവ്ഹിക്കാമായിരുന്നു. അതിനുവേണ്ട സിദ്ധികൾ ഗ്രന്ഥകാരനു സ്വായത്തമാണെന്നും, ഇതിലെ മററു ചില ഭാഗങ്ങൾ ചൂണ്ടിക്കാട്ടുന്നു.

## 4. ചൂഷണം

(ഒരു പ്രഹസനം)

പ്രൊഫസർ W. കൃഷ്ണൻകുട്ടിമേനോൻ എം. ഏ.
എറണാകുളം — വില 12 അണ

സാമുദായികവും രാഷ്ട്രീയവുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അധഃപതനത്തിന്റെ ദൃക്സാക്ഷി എന്ന നിലയിൽ ചില പ്രമേയങ്ങളെ മനസ്സിൽവച്ചുകൊണ്ടാണ് "ചൂഷണം" എന്ന ഈ ലഘുപ്രഹസനം എഴുതപ്പെട്ടിട്ടുള്ളതു്. ആനന്ദപ്പട്ടം ധരിച്ചു് ഭിക്ഷാംദേഹികളായി നടക്കുന്ന യോഗിവര്യന്മാരുടെ കടിലതകൾ, അദ്ധ്യാപകവൃന്ദത്തിന്റെ അവശതകൾ, ഉദ്യോഗമുള്ള സ്ത്രീകളുടെ ഭർത്താക്കന്മാരായി കഴിയുന്നവരുടെ പാരതന്ത്ര്യം, പത്രപ്രവർത്തനം കൊണ്ടു നടത്തുന്ന ചൂഷണങ്ങൾ മുതലായ പ്രശ്നങ്ങളാണ് ഇതിൽ നിരത്തിയിരിക്കുന്നതു്.

സവ്യസാചിപ്പത്രത്തിന്റെ പത്രാധിപരായ ജയദ്രഥൻനായരാണ് ഇതിലെ പ്രധാന ചൂഷകൻ. പണംപററിക്കൊണ്ടു് ഒരുവനെ താഴ്ത്താനും ഉയർത്താനുമുള്ള സവ്യസാചിത്വമാണ് ഇയാൾക്കുള്ളതു്. അസംബ്ളി മഹിളാമെമ്പറായ ഒരു ഒരു ഗോമതിഅമ്മയെ പ്രണയിക്കാൻ ജയദ്രഥൻ നായർ ഈ പത്രപംക്തികൾതന്നെ ഉപയോഗപ്പെടുത്തുന്നു. ഗോമതിഅമ്മയുടെ യഥാർത്ഥ കാമുകൻ വിക്രമനുണ്ണിയാണെന്നറിയാതെ മുഖപ്രസംഗവും എഴുതി അവളെ ഉപാസിക്കാനായി എത്തുന്നതാണ് അവസാനത്തെ രംഗം. ശ്ശോംബരാനന്ദ യോഗി എന്ന പേരിൽ മാത്രം ആദ്യന്തം നടനം ചെയ്യുന്ന വിക്രമനുണ്ണി പ്രത്യക്ഷപ്പെട്ടു് തന്റെ പ്രേയസിയെക്കൊണ്ടു തനിക്കു് വരണമാല്യം അർപ്പിക്കുന്ന കാഴ്ചയാണ് പത്രാധിപരെ അസ്തപ്രജ്ഞനാക്കി പലായനം ചെയ്യിക്കുന്നതു്. പത്രാധിപചൂഷണം അങ്ങനെ അവസാനിക്കുന്നു.

ഒരു ഇൻകംടാക്സ് ആഫീസിലെ മാനേജരായ വിലാസിനിഅമ്മയേയും, ഭർത്താവു കമലാകാന്തൻ നായരേയും ഇതിൽ പ്രവേശിപ്പിക്കുന്നുണ്ടെങ്കിലും പ്രധാന കഥയുമായി അവർക്കു് ബന്ധമൊന്നും കാനുന്നില്ല. ഭാര്യയെ ചൂഷണം ചെയ്യുന്ന, തൊഴിലില്ലാത്ത പുരുഷന്മാരുടെ മാതൃകകാട്ടാനും ടാലിസ്മാനിൽ ഭ്രമിച്ചു് ഭാഗ്യം പരീക്ഷിക്കാനുള്ള മനുഷ്യന്റെ അലസത പ്ര[illegible]പ്പിക്കാനും മാത്രമേ ഈ രംഗങ്ങൾ ഉപയോഗപ്പെടുന്നുള്ളു. അതുപോലെ ഒരു സ്കൂൾമാസ്റ്ററായ വിശ്വരൂപൻനായരെ പ്രവേശിപ്പിച്ചിരിക്കുന്നതു് അദ്ധ്യാപകന്റെ അവശതയെപ്പററി പറയാനും സന്യാസിമാരെ അന്ധമായി ആരാധിക്കാനുള്ള മനോഭാവത്തെ പ്രദർശിപ്പിക്കാനും മാത്രമാണെന്നു തോന്നുന്നു. ഈ രംഗങ്ങൾ എല്ലാം ചൂഷണത്തിനു് ഒരു പട്ടിക തയ്യാറാക്കുന്നു എന്നല്ലാതെ പ്രഹസനത്തിലെ ക്രിയാംശത്തെ ത്വരിപ്പിക്കുന്നില്ല. കഥാപാത്രങ്ങൾ കഥാഘടനയോടു് പൊരുത്തമില്ലാതെ ത്രിശങ്കുസ്വർഗ്ഗത്തിൽ അന്തർധാനം ചെയ്യുന്നതു് ഒരു ദൃശ്യത്തിന്റെ നിലയ്ക്കു് സാങ്കേതികമായ പോരായ്മയെയും കഴിവുകേടുകളേയുമാണ് കാട്ടുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. വികാരതീക്ഷ്ണത കുറഞ്ഞു കുറഞ്ഞാണ് രംഗങ്ങൾ പുരോഗമിക്കുന്നതു്. അവസാനത്തെ പോലീസിന്റെ പെട്ടെന്നുള്ള ആവിർഭാവം അതിന്റെ യാതൊരാവശ്യവും ഇല്ലാത്തതുകൊണ്ടു് അജാഗളസ്തനംപോലെ അർത്ഥശൂന്യമായിത്തീരുന്നു. ഏതായാലും ഗ്രന്ഥകർത്താവിന്റെ ധാർമ്മികചിന്ത നാടകത്തിൽ ആദ്യന്തം നിഴലിച്ചു കാണുന്നതു് [illegible].

# പത്രാധിപക്ക് ഒരു കത്ത്

സർ,

വിദ്യാർത്ഥികളുടെ പൊതുവേയുള്ള സാംസ്കാരികനിലവാരം ഉയർത്തി അവരെ വ്യക്തിപ്രഭാവമുള്ള ഉത്തമ പൌരന്മാരാക്കിത്തീർക്കാൻ എട്ടുകൊല്ലക്കാലമായി സുസ്ഥിരം പ്രവർത്തിച്ചുവരുന്ന ഒരു വിദ്യാർത്ഥിസംഘടനയാണ് തൃശ്ശൂരിലെ "മഹാത്മസ്മാരകസംഘം". ഇതരവിദ്യാർത്ഥിസംഘടനകളിൽനിന്നും പലതുകൊണ്ടും വ്യത്യസ്തമായ പ്രസ്തുത സംഘത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം ഗ്രന്ഥാലോകത്തിൽ പ്രസിദ്ധപ്പെടുത്തി ഞങ്ങളുടെ എളിയ യത്നങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നപേക്ഷ.

1120-ാമാണ്ട് കന്നിമാസത്തിലാണ് ഞങ്ങൾ അഞ്ചാറുപേർകൂടി "യുവബാലസംഘം" എന്നപേരിൽ ഇതു് രൂപീകരിച്ചതു്. ഇത്രയധികം കാലം ഇതു് നിലനില്ക്കുമെന്നോ, ഇത്രയൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നോ, അന്നാരും കരുതിയിരുന്നില്ല. ഈശ്വരസഹായവും ആദർശമാഹാത്മ്യവുമാണ് ഇതിനെ പടിപടിയായി ഉയർത്തിക്കൊണ്ടുവന്ന് ഇന്നത്തെ നിലയിൽ എത്തിച്ചതെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

ആരംഭകാലത്തുതന്നെ ഈ സംഘത്തിന് മററ് വിദ്യാർത്ഥിസംഘടനകളെ അപേക്ഷിച്ച് പല വ്യത്യാസങ്ങളുമുണ്ടായിരുന്നു. അവയെപ്പോലെ കളികളിൽ മാത്രമല്ല ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്. പ്രസ്തുത അംഗങ്ങളുടെ സ്വഭാവരൂപീകരണത്തിലും അവരുടെ കലാപരവും ചി

## 5. ആത്മാരാമം

ചേർത്തല രാഘവൻപിള്ള ബി. എ. ബി. എൽ.
തിരുവനന്തപുരം — വില രൂ. 1.

വിവിധ വിഷയങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ള 28 കവിതകൾ അടങ്ങിയതാണ് ആത്മാരാമം. ജീവിതയാഥാർത്ഥ്യങ്ങൾ പലതും ഈ കവിതകളിൽക്കൂടെ നമുക്കു ദർശിക്കാം. മായ മനുഷ്യനെ വലയ്ക്കുന്നതും, ഈശ്വരസാക്ഷാൽകാരം അവനെ നിത്യശാന്തിയിലേക്കു എത്തിക്കുന്നതും മററും കൊച്ചുകൊച്ചു കവിതകളിൽക്കൂടി പ്രതിപാദിച്ചിരിക്കുന്നതു് ഹൃദ്യമായിട്ടുണ്ട്. മനുഷ്യന്റെ അനുഭവങ്ങളെ ചുഴിഞ്ഞുനോക്കി, അവയിൽ ദൃശ്യമാകുന്ന തമോഗുണപ്രേരകങ്ങളായ അസമത്വം, ധനതൃഷ്ണ, സ്വാർത്ഥത, സ്നേഹമില്ലായ്മ മുതലായ പല ദോഷങ്ങളും അകററുവാൻ ഉപദേശിക്കുന്നതു കാണാം. വിദ്യാലയം എന്ന കവിതയിൽ,

"പാവനം ജീവതപാഠം തുടങ്ങുവിൻ
ജീവികളെല്ലാമുണർന്നിടും നാളെയും"

എന്നു കവി നിർദ്ദേശിക്കുന്നു. ചില പാഠങ്ങൾ 'ഭവനം' എന്ന കവിതയിൽ നിർദ്ദേശിച്ചുകാണുന്നതും ശ്രദ്ധേയമാണ്.

"അഴകൊഴുകുന്ന മിഴികളുണ്ടതിൽ
ചിലതെല്ലാം നിന്നിൽ വിഷമൊഴുക്കിടും
മനമിളക്കുന്ന മലരുണ്ടങ്ങതിൽ
വിനപലതിലുമൊളിഞ്ഞുനിന്നിടാം
പറന്നുപാടിവന്നിടുന്നതിൽ ചില
പറവകൾ നിന്നിൽ കറകലർത്തിടാം
മൃഗതതികളിൽ ചിലതു നിന്നൊടൊ—
ത്തിണങ്ങിനിന്നെയും മൃഗമായ് മാററിടാം"

എന്നിങ്ങനെ അപകടഘട്ടങ്ങൾ ചൂണ്ടിക്കാട്ടി മനുഷ്യനെ നല്ലവഴിക്കു നടത്താൻ പ്രേരിപ്പിക്കുന്ന പല വരികളും ഈ ഗ്രന്ഥത്തിലുണ്ട്. ലളിതമായ ഒരു ശയ്യാഗുണവും പ്രസ്തുത കൃതിയിൽ നിഴലിക്കുന്നുണ്ട്. ശിഥിലചിന്തകൾ വിട്ട് ഭാവാത്മകവും വ്യക്തമായ പ്രതിപാദ്യമുള്ളതുമായ ഖണ്ഡകാവ്യനിർമ്മിതിക്കു പരിശ്രമിക്കുന്നപക്ഷം സാമാന്യം നല്ല കവിത എഴുതാൻ ഗ്രന്ഥകാരനു അചിരേണ സാധിച്ചേക്കും എന്ന് ആത്മാരാമം തെളിയിക്കുന്നു.

ബി. പത്മനാഭപിള്ള

ന്താപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിലുമാണു്. അക്കാരണംകൊണ്ടു് അംഗങ്ങളുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുവാൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. ഉള്ള അംഗങ്ങൾക്കു് സംഘാദർശങ്ങൾക്കനുസരിച്ചുള്ള ഒരു മാനസിക പരിവർത്തനം ഉണ്ടാക്കുവാനായിരുന്നു, ഞങ്ങളുടെ പ്രധാന ശ്രമം. അതിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ടുതാനും.

പ്രസ്തുത സംഘത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളെ പ്രധാനമായി, കലാപരം, സാഹിത്യപരം, സാമൂഹ്യപരം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം.

കലാരംഗത്തും, സാഹിത രംഗത്തും അർഹിക്കുന്ന പ്രോത്സാഹനം ലഭിച്ചിട്ടില്ലാത്ത പല വിദ്യാർത്ഥികളേയും മുന്നോട്ടു് കൊണ്ടുവരുവാൻ ഇതിനകം ഞങ്ങൾക്കു് കഴിഞ്ഞിട്ടുണ്ടു്. ഇരുപത്തിനാലു് നാടകങ്ങളിലായി ഉദ്ദേശം അറുപതോളം വിദ്യാർത്ഥി കലാകാരന്മാരെ ഞങ്ങൾ രംഗപ്രവേശം ചെയ്യിച്ചിട്ടുണ്ടു്.

1948 വരെ ഞങ്ങൾ "ബാലപ്രഭ" കയ്യെഴുത്തുമാസിക നടത്തിവന്നിരുന്നു. അക്കൊല്ലം മഹാത്മാഗാന്ധിയുടെ ചരമത്തെ തുടർന്നു് സംഘത്തിന്റെ പേർ "മഹത്മജിസ്മാരകസംഘം" എന്നാക്കിയതോടെ പ്രസ്തുത മാസിക "മഹാത്മ" എന്നപേരിൽ അച്ചടിച്ചു് പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഞങ്ങൾ അറിഞ്ഞിടത്തോളം ഇന്ത്യയിൽ വിദ്യാർത്ഥികളുടേതായി ആരംഭിച്ച പ്രഥമമാസികയാണതു്. വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചു് രണ്ടരകൊല്ലത്തോളം അതു് നടത്തുകയും ചെയ്തു.

ഇന്നു് അംഗങ്ങളുടെ ഐകകണ്ഠ്യമായ അഭിപ്രായമനുസരിച്ചു് അതിനുപകരം വിദ്യാർത്ഥികളുടെ കഥകളും മറ്റും പ്രതിമാസം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു വരുകയാണു്. പ്രതിമാസം വിദ്യാർത്ഥികളുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ വേണ്ടി നടത്തിവരുന്ന ഇന്ത്യയിലെ ഏകപ്രസിദ്ധീകരണശാലയാണിതെന്നുള്ളതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഉദ്ദേശം 12 പുസ്തകങ്ങളോളം ഇതുവരെയായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇന്നു് ഒരുരൂപക്കും ഒന്നരരൂപക്കും വിറ്റുവരുന്ന പുസ്തകങ്ങളോളംതന്നെ പേജുകളുള്ള അവയ്ക്കു് വെറും എട്ടണമാത്രമേ വിലവച്ചിട്ടുള്ളു. ഉള്ളടക്കത്തിലും ഗറ്റപ്പിലും അവ മറ്റേതു പ്രസിദ്ധീകരണങ്ങളോടും കിടപിടിക്കുന്നവയാണു താനും.

ഉദ്ദേശം 800 പുസ്തകങ്ങൾ ഉണ്ടായിരുന്നതും മലയാളത്തിലുള്ള മിക്ക പത്രങ്ങളും മാസികളും വരുത്തിയിരുന്നതുമായ ഒരു വായനശാല നടത്തിവന്നിരുന്നു. ഇക്കൊല്ലംമുതൽ അവയെല്ലാം കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കയാണു്.

ഹൈസ്കൂൾക്ലാസുകളിലും, കോളേജിലുമായി പഠിക്കുന്ന മൂന്നുനാലു വിദ്യാർത്ഥികൾക്കു് ഫീസിനുള്ള സംഖ്യ കൊടുത്തുവരുന്നുവെന്നുള്ളതാണു് ഞങ്ങളുടെ മറ്റൊരു നേട്ടം. മൂന്നുകൊല്ലമായി അപ്രകാരം സഹായിച്ചുവന്നിരുന്ന രണ്ടു വിദ്യാർത്ഥികൾ കഴിഞ്ഞകൊല്ലം മദ്രാസ്സു് യൂണിവേഴ്സിറ്റിയിൽനിന്നും പ്രശസ്തമായി ബി. എ. ബിരുദം നേടുകയുണ്ടായി. സാമൂഹ്യപരമായ ഞങ്ങളുടെ മറ്റൊരു നേട്ടം ഒരു "സാധുസംരക്ഷണ ഫണ്ടാ"ണു്. കഴിവുള്ള അംഗങ്ങളിൽനിന്നു് തന്നെയാണു് ഞങ്ങൾ അതിലേക്കു് സംഭാവന പിരിക്കുന്നതു്. കൂടാതെ, നാടകാഭിനയത്തിൽനിന്നും മറ്റും ലഭിക്കുന്ന സംഖ്യയിൽ ഒരുഭാഗവും അതിൽ ചേർക്കും. പ്രസ്തുത ഫണ്ടിൽനിന്നും അംഗങ്ങളെ ഏല്പിക്കുന്ന സംഖ്യ അവർ അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യും. അങ്ങിനെയാണു് ആ ഫണ്ടു് ഇപ്പോൾ വിതരണം ചെയ്തുവരുന്നതും. കൂടുതൽ ഉപകാരപ്രദമായ വിധത്തിൽ അതുപയോഗിക്കാൻ ഞങ്ങൾ ഒരു പ്ലാൻ തയ്യാറാക്കിവരുകയാണു്.

അവസാനമായി ഒന്നുരണ്ടു കാര്യങ്ങൾ എടുത്തു പറയേണ്ടതായുണ്ടു്. ഏതു രാജ്യത്തുള്ള വിദ്യാർത്ഥികൾക്കും അംഗങ്ങളായി ചേർന്നു് സ്വതന്ത്രരാജ്യത്തിരുന്നുകൊണ്ടുതന്നെ ഞങ്ങളുടെ

# തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം

## പ്രവർത്തകസമിതിയോഗനടപടിച്ചുരുക്കം

പ്രവർത്തകസമിതിയുടെ ഒരു യോഗം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ അദ്ധ്യക്ഷതയിൽ 15-10-53-ൽ സംഘം ആഫീസിൽവച്ചു കൂടി.

### പ്രധാന തീരുമാനങ്ങൾ.

താലൂക്കുയൂണിയൻ പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ചു് സബ്ബ്കമ്മിററി തയ്യാറാക്കിയ പദ്ധതി പുതുക്കി എഴുതി അടുത്ത കമ്മിററിയിൽ ഹാജരാക്കുന്നതിനു ശ്രീ, കെ. ചന്ദ്രശേഖരൻനായർ, ശ്രീ, എം. എം. ജോൺ, ജനറൽ സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

ബുക്ക്സെലക്ഷനെപ്പററി ശ്രീ. വെട്ടൂർ രാമൻനായർ തയ്യാറാക്കിയ പദ്ധതി വേണ്ട ഭേദഗതികളോടെ അംഗീകരിച്ചു.

5 വായനശാലകളുടെ അംഗത്വം റദ്ദുചെയ്തു. 15 വായനശാലകളെ അംഗീകരിച്ചു. ഗ്രന്ഥശാലാമാനുവൽ പരിഷ്കരിക്കുന്നതിനുവേണ്ടി സബ്ബ് കമ്മിററി തയ്യാറാക്കിയ പദ്ധതി പരിശോധിക്കുന്നതിനു ശ്രീ, എം. എം. ജോണിനെ ചുമതലപ്പെടുത്തി.

ഗ്രന്ഥശാലാ ഡയറക്ടററി സ്വന്തം നിലയിൽമാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്ന വിവരം ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടറർ ശ്രീ. എൻ. കെ. പുരുഷോത്തമനെ അറിയിക്കേണ്ടതാണു്.

### ബുക്ക് സെലക്ഷൻ

പുസ്തകങ്ങളെ ഒമ്പതു വിഭാഗങ്ങളായി തരംതിരിച്ചു് പരിശോധനയ്ക്കു് ഓരോന്നിനും പ്രത്യേകം സബ്കമ്മിററികൾ ഏർപ്പെടുത്തേണ്ടതാണു്. ബുക്ക്സെലക്ഷൻ കമ്മിററിയുടെ പരിശോധനയ്ക്കും ഗ്രന്ഥാലോകം മാസികയുടെ നിരൂപണത്തിനും അടക്കം ഓരോ പുസ്തകത്തിന്റേയും മൂന്നു പ്രതികൾവീതം ഗ്രന്ഥശാലാസംഘം ആഫീസിലേക്കു അയയ്ക്കേണ്ടതാണു്.

ബുക്ക്സെലക്ഷൻ കമ്മിററി കൂടി അവരുടെ പ്രവർത്തനത്തിനു് ആവശ്യമായ പൊതുതത്വങ്ങൾ രൂപീകരിക്കേണ്ടതാണു്.

പുസ്തകങ്ങളുടെ വിഭാഗങ്ങളും അവയുടെ പരിശോധനയ്ക്കുള്ള സബ്ബ്കമ്മിററി അംഗങ്ങളുടെ പേരും താഴെ ചേർക്കുന്നു.

---

പ്രവർത്തനങ്ങളിൽ സഹകരിക്കാൻ കഴിയും. അതൊരു പ്രത്യേകതയാണു്. ഇപ്പോൾതന്നെ സംഘാംഗങ്ങൾ ബോംബെ, കൽക്കട്ട, ലക്നൌ, സിലോൺ, മദ്രാസ്, തിരുവനന്തപുരം, എറണാകുളം, എന്നിവടങ്ങളിൽ സംഘാദർശങ്ങൾക്കനുസരിച്ചുള്ള വ്യക്തിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുണ്ടു്. അംഗങ്ങളുടെ പ്രതിദിന ജീവിതത്തിൽ അവരുടെ വ്യക്തിപരമായ പെരുമാററം സംഘാദർശങ്ങൾക്കനുസരിച്ചു് രൂപാന്തരപ്പെടുത്തുവാനാണു് ഞങ്ങളുടെ ശ്രമം.

ഇത്തരം സംഘത്തിന്റെ ആവശ്യകതയെക്കുറിച്ചു് ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഞങ്ങളുടെ പരിശ്രമങ്ങൾ വിജയത്തിലെത്തിച്ചേരാൻ പൊതുജനങ്ങളുടെ ഓരോരുത്തരുടേയും ഹാർദ്ദമായ സഹകരണം അത്യന്താപേക്ഷിതമാണു്. ഭാവിതലമുറയെ സംസ്കാരസമ്പന്നരാക്കാനുള്ള ഞങ്ങളുടെ വിവിധപ്രവർത്തനങ്ങളിൽ സഹൃദയരുടെ പ്രോത്സാഹകമായ സഹകരണം ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നു.

കൂപ്പുകൈകളോടെ,

പി. ആർ. ദാസ്

എസ്സ്. പരമേശ്വരൻ

### A. കഥാവിഭാഗം-നോവലുകളും ചെറുകഥകളുംമററു -അംഗങ്ങൾ

1. എസ്. ഗുപ്തൻനായർ
2. കൈനിക്കര പത്മനാഭപിള്ള.
3. കെ. ദാമോദരൻ ബി. ഏ.
4. വെട്ടൂർരാമൻനായർ.

### B. കവിത—അംഗങ്ങൾ.

1. ശ്രീ. ജി. ശങ്കരക്കുറുപ്പ്.
2. ,, എൻ. വി. കൃഷ്ണവാര്യർ.
3. ,, എൻ. കൃഷ്ണപിള്ള.
4. ,, പി. ശ്രീധരൻപിള്ള.
5. ,, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

### C. നാടകം—അംഗങ്ങൾ.

1. ശ്രീ. സി. ജെ. തോമ്മസ്
2. ,, പി. കെ. വിക്രമൻനായർ
3. ,, എൻ. കൃഷ്ണപിള്ള

### D. ക്ലാസിക്സ്—അംഗങ്ങൾ.

1. ഡാ. പി. കെ. നാരായണപിള്ള
2. ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള
3. ഡാ. രാഘവൻപിള്ള
4. ഫാ. സി. കെ. മററം.

### E. വിമർശം—അംഗങ്ങൾ.

1. ശ്രീ. ജോസഫ് മുണ്ടശ്ശേരി
2. ,, എസ്. ഗുപ്തൻനായർ
3. ,, സി. ജെ. തോമ്മസ്.
4. ,, പി. ശ്രീധരൻപിള്ള.
5. ,, പി. ദാമോദരൻപിള്ള

### F. മററുപ്രബന്ധങ്ങൾ—അംഗങ്ങൾ.

1. ശ്രീ. എൻ. വി. കൃഷ്ണവാര്യർ
2. ,, ജോസഫ് മുണ്ടശ്ശേരി
3. ,, സി. ജെ. തോമ്മസ്
4. ,, എം. തോമ്മസ്.

### G. ജീവചരിത്രം—ആത്മകഥ. അംഗങ്ങൾ.

1. ശ്രീ. പി. കെ. പരമേശ്വരൻനായർ
2. ,, സി. നാരായണപിള്ള
3. ഡാക്ടർ. കെ. എം. ജോർജ്

### H. ചരിത്രം സാമൂഹ്യശാസ്ത്രം രാഷ്ട്രമീമാംസം തുടങ്ങിയവ അംഗങ്ങൾ.

1. ശ്രീ. എം. പ്രഭ.
2. കെ. കാത്തികേയൻ
3. ഡാ. പി. ജെ. തോമ്മസ്.
4. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ
5. ,, ഇളങ്കുളം കുഞ്ഞൻപിള്ള

### I. ശാസ്ത്രം—അംഗങ്ങൾ.

1. ശ്രീ. എസ്സ്. പരമേശ്വരൻ
2. ഡാക്ടർ. ഭാസ്കരൻനായർ
3. ശ്രീ. ജോസഫ് മുണ്ടശ്ശേരി

ബുക്ക്സെലക്ഷൻ കമ്മിററിയുടെ കൺവീനർ ശ്രീ. എസ്. ഗുപ്തൻനായർ ആയിരിക്കുന്നതാണ്.

---

### ഗ്രന്ഥശാലാ പ്രവത്തകർ പ്രത്യേകം ഗൗനിക്കുവാൻ

ഗ്രന്ഥശാലാസംഘത്തിലേയ്ക്ക് അയയ്ക്കുന്ന കത്തുകളിൽ അംഗഗ്രന്ഥശാലകൾ രജിസ്റ്റർ നമ്പരും, മേൽവിലാസത്തിൽ തിരുവനന്തപുരം 4 എന്നും രേഖപ്പെടുത്തേണ്ടതാണ്.

---

# ഗ്രന്ഥശാലാവാർത്തകൾ

## നൂറുൽ ഇസ്ലാം ഗ്രന്ഥശാല, പള്ളിപ്പുറം.
### സിൽവർജൂബിലി ആഘോഷം

ഗ്രന്ഥശാലയുടെ സിൽവർജൂബിലി 20-9-53-ൽ കൊണ്ടാടപ്പെട്ടു. പൊതുസമ്മേളനത്തിൽ ശ്രീ കെ. ആർ. ഇലങ്കത്തു് താല്ക്കാലികമായി അദ്ധ്യക്ഷതവഹിച്ചു. ഗ്രന്ഥശാലാ പ്രസിഡൻറ് ജ. എം. മുഹമ്മദിബ്രാഹിം എം. ഏ. എൽ. എൽ ബി. സ്വാഗതപ്രസംഗംചെയ്തു. സിക്രട്ടറി ജ. എം. ഇബ്രാഹിംകുഞ്ഞു് ജൂബിലി റിപ്പോർട്ടു വായിച്ചു സമർപ്പിച്ചു. അദ്ധ്യക്ഷനായി വരിച്ചിരുന്ന മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ വന്നുചേർന്ന് ആദ്ധ്യക്ഷ്യം സ്വീകരിച്ചു. ശ്രീ. ഏ. പി. ഉദയഭാനു, ശ്രീ. ജീ. ബാലകൃഷ്ണപിള്ള (എം. ജി. കാളേജ് ലക്ചറർ) ശ്രീ. സി. എൻ. ശ്രീകണ്ഠൻനായർ എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷൻെറ ഉപസംഹാരത്തിനുശേഷം യോഗം അവസാനിച്ചു.

19-9-53-ൽ ഗ്രന്ഥശാലയിൽവച്ചു കൂടിയ ബിസിനസ് യോഗത്തിൽവച്ചു് താഴെ പറയുന്നവരെ രണ്ടുകൊല്ലത്തേക്കു് തെരഞ്ഞെടുത്തു. ജ. എം. മുഹമ്മദിബ്രാഹിം എം. ഏ. എൽ.എൽ. ബി (പ്രസിഡൻറ്) ജ. എം. ഇബ്രാഹിംകുഞ്ഞു് (സിക്രട്ടറി) ജ. ഇ. എ. റഹീം. ജ. പി അസനാരുപിള്ള ജ. ഹക്കീംസാഹിബു്. ശ്രീ. പി. ഭാസ്കരൻ, ശ്രീ. ഏ. മൈക്കേൽപിള്ള.

## വി. പി. റീഡിംഗ് റൂം കടക്കര

ഈ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ 21-9-53-ൽ ശ്രീനാരായണസമാധിദിനം കൊണ്ടാടിയിരിക്കുന്നു. അന്നേദിവസം രാത്രി ആറുമണിക്കു് ഭജനയും അതിനുശേഷം എട്ടുമണിക്കു് പൊതുസമ്മേളനവും ഉണ്ടായിരുന്നു. സമ്മേളനത്തിൽ മുന്നൂറോളം ആളുകൾ സംബന്ധിച്ചിരുന്നു, ശ്രീ. എം. കെ. സദാനന്ദപ്പണിക്കർ അദ്ധ്യക്ഷത വഹിക്കുകയും; ശ്രീ. ആർ. ശ്രീധരൻ, ശ്രീ. സി. കെ. ഭാസ്കരൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## ഉാക്കാട്ടൂർ ഗ്രാമോദ്ധാരണ ലൈബ്രറി

ഒരു പൊതുയോഗം 20-9-53 ഞായറാഴ്ച 4 മണിക്കു് ശ്രീ. പി. ററി. ജോസഫ്, പുത്തൻപുരയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം ലൈബ്രറി ഹാളിൽ വച്ചുകൂടി. അടുത്ത കൊല്ലത്തേക്കുള്ള അംഗങ്ങളുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു.

1. ശ്രീ. ഉലഹന്നാൻ തോപ്പിൽ B. A. B. L. (പ്രസിഡൻറ്)
2. ,, P.T. ജോസഫ് പുത്തൻപുരയിൽ (വൈസ്പ്രസിഡൻറ്)
3. ,, P. Z. മാത്യു പാലക്കാമററത്തിൽ (സിക്രട്ടറി & ലൈബ്രേറിയൻ)
4. ,, P. M. വക്കി ചേന്നാമററത്തു (ട്രഷറർ)
5. ,, P. നീലകണ്ഠൻനായർ ലക്ഷ്മിസദനം (കമ്മററിമെമ്പർ)
6. ,, P.J. മാത്യു പള്ളിക്കുന്നേൽ ,,
7. ,, M. A. കുര്യാക്കോസ് മററപ്പള്ളിൽ ,,
8. ,, K. C. ഫിലിപ്പു് കോച്ചാംകുന്നേൽ ,,
9. ,, P. M. ദേവസ്യാ പുളാക്കാത്തിൽ ,,

## കലാപോഷിണി ഗ്രന്ഥശാല & വായനശാല, പനയറ.

പ്രസ്തുത ഗ്രന്ഥശാലയുടെ ഒന്നാമത്തെ വാർഷികയോഗം ഇന്നു സ്ഥിരം പ്രസിഡൻറ് ജി. നാരായണൻ ഉണ്ണിത്താൻ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. അടുത്ത വർഷത്തെ ഭരണത്തിനുള്ള പുതിയ കമ്മററിയിൽ മെസ്സേഴ്സ് ജി. നാരായണൻ ഉണ്ണിത്താൻ

പ്രസിഡൻറ്, എം. വേലുക്കുട്ടി ലൈബ്രേറിയൻ, കെ. കൊച്ചുകൃഷ്ണമാരാർ സെക്രട്ടറി, എന്നിവരെ ക്കൂടാതെ ഏഴു കമ്മററിക്കാരും ഉൾപ്പെടുന്നു.

## പോത്തൻകോട്ട് ലൈബ്രറി & റീഡിംഗ്റൂം

ഈ സ്ഥാപനത്തിൻെറ ഒരു പൊതുയോഗം 21-9-53-ൽ ശ്രീ, വി. ശ്രീധർ എം. എൽ. ഏ. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും അടുത്ത കൊല്ലത്തെ പ്രവത്തകസമിതി അംഗങ്ങളായി ഒൻപതു പേരെ തെരഞ്ഞെടുക്കുകയും ശ്രീ. വേലായുധൻ നായർ, ശ്രീ. ഏ. നാരായണൻവൈദ്യൻ, എന്നിവരെ യഥാക്രമം പ്രസിഡൻറ്, സെക്രട്ടറി, എന്നീ സ്ഥാനങ്ങളിലേക്ക് നിയമിക്കുകയും 12½ മണിയോടുകൂടി യോഗം പര്യവസാനിക്കുകയും ചെയ്തു.

## ശ്രീനാരായണസമാധി സ്മാരകഗ്രന്ഥശാല

പ്രസ്തുത ഗ്രന്ഥശാലയുടെ പതിമൂന്നാമതു വാർഷികയോഗം ഈ മാസം 21-ാം- വൈകുന്നേരം 5-30-ന കാർത്തികതിരുനാൾ ഹൈസ്കൂളിൽവച്ചു് കൊണ്ടാടിയിരിക്കുന്നു.

സമ്മേളനത്തിൽ സംസ്കൃതകോളേജ്പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ള ആദ്ധ്യക്ഷം വഹിച്ചു. ശ്രീ. എസ്. ഗുപ്തൻനായരും ശ്രീ.ററി. കെ. ദിവാകരനും പ്രസംഗിച്ചു.

ഗ്രന്ഥശാല കലാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സ്പോർട്ട്സിലും പ്രസംഗമത്സരം, ഉപന്യാസമത്സരം മുതലായവയിലും വിജയികളായവക്ക് സമ്മാനദാനവും ഉണ്ടായിരുന്നു.

## പഞ്ചായത്തു് മെമ്മോറിയൽ ലൈബ്രറി കോഴാ, കുറവിലങ്ങാട്ട്.

കുറവിലങ്ങാട്ട് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ കോഴായിൽ ടി പേരിൽ ഒരു ലൈബ്രറിയുടെ ഉൽഘാടനം സാഹിത്യതിലകൻ ഷെവലിയർ റവ. സി. കെ. മററം നിർവ്വഹിച്ചു. തുടന്നു നടത്തപ്പെട്ട പബ്ളിക്ക്മീററിംഗിൽ ഫാ. മററം അദ്ധ്യക്ഷം വഹിക്കുകയും വി. കെ. കുര്യൻ ബി. എ. വി. ഒ. സ്കറിയാ ബി. എസ്സി. എന്നിവർ പ്രസംഗിക്കയും ചെയ്തു.

## ദേശീയവായനശാല ഏലൂർ

ഏലൂർ ദേശീയവായനശാലയുടെ ഒരു പൊതുയോഗം 22-9-53-ൽ തിരു-കൊച്ചിഗ്രന്ഥശാലാസംഘം സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടി. പുതിയ പ്രവത്തകസമിതിയെ തിരഞ്ഞെടുത്തു. ശ്രീ. പണിക്കർ പുതിയ വായനശാലാ പ്രവത്തകക്ക് വേണ്ട ഉപദേശങ്ങൾ നൽകിയതിനുശേഷം യോഗം പിരിയുകയും ചെയ്തു.

## ജ: മുഹമ്മത്തു് അബ്ദുറഹ്മാൻ സ്മാരകവായനശാല, എറിയാട്ട്

ഈ വായനശാലയുടെ ഒരു പ്രവത്തകസമിതിയോഗം സെപ്ററംബർ 7-ാംനു- പ്രസിഡണ്ടു് ഡാ: കെ. കെ. മമ്മട്ടിയുടെ അദ്ധ്യക്ഷതയിൽകൂടി. കഴിഞ്ഞമാസത്തെ വരവുചിലവു കണക്കുകളും റിപ്പോർട്ടും അംഗീകരിച്ചതിനു പുറമെ, ലൈബ്രറി കെട്ടിടനിമ്മാണാത്ഥം പോരാതെ വരുന്ന സ്ഥലം അനുവദിച്ചു തരുവാൻ കൊച്ചി ദേവസ്വം ബോർഡിനോടപേക്ഷിച്ചുകൊണ്ടുള്ളൊരു പ്രമേയവും പാസ്സാക്കുകയുണ്ടായി.

പ്രസ്തുതവായനശാലയുടെ മന്ദിരനിമ്മാണത്തിനു സംഭാവന അഭ്യത്ഥിച്ചുകൊണ്ടു്, ബിൽഡിംഗ് കമ്മിററി പ്രസിഡൻറ് ശ്രീ. മണപ്പാട്ടു പി. മുഹമ്മദുഹാജി എക്സ് എം. എൽ. സി. മുതൽപേർ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. സംഭാവന നല്കുവാൻ ഉദ്ദേശിക്കുന്ന ഉദാരമതികൾ "ഡാക്ടർ. കെ. കെ. മമ്മട്ടി എറിയാട്ട്, കൊടുങ്ങല്ലൂർ" എന്നു മേൽവിലാസത്തിൽ തുകകൾ അയച്ചുകൊടുക്കേണ്ടതാണ്.

## സെൻറ് തോമസ് വായനശാല പുത്തനങ്ങാടി, കോട്ടയം.

സെൻറ് തോമസ് വായനശാലയുടെ ഇരുപത്തൊന്നാമതു വാർഷികയോഗം 1953 സെപ്റ്റംബർ 13-ാംനു- ശ്രീ. ഇ. കെ. അലക്സാണ്ടരുടെ അദ്ധ്യക്ഷതയിൽ കൂടി. പുതിയ വർഷത്തേക്കു മെ. എം. എം. പുന്നാൻ (പ്രസിഡണ്ടു്) റി. പി. പീലിപ്പോസ് (വൈസ്പ്രസിഡണ്ടു്) കെ. വി. വറുഗീസ് (സെക്രട്ടറി) സി. ഐ എബ്രഹാം (ജോയിൻറ് സെക്രട്ടറി) എ. എം. കോര, ഇ. കെ. അലക്സാണ്ടർ, എം. പി. എബ്രഹാം, പി. ഐ. കുര്യൻ, സി. ജെ. കോര, ഇ. വി. ജോൺ, കെ. കെ. തോമസ് എന്നിവരുൾപ്പെട്ട ഒരു പ്രവർത്തക സമിതിയെയും തെരഞ്ഞെടുത്തു.

## ദേശാഭിവർദ്ധിനി ഗ്രന്ഥശാല കുഴിക്കാലാ

പ്രസ്തുത വായനശാലയുടെ 1953–54ലെ ഭരണസമിതി അംഗങ്ങളായി മെസ്സേഴ്സ് സി. കെ. തോമസ്സ് (പ്രസിഡൻറ്) പി. കെ. ചെറിയാൻ (വൈസ് പ്രസിഡൻറ്) ജോർജ്ജ് തോമസ് (സെക്രട്ടറി) സി. എസ്. മാത്യു (ഖജാൻജി) എം. ജി. മാത്യു (ലൈബ്രേറിയൻ) സി. എം. മാത്യു എൻ. ജെ. ജോസഫ്, കെ. ജോസഫ് കോശി, ജോർജ്ജ് മാത്യു, എൻ. കെ. കോശി, പി. എം. ഈശോ എന്നിവരെ തിരഞ്ഞെടുത്തു.

## ജനതാലൈബ്രറി ചെന്നിത്തല

ഈ വായനശാലയുടെ 1953 54ലെ ഭരണസമിതി അംഗങ്ങളായി മെസ്സേഴ്സ്: വി. അച്ചുതൻപിള്ള. (പ്രസിഡൻറ്) കെ, എസ്സ്. അച്ചുതൻപിള്ള ഈ. രാമകൃഷ്ണൻനായർ (ഖജാൻജി) എസ്സ്. വാസുദേവൻനായർ (സെക്രട്ടറി) എസ്സ്. രാമകൃഷ്ണൻനായർ എം. ഈ. നാരായണൻ നമ്പൂതിരി. (ഖജാൻജി) വൈ. ഇടിക്കുള എൻ. വാസുദേവൻനായർ കെ. എൻ. ഗോപാലൻനായർ എസ്സ്. മാധവൻനായർ ആർ. രാമകൃഷ്ണൻനായർ ലൈബ്രേറിയൻ, എന്നിവരെ തെരഞ്ഞെടുത്തു.

## പബ്ലിക്ക് ലൈബ്രറി & റീഡിങ്ങ് റൂം, തിരുവഞ്ചൂർ

ഈ ലൈബ്രറിയുടെ ഭാരവാഹികളായി ശ്രീ. വി. ഇ. എബ്രഹാം B Sc. പ്രസിഡണ്ടയും, കെ. കെ. ബാലകൃഷ്ണൻനായർ സെക്രട്ടറിയായും, സി. സി. വർക്കി ജോയിൻറ് സെക്രട്ടറിയായും ഉള്ള ഒൻപതു പേരടങ്ങിയ ഒരു ഭരണസമിതി രൂപീകരിച്ചു പ്രവർത്തനം നടത്തിവരുന്നു.

## കണിയാപുരം Y. M. H. A. ഗ്രന്ഥശാല

ഒരു വിശേഷാൽ പൊതുയോഗം 18-9-53 ശ്രീ. M. കൃഷ്ണപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. പതിനൊന്നുപേരടങ്ങിയ ഒരു കമ്മിററിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഗ്രന്ഥശാല സെക്രട്ടറിയായി ശ്രീ. R. കൃഷ്ണൻകുട്ടിനായരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. കമ്മിററിയംഗങ്ങളായി മെസ്സേഴ്സ് N. ലക്ഷ്മണൻ വൈദ്യൻ, K. ശശിധരൻനായർ N. ശിവാനന്ദൻ R. ഉണ്ണികൃഷ്ണൻനായർ, A. കൃഷ്ണൻ, V. ശങ്കരൻ, P. കൃഷ്ണപിള്ള N. P. അച്ചുതൻനായർ എന്നിവരെയാണു തെരഞ്ഞെടുത്തത്. ഗ്രന്ഥശാലാക്കെട്ടിട നിർമ്മാണത്തിൻെറ ചുമതല വഹിക്കുന്നതിനായി ശ്രീ. N. P. ശിവശങ്കരൻനായരെ നിർദ്ദേശിക്കുകയും, പണപ്പിരിവു നടത്തുന്നതിനു് നിലവിലുള്ള കമ്മിററിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

## ഗ്രാമസ്വരാജ് പബ്ലിക്ക് ലൈബ്രറി, കടയനിക്കാട്ട്.

പ്രസ്തുതവായനശാലയുടെ ഒരു പൊതുയോഗം 27-9-53 ഞായറാഴ്ച പകൽ പത്തുമണിക്കു് വായനശാലാഹാളിൽവച്ചു് ശ്രീ. കെ. കെ. അബ്രഹാം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. വരവു ചെലവുകണക്കും. റിപ്പോർട്ടും അംഗീകരിക്കുകയും ആ വർഷത്തേക്കു് ശ്രീ. പി. കെ. ഭാസ്കരൻപിള്ള പ്രസിഡൻറായും ശ്രീ. എം. സി. ഫിലിപ്പ് സെക്രട്ടറിയായും പതിനൊന്നു പേരടങ്ങിയ പ്രവർത്തക സമിതിയേ തെരഞ്ഞെടുക്കയും ചെയ്തു.

## തട്ടയ്ക്കാട്ട് ഗാന്ധിമെമ്മോറിയൽ വായനശാല,

തട്ടയ്ക്കാട്ട് ഗാന്ധിമെമ്മോറിയൽ വായനശാലയുടെയും, "കോയിപ്രം തട്ടയ്ക്കാട്ട് ഗ്രാമീണ Y. M. B. H. യുടെ ആഭിമുഖ്യത്തിൽ ഒരു സംയുക്ത സമ്മേളനം 25-9-53 ൽ സി. കെ. മത്തായി B. A., B. L. ന്റെ അദ്ധ്യക്ഷതയിൽ സമാരംഭിച്ചു. പുതിയ കമ്മിററി അംഗങ്ങളായി മെസ്സേഴ്സ്, സി. കെ. മത്തായി B. A. B. L., കെ. എൻ. കൃഷ്ണൻനായർ, സി. എൻ. നീലകണ്ഠപ്പിള്ള, കെ. വി. ദാനിയേൽ, ഏ. ജോൺമാത്യു, എം. റി. മാമ്മൻ; സി. കെ. രാഘവൻപിള്ള, എം. ഉണ്ണികൃഷ്ണപ്പണിക്കർ, മാത്തൻയോഹന്നാൻ എന്നിവരെ തെരഞ്ഞെടുത്തു. കമ്മററി അംഗങ്ങളിൽനിന്നും സെക്രട്ടറിയായി മി. ഏ. ജോൺ മാത്യുവിനെയും, പ്രസിഡണ്ടായി മി. കെ. എൻ. കൃഷ്ണൻനായരെയും, വൈസ് പ്രസിഡണ്ടായി മി. സി. കെ. മത്തായി B. A. B. L. നെയും തെരഞ്ഞെടുത്തു.

## മഹാത്മാഗാന്ധിസ്മാരകഗ്രന്ഥശാല പൂവച്ചൽ

ഈ ഗ്രശാലയുടെ ഒരു പൊതുയോഗം പ്രസിഡണ്ട ശ്രീ. വി. കേശവൻനായർ അവകളുടെ അദ്ധ്യക്ഷതയിൽ 37-9-53ൽകൂടി. ശ്രീ. വി. കേശവൻനായർ പ്രസിഡണ്ടായും കെ. പപ്പുക്കുട്ടി സെക്രട്ടറിയായും പി. നീലകണ്ഠപ്പിള്ള ഖജാൻജിയായും 12 പേർ ഉൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഗ്രന്ഥശാലാ കെട്ടിടത്തിന്റെ ബാക്കി ജോലികൾക്കായി അംഗങ്ങൾ, 200 രൂപയോളം വാഗ്ദാനം ചെയ്തു.

## പവിത്രേശ്വരം 478-ാം നമ്പർ മഹാത്മജി സ്മാരകവായനശാല.

ഈ സ്ഥാപനത്തിന്റെ അഞ്ചാമത്തു വാർഷികം 1953 അക്ടോബർ 2-ാംനു- ശ്രീ. C. S. വാര്യർ അവർകൾ M. A. L. L. B. യുടെ അദ്ധ്യക്ഷതയിൽ പുതിയ വായനശാലാഹാളിൽവച്ചു നടന്നിരിക്കുന്നു. യോഗത്തിൽ ശ്രീ. N. ദാമോദരൻ ശ്രീ. C. G. കുമാരൻവൈദ്യൻ എന്നിവർ ഓരോ പ്രസംഗം ചെയ്തു. അടുത്തവർഷത്തേക്ക് ശ്രീ. C. S. വാര്യർ അവർകൾ പ്രസിഡൻറായും ശ്രീ. C. ഉണ്ണുണ്ണി സെക്രട്ടറിയായും 11 പേരടങ്ങിയ ഒരു ഭരണസമിതിയെ തെരഞ്ഞെടുത്ത ശേഷം യോഗം സമംഗളം പര്യവസാനിച്ചു.

## ദേശസേവിനി റീഡിംഗ്റൂം & ലൈബ്രറി, ശ്രീകാര്യം

പ്രസ്തുത ഗ്രന്ഥശാലയുടെ മൂന്നാമത് വാർഷികം അക്ടോബർ 4-ാം നു- ശ്രീ. ഇടയാറന്മുള കെ. എം: വർഗ്ഗീസ് ബി. എ. എൽ. റി. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ ആർ. ഗംഗാധരൻപിള്ള ബി. എ. സദസ്യർക്ക് സ്വാഗതമരുളുകയും അദ്ധ്യക്ഷന്റെ ഉപസംഹാരത്തിനു ശേഷം യോഗം 7 മണിക്ക് അവസാനിക്കുകയും ചെയ്തു.

---

## ലൈബ്രറിഗ്രാൻറ് പരിശോധന

ഗ്രഡേഷൻ കമ്മിററിയുടെ സഞ്ചാര പരിപാടി താഴെ ചേർക്കുന്ന പ്രകാരമാണ്.

| തീയതി | താലൂക്ക് |
|---|---|
| 1953 നവംബർ | |
| 14—15 | ചേർത്തല. |
| 16—17 | അമ്പലപ്പുഴ |
| 18—19 | കാർത്തികപ്പള്ളി |
| 20—21 | മാവേലിക്കര |
| 22—23 | തിരുവല്ല |
| 24—25 | ചങ്ങനാശേരി-പീരുമേട് |
| 26—27 | കോട്ടയം |
| 28—29 | വൈക്കം |
| 30—ഡിസംബർ 1 | കുന്നത്തുനാട് |
| 2— 3 | മൂവാററുപുഴ |

## ദി പ്ലാക്കാട്ടു പബ്ളിക് ലൈബ്രറി No. 590

ഈ ലൈബ്രറിയുടെ ഒരു വിശേഷാൽപൊതുയോഗം സ്ഥിരം പ്രസിഡൻറു ശ്രീ. കെ. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ 4-10-53-ൽ കൂടി. ഭരണസമിതിയിലേക്കു താഴെപ്പറയുന്നവരെ തിരഞ്ഞെടുത്തു. അനന്തരം 7 മണിക്കു് യോഗം സമംഗളം അവസാനിച്ചു.

ഭരണസമിതിയുടെ പേരുവിവരം

1. എം. കെ. പരമേശ്വരൻപിള്ള (പ്രസിഡൻറ്) 2. എം. കെ. ചന്ദ്രസേനൻ (സെക്രട്ടറി) 3. പി. അയ്യപ്പൻ നായർ (ജോയിൻറു സെക്രട്ടറി) 4. ഏ. സച്ചിദാനന്ദൻപിള്ള (ഖജാൻജി) 5. കെ. അയ്യപ്പൻപിള്ള 6. വി. ജനാർദ്ദനൻനായർ 7. എസ്. കെ. ശിവശങ്കരപ്പിള്ള 9. എൻ. സദാനന്ദൻആചാരി

## യുവഭൂഷണ സർക്കാർ റൂറൽലൈബ്രറി പച്ചാളം

വായനശാലയുടെ 16-ാമതു വാർഷികസമ്മേളനം ഈ മാസം 23-ാംനു- ഞായറാഴ്ച വൈകുന്നേരം 5 മണിക്കു് ശ്രീ ടി. കെ. സി. വട്ടതലയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടിരുന്നു. സമ്മേളനം ഉൽഘാടനം ചെയ്തതു് ശ്രീ പി. വി. കൃഷ്ണൻനായർ എം. എ. ആണു്. അദ്ധ്യക്ഷനും, ഉൽഘാടകനും, പ്രാസംഗികന്മാരായ മെസ്സേഴ്സ് ടാറാപുരം സുകുമാരൻ, നൈനാൻ, പി. ഗംഗാധരൻ എന്നിവരും, പ്രസംഗിച്ചു. വായനശാലയുടെ റിപ്പോർട്ടും രണ്ടു പ്രമേയങ്ങളും സമ്മേളനത്തിൽ പാസ്സാക്കുകയുണ്ടായി.

## പുന്തലത്താഴം വൈ. എം. സി. എ. വായനശാല

ഈ വായനശാലയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം 24-8-53 ലൈബ്രറി ഓർഗനൈസ്സിംഗ് ഇൻസ്പെക്ടർ ശ്രീ എം. എ. വർഗ്ഗീസു പണിക്കർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റിപ്പോർട്ടു് പാസ്സാക്കി. അടിയിൽ പേരുപറയുന്ന ഏഴുപേരടങ്ങിയ ഒരു കമ്മററിയെ സാഹിത്യസമാജത്തിൻെറ പുതിയ ഭരണസമിതിയായി തെരഞ്ഞെടുത്തു.

1. മെ: പി. വി. ഗോപാലപിള്ള ബി. എ. (പ്രസിഡൻറ്) 2. എൻ. ശങ്കരൻ (സെക്രട്ടറി) 3. രാമചന്ദ്രൻപിള്ള (ജായിൻറുസെക്രട്ടറി) 4. പി. ചെല്ലപ്പൻപിള്ള 5. കെ. എൻ. ഭാസ്കരൻപിള്ള 6. കെ. ഭരതൻ 7. വി. രാഘവൻപിള്ള.

## 432 തൃക്കടവൂർ സാഹിത്യസമാജം ഗ്രന്ഥശാല

ഗ്രന്ഥശാലാസംഘത്തിൻെറ ശുപാശപ്രകാരം ഗവർമ്മെൻറിൽനിന്നും തൃക്കടവൂർസാഹിത്യസമാജം ഗ്രന്ഥശാലയ്ക്കു കുത്തകപ്പാട്ടത്തിനു തന്നിട്ടുള്ള സ്ഥലത്തു് ആഗസ്റ്റ് 25-ാം നു- ഗ്രന്ഥശാലാമന്ദിരത്തിൻെറ ശിലാസ്ഥാപനകർമ്മം ശ്രീ കെ. നാരായണപിള്ള ബി. എ. നിർവ്വഹിച്ചിരിക്കുന്നു.

## യുവജനസമാജം റീഡിംഗ്റൂം & ലൈബ്രറി, ഗൗരീശപട്ടം.

പ്രസ്തുത ഗ്രന്ഥശാലയുടെ എട്ടാമതു വാർഷികപൊതുയോഗം 25-8-53നു് വായനശാലാഹാളിൽവച്ചു് ശ്രീ സി. ആർ. ദാസിൻെറ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത വർഷത്തേയ്ക്കു് ശ്രീ സി. ആർ. ദാസ് പ്രസിഡൻറ് ശ്രീ പി. കെ. കൊച്ചുപിള്ള മുതലാളി സെക്രട്ടറി, ശ്രീ ആർ. നാരായണൻ നായർ ജോയിൻറ്സെക്രട്ടറി. ശ്രീ എം. അപ്പുക്കുട്ടൻ ഖജാൻജി, കൌൺസിലർ ശ്രീ ആർ. പരമേശ്വരൻപിള്ള, ശ്രീ എസ്. വാസുദേവൻ, ശ്രീ ഡി. ജേക്കബ്, ശ്രീ പി. കുട്ടൻ എന്നിവർ അടങ്ങിയ ഒരു ഭരണസമിതിയെ തിരഞ്ഞെടുത്തു. വൈകുന്നേരം സ്പീക്കർ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടിയ പൊതുയോഗത്തിൽ മുൻമന്ത്രി ശ്രീ ജീ. ചന്ദ്രശേഖരപിള്ള, ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ പി. എൻ. പണിക്കർ മുതലായവർ പ്രസംഗിക്കുകയുമുണ്ടായി.

## അംഗഗ്രന്ഥശാലകൾ (തുടർച്ച)

1480—ദേശീയവായനശാല, നെച്ചിപ്പുഴൂർ, പാലാ.
1481—പബ്ളിക്കലൈബ്രറി & റീഡിംഗ്റൂം, ശാസ്താംകോട്ട.
1482—സക്കാർ ഗ്രാമീണ വായനശാല, തെക്കുംഭാഗം, തൃപ്പൂണിത്തുറ.
1483—പണ്ഡിററ്കറുപ്പൻസ്മാരകവായനശാല, ആനാപ്പുഴ, കൊടുങ്ങല്ലൂർ.
1484—പബ്ളിക്കലൈബ്രറി & റീഡിംഗ്റൂം, കൊടുങ്ങല്ലൂർ.
1485—വില്ലേജ്ലൈബ്രറി & റീഡിംഗ്റൂം, നെല്ലുവായ
1486—സാഹോദര്യപ്രദർശിനിവായനശാല, പാലാരിവട്ടം.
1487—വില്ലേജ്ലൈബ്രറി & റീഡിംഗ്റൂം, ഇളംകുളം, എറണാകുളം.
1488—പി. കെ. എം. വായനശാല, ചേരാനെല്ലൂർ, തെക്കൻചിററൂർ.
1489—വില്ലേജ്ലൈബ്രറി & റീഡിംഗ്റൂം, മലയാററൂർ., via-കാലടി.
1490—ദേശീയറീഡിംഗ്റൂം & ലൈബ്രറി, ആളൂർ (കൽചുളം)
1491—മുൻസിപ്പൽ ലൈബ്രറി, കൊല്ലം.
1492—മഹാത്മഗാന്ധിമെമ്മോറിയൽ ലൈബ്രറി, കിടങ്ങൂർ.
1493—പബ്ളക്കലൈബ്രറി, പിണ്ടിമന, തൃക്കാരിയൂർ.
1494—ദി പാഴൂർ വില്ലേജ്യൂണിയൻലൈബ്രറി, പിറവം.
1495—ഗ്രാമീണവായനശാല, ചെറിയകടവ്, കണ്ണമാലി.
1496—പി. കെ. എം. വായനശാല, എടക്കൊച്ചി.
1497—ഗ്രാമീണവായനശാല, പുതിയേടം, കാഞ്ഞൂർ.
1498—സഹൃദയവായനശാല, കലൂർ, എറണാകുളം.
1499—പബ്ളിക്ലൈബ്രറി & റീഡിംഗ്റൂം, മഴവന്നൂർ.
1500—ഗ്രാമദീപം ലൈബ്രറി, വടക്കേമഴുവന്നൂർ, മഴുവന്നൂർ.
1501—യുവജനസംഘം വായനശാല, ചിററണ്ട.
1502—ഗ്രാമീണവായനശാല, ചുണ്ടൽ.
1503—വിജ്ഞാനോദയംവായനശാല, കററൂർ (തൃശ്ശൂർ)
1504—ടാഗോർ വായനശാല, പൊറത്തിശ്ശേരി, ഇരിങ്ങാലക്കുട.
1505—ദേശാഭിവൃദ്ധിക്ലബ്ബ് ലൈബ്രറി & റീഡിംഗ്റൂം, വടക്കുംകര.

## അംഗത്വം റദ്ദുചെയ്ത വായനശാലകൾ (തുടർച്ച)

11 ഗ്രാമീണലൈബ്രറി, തായംകരി, ചമ്പക്കുളം.
261—യുവജന ഹൈന്ദവസമാജം ഗ്രന്ഥശാല, കളർകോട്, ആലപ്പുഴ.
262—പബ്ളിക്കലൈബ്രറി, പുളിങ്കുന്ന്.
487—മഹാത്മജിസ്മാരകഗ്രന്ഥശാല, കരുമാടി, തകഴി.
733—എം. കെ. മാത്യുമെമ്മോറിയൽ വായനശാല, പുന്നക്കനാത്തുശ്ശേരി, പുളിങ്കുന്ന്.
273—ദി പീപ്പിൾസ്ലൈബ്രറി, തോട്ടപ്പള്ളി.
676—ശ്രീശങ്കരൻതമ്പി മെമ്മോറിയൽ ലൈബ്രറി, ചവറ,
249—യുണൈറഡ് കേരളാലൈബ്രറി, അമ്പാറ, ഭരണങ്ങാനം.
329—മഹാത്മാലൈബ്രറി & റീഡിംഗ്റൂം, രാമപുരം, മീനച്ചിൽ.
459—യുണൈറഡ് കേരളാലൈബ്രറി, ഭരണങ്ങാനം.
904—കാരിച്ചാൽ ഗ്രന്ഥശാല, ഹരിപ്പാട്.
972—ഹൃദയപ്രകാശിനി വായനശാല, തോട്ടകം, വൈക്കം.
884—പൊതുജനവായശാല, ഉദയംപേരൂർ.
832—സെൻറ്ഫ്രാൻസിസ് പബ്ളിക്കലൈബ്രറിപാമ്പ്രം, കട്ടുത്തുരുത്തി.
221—യങ്മെൻസ്സ്ററൽലൈബ്രറി, മുത്തേടത്തുകാവ്, വൈക്കം.

## നാഷനൽ ബുക്ക്സ്റ്റാളിന്റെ
# കാററലോഗ്

### ഉള്ളടക്കം

(ഒന്നാംഭാഗം 1 മുതൽ 90 വരെ പേജുകൾ)

350 എൻ. ബി എസ്. പ്രസിദ്ധീകരണങ്ങളുടെ പൂർണ്ണമായ വിവരണം.

(രണ്ടാംഭാഗം—91 മുതൽ 154 വരെ പേജുകൾ)

കേരളവർമ്മക്കാലംമുതൽ ഇന്നുവരെയുള്ള 262 ഗ്രന്ഥകാരന്മാരുടെ കൃതികൾ ഇനം തിരിച്ച്.

(മൂന്നാംഭാഗം—155 മുതൽ 274 പേജുകൾ)

നോവൽ, കഥ, നാടകം, സാഹിത്യനിരൂപണം, ഭാഷാസാഹിത്യചരിത്രം, ഭാഷാശാസ്ത്രം, നിഘണ്ടുക്കൾ, സ്മാരകഗ്രന്ഥങ്ങൾ, ഗദ്യകവിതകൾ, ഹാസസാഹിത്യം, ജീവചരിത്രം, ആത്മകഥകളും സ്മരണകളും, തൂലികാചിത്രങ്ങൾ, യാത്രാസ്മരണകൾ, രാഷ്ട്രീയം; ചരിത്രം, ഐതിഹ്യം, സാമാന്യശാസ്ത്രം, തത്വശാസ്ത്രം, വിദ്യാഭ്യാസം, ശില്പശാസ്ത്രം, ഗൂഢശാസ്ത്രം, കൃഷിശാസ്ത്രം, ജന്തുശാസ്ത്രം, ജ്യോതിഷം, ഹസ്തരേഖ പഞ്ചാംഗം, ദാമ്പത്യശാസ്ത്രം, വൈദ്യം, ആരോഗ്യം, പാചകം, മതഗ്രന്ഥങ്ങൾ, ഉപനിഷത്തുകൾ, പുരാണേതിഹാസങ്ങൾ, കാവ്യം, മഹാകാവ്യം, സന്ദേശകാവ്യം, സംപൂർണ്ണകൃതികൾ, ആട്ടക്കഥ, തുള്ളൽ, ചമ്പുക്കൾ, പാട്ടുകൾ, ഖണ്ഡകാവ്യം, കവിതാസമാഹാരങ്ങൾ, ബാലസാഹിത്യം, സാമാന്യവിജ്ഞാനം, പലവക, എന്നീ വിഭാഗങ്ങൾ അകാരാദിക്രമത്തിൽ

280 പേജുള്ള ഈ പുസ്തകവിവരപ്പട്ടിക മലയാളപുസ്തകങ്ങളെപ്പററിയുള്ള ഒരു പ്രമാണഗ്രന്ഥം തന്നെയാണ്. ഇത്ര വിശദവും വിപുലവുമായ ഒരു പുസ്തകവിവരപ്പട്ടിക മലയാളത്തിൽ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിൽ അംഗങ്ങളായ എല്ലാ ഗ്രന്ഥശാലകൾക്കും നവംബർ 15-ാംനു-യോടുകൂടി ഈ കാററലോഗ് ലഭിക്കുന്നതായിരിക്കും. കോളജുകൾക്കും, നാഷനൽ ബുക്ക്സ്റ്റാളുമായി ഇടപാടുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നവംബർ അവസാനത്തിനകം കാററലോഗയയ്ക്കുന്നതാണ്. മററുള്ളവർ ആറണ സ്റ്റാമ്പയച്ച് ആവശ്യപ്പെടുക.

### ബോണസ്

ഗ്രന്ഥശാലകൾക്കുള്ള ബോണസ് (1952 ജൂലൈ-53 ജൂൺ) സംബന്ധിച്ച അറിയിപ്പും ഈ മാസത്തിൽതന്നെ അയയ്ക്കും.

**NATIONAL BOOK STALL**
**POST BOX 40..............................KOTTAYAM.**

(പ്രൊപ്രൈറ്റേഴ്സ്: സാഹിത്യപ്രവർത്തകസഹകരണസംഘം ലിമിറ്റഡ്)

L. No. 592 20-7-'48, Reg. No. T. 189 M. 5864

**THE GRANDHALOKAM**
**Monthly Journal of**
**Trav-Cochin Library Association**
*Managing Editor:*
P. SREEDHARAN PILLAI B. A.

## പരസ്യനിരക്ക്

| | ക. |
|---|---|
| പുറംകവർ മുഴുവൻപേജ് ഒരു തവണക്ക് | 70 |
| രണ്ടാം കവർ പേജ് | 60 |
| മൂന്നാം കവർ പേജ് | 50 |
| വേറെ ഏതെങ്കിലും പേജ് | 40 |
| പകുതിപേജ് | 25 |
| കാൽപേജ് | 15 |
| കാൽപേജിൽ കുറവായാൽ | 10 |

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു കുറഞ്ഞ പ്രത്യേകനിരക്ക്. അതിൻെറ വിവരം എഴുതിച്ചോദിക്കുക.

## ലേഖനങ്ങൾ

കടലാസ്സിൻെറ ഒരു വശത്തുമാത്രം മഷി കൊണ്ടു് എഴുതിയതായിരിക്കണം. അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതിവീതം അയച്ചിരിക്കണം. മാസികയ്ക്കുള്ള അപേക്ഷകൾ, മണിയാർഡറുകൾ, കത്തുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടേ ചേർക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്.

മാനേജിംഗ് എഡിറ്റർ
ഗ്രന്ഥാലോകം
തിരുവനന്തപുരം 4.

Vol. 5, No. 10, Pp. 48, October 1953.

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.